www.malankaralibrary.com

# ബഥനി ശബ്ദം

APRIL 2023

02-06-1998

25 SILVER JUBILEE YEARS OF PROFESSION

02-06-2023











CONGRATULATIONS

www.malankaralibrary.com

















FIRST PROFESSION





www.malankaralibrary.com

# BETHANY SABDAM

No. 130 April 2023

Editorial Board

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

Printed at

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

Published from

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

www.malankaralibrary.com

# ഉൾത്താളുകളിൽ


| | | | |
|---|---|---|---|
| സന്ന്യാസത്തെയേറെ പ്രണയിച്ചുപോയി... | – | ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി. | 4 |
| സ്നേഹപന്ഥാവിലെ സഹയാത്രികൻ... | – | ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി. | 7 |
| ഓർമ്മച്ചെപ്പ് : ജൂബിലി വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം | – | ഫാ. ബെന്നി ജോൺ വെളുന്തറ ഒ.ഐ.സി | 9 |
| സ്മൃതിപഥങ്ങളിലൂടെ | – | ഫാ. ഡാനിയേൽ ജീവൻ ഒ.ഐ.സി. | 13 |
| സംതൃപ്തിയോടും കൃതജ്ഞതയോടും | – | ഫാ. ജോൺ ആലുവിള ഒ. ഐ. സി. | 15 |
| "ഞാൻ സംതൃപ്തനാണ്" – ആലുവിളയച്ചൻ | – | ഫാ. ബെനഡിക്ട് മൂഴിക്കര ഒ. ഐ. സി. | 18 |
| ഉപകാരസ്മരണ | – | ഫാ.തോമസ് പ്രമോദ് ഒ.ഐ.സി. | 21 |
| സംസ്മരണം | – | ഫാ. ഗീവർഗീസ് ബർസൗമോ ഒ.ഐ.സി. | 22 |
| പ്രകാശപൂരിതം വാഗ്ദാനവഴി | – | ഫാ. ഏബ്രഹാം ചിറത്തലയ്ക്കൽ ഒ.ഐ.സി. | 24 |
| കർമ്മകുശലനായ ചിറത്തലക്കലച്ചൻ | – | ഫാ. തോമസ് പ്രശോഭ് ഒ.ഐ.സി | 25 |
| നാഥാ നിനക്കു നന്ദി | – | ഫാ. മാത്യൂസ് സി. അഗസ്റ്റിൻ ഒ.ഐ.സി. | 27 |
| സന്ന്യാസത്തിന്റെ ആനന്ദത്തിന് സാക്ഷ്യം നൽകുന്ന അഗസ്റ്റിൻ അച്ചൻ | – | ഫാ. സാജൻ തോമസ് ഒ.ഐ.സി. | 28 |
| എല്ലാം നിന്റെ ദാനം | – | ഫാ. ജെയിംസ് ഇല്ലിത്തറയിൽ ഒ.ഐ.സി. | 30 |
| പുരോഹിതനും ഗുരുവുമായ ജെയിംസ് അച്ചൻ | – | ഫാ. സജി സൈമൺ ഒ.ഐ.സി. | 33 |
| നന്ദി ദൈവമേ | – | ഫാ. ജോസഫ് മേനാക്കളീക്കൽ ഒ.ഐ.സി. | 36 |
| വിളിയോടു വിശ്വസ്തൻ | – | ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി. | 37 |
| കൂപ്പുകരങ്ങളോടെ | – | ഫാ. യേശുദാസ് ഒ.ഐ.സി. | 39 |
| Fr. Yesudas: an extraordinarily ordinary person | - | John Christopher OIC | 41 |
| ബഥാന്യൻ പാരമ്പര്യത്തിലൂടെ (3) | - | ഫാ. മത്തായി കടവിൽ ഒ.ഐ.സി. | 44 |
| സിനഡാത്മക അജപാലനം: നൂതനമാർഗങ്ങൾ | – | ഫാ. മനു വർഗീസ് ഒ.ഐ.സി. | 58 |
| പാപിനി കഥ പറയുന്നു | – | ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി. | 63 |
| ബഥനിയുടെ ഗുരുശ്രേഷ്ഠൻ... | – | ഫാ. ജോൺ ബോസ്കോ കുറ്റിയിൽ ഒ.ഐ.സി. | 67 |
| ഉടപ്പിറപ്പ് | – | ബ്ര. സിജോ അലോഷ്യസ് | 68 |
| വിണ്ണിലെ മാലാഖ | – | ബ്ര. ജിജോ ജെ.എസ്. | 70 |
| ബഥനി വാർത്തകൾ | – | | 72 |
| പരിണാമം | – | ഫാ. ജോസഫ് മേനാക്കളീക്കൽ ഒ.ഐ.സി. | 79 |

www.malankaralibrary.com

# എഡിറ്റോറിയൽ

1997–'98 വർഷം അശോകപുരത്തുള്ള തപോവനം നോവിഷ്യേറ്റ് മന്ദിരത്തിൽവച്ച് നോവിഷ്യേറ്റ് ഗുരു അച്ചനായ തോമസ് റെജി അച്ചന്റെ കീഴിൽ ഒരു വർഷ നവശിഷ്യ പരിശീലനം പൂർത്തീകരിച്ച് 1998 ജൂൺ മാസം 2–ാം തീയതി ആദ്യവ്രതവാഗ്ദാനം ചെയ്ത ഒമ്പതു പേരുടെ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ഈ വർഷം സമാപിക്കുകയാണ്. ബഥനി സന്ന്യാസി സമൂഹാംഗങ്ങളായ ഈ ഒമ്പതു ജൂബിലേറിയൻസ് സഭയ്ക്കു ചെയ്ത നന്മകളെ അനുസ്മരിച്ചും സമൂഹാംഗങ്ങൾ ഇവരെ അഭിനന്ദിച്ചും ആദരിച്ചും തയ്യാറാക്കിയതാണ് ബഥനിശബ്ദത്തിന്റെ ഈ ലക്കം. ജൂബിലേറിയൻസിന് എല്ലാ ഭാവുകങ്ങളും പ്രാർത്ഥനകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

പഴയ നിയമത്തിലെ ലേവ്യരുടെ പുസ്തകം 25–ാം അദ്ധ്യായത്തിൽ ജൂബിലിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. കാർഷിക സാമൂഹിക കാലഘട്ടത്തിൽ രൂപപ്പെട്ട പുസ്തകമായതിനാൽ സ്വത്തിനെക്കുറിച്ചും അയൽക്കാരനോടുള്ള ബന്ധത്തെക്കുറിച്ചും സ്വാതന്ത്ര്യക്കുറിച്ചുമാണ് പ്രധാനമായി ഈ അദ്ധ്യായത്തിൽ നാം വായിക്കുന്നത്. "ജൂബിലിയുടെ ഈ വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശ സ്ഥലത്തേക്ക് തിരികെ പോകണം" (ലേവ്യ.25:13). ജൂബിലിയുടെ വർഷത്തിൽ ബഥനി സന്ന്യാസ വൈദികരായ ജൂബിലേറിയൻസ് അവരുടെ അവകാശ സ്ഥാനത്തേക്കുള്ള ആത്മീയ തീർത്ഥാടനം നടത്തിക്കാണുമല്ലോ. ഒരു ബഥനി സന്ന്യാസിയുടെ അവകാശവും ആശ്രയവും ദൈവമാണ്. വ്രതത്രയങ്ങളിലൂടെയാണ് ഒരു സന്ന്യാസി ദൈവത്തെ സമ്പാദിക്കുന്നത്. വ്രതത്രയങ്ങൾ വഴി സന്ന്യാസി ദൈവത്തിന് തന്നെത്തന്നെ സമർപ്പിക്കുന്നു. ഈ സമർപ്പണം - സമ്പൂർണ്ണമായ കീഴടങ്ങൽ - സന്ന്യാസ വ്രതങ്ങളുടെ സത്തയാണ് (വി.നി.79).

വ്രതവാഗ്ദാന സമയത്ത് എന്നെ മുഴുവനായി ദഹനബലിയായി അങ്ങേയ്ക്ക് സമർപ്പിക്കുന്നു എന്നാണ് അർത്ഥി പരസ്യമായി പ്രഖ്യാപിക്കുന്നത്. ഒരു സന്ന്യാസ ആയുസ് മുഴുവനും തന്റെ ആത്മവിശുദ്ധീകരണത്തിനും ദൈവജനസേവനത്തിനുമായി ദിനംപ്രതി ദഹനബലിയായി അർപ്പിക്കുവാൻ സന്ന്യാസിക്ക് കഴിയണം. ഇതാണ് സമ്പൂർണ്ണമായ സമർപ്പണം. ആദ്യവ്രതവാഗ്ദാനത്തിന്റെ വിശുദ്ധിയിലേക്കുള്ള മടക്കയാത്രയുടെ സമയമാണ് ജൂബിലി ആഘോഷം. അവനവനിസം പൂർണ്ണമായി എടുത്തുമാറ്റുന്ന അനുസരണവ്രതവും അപരനിസത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ തടസമാകുന്ന വേലിക്കെട്ടുകളെ പൊട്ടിച്ചെറിയുവാൻ പ്രാപ്തമാക്കുന്ന ദാരിദ്ര്യവ്രതവും ഈശ്വരനിസം മാത്രം സത്വമാക്കുവാൻ സഹായിക്കുന്ന ബ്രഹ്മചര്യവ്രതവും ആത്മീയമായി നവീകരിച്ച് കൂടുതൽ ഊർജ്ജത്തോടും തേജസ്സോടും ശുശ്രൂഷ ചെയ്യുവാനും ദൈവീകശക്തിയാൽ നിറയുവാനും വേണ്ടി മാറ്റിവയ്ക്കേണ്ട വർഷമാണ് ജൂബിലി വർഷം.

ജൂബിലേറിയൻസിന് ബഥനി സന്ന്യാസി സമൂഹാംഗങ്ങളുടെ ജൂബിലി മംഗളങ്ങൾ!

സ്നേഹത്തോടെ

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

www.malankaralibrary.com

# സന്ന്യാസത്തെയേറെ പ്രണയിച്ചുപോയി...

ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.

ഒരിക്കൽ, 'യേശുനാഥൻ' ഗലീലി കടൽത്തീരത്തുകൂടി നടന്ന അവസരത്തിൽ 'ശിമയോൻ' എന്ന ഒരു മനുഷ്യനെ കണ്ടുമുട്ടി. "എന്റെ കൂടെ വരുന്നോ?" എന്ന് ചോദിച്ചു. ഉടനെ, അവൻ ഒന്നും ആലോചിക്കാതെ തന്റെ സമ്പാദ്യവും, സ്വപ്നങ്ങളുമെല്ലാം അവിടെ ഉപേക്ഷിച്ച് ഗുരുവിന്റെ പിന്നാലെ പോയി. ആ യാത്ര ഗുരുവിനോടുള്ള പ്രണയമായി മാറി. തന്റെ ചക്രവാളം വെടിഞ്ഞ് യാത്രയായെങ്കിലും പലപ്പോഴും ഗുരുവിനോടുള്ള പ്രണയത്തിൽ ശിമയോൻ കാലിടറി വീണു. പരിചാരികയായ ഒരു സ്ത്രീയുടെ മുമ്പിൽവച്ച് ശിമയോൻ ഗുരുവിനെ നിഷേധിച്ചു സംസാരിച്ചു. ഗുരുവിന്റെ കാലടികളെ പിന്തുടർന്ന ശിമയോൻ എവിടെയൊക്കെയോ വഴിമാറി സഞ്ചരിച്ചു. ഗുരുവിന്റെ യാത്രാവഴികൾ പ്രയാസങ്ങളാൽ ഇടുങ്ങിയവയായിരുന്നു. വിശാല വീഥികളുടെ സുഖങ്ങൾ ഇടവേളകളിൽ ശിമയോനെ ആകർഷിച്ചിരുന്നു. അപ്പോഴൊക്കെ ശിമയോൻ ലക്ഷ്യം തെറ്റിയതുപോലെ, താളം നഷ്ടപ്പെട്ടതുപോലെ യാത്ര ചെയ്തു. ആ യാത്ര വീണ്ടും കടൽത്തീരത്ത് എത്തിച്ചു അയാളെ. ഗുരുവിനൊപ്പം യാത്ര തുടങ്ങവെ ഉപേക്ഷിച്ചവയൊക്കെ വലയും വള്ളവും അയാൾ തിരികെ എടുത്തു. എന്നാൽ ഗുരു തള്ളിപ്പറഞ്ഞവനെ തള്ളിക്കളയാതെ തന്റെ ചങ്കോടു ചേർത്തു നിർത്തി. എന്നിട്ട് ഒരു ചോദ്യം ഗുരു ശിമയോനോട് ചോദിച്ചു, "ഇവയേക്കാളധികമായി നിനക്കെന്നെ പ്രണയിക്കാൻ കഴിയുമോ?" ഒന്നല്ല മൂന്നു പ്രാവശ്യം ഗുരു ചോദ്യം ആവർത്തിച്ചു. ഒടുവിൽ പൊട്ടിക്കരഞ്ഞുകൊണ്ട് ശിമയോൻ ഗുരുവിനോടുള്ള പ്രണയം സമ്മതിച്ചു. ഹൃദയത്തിൽ തളം കെട്ടി നിന്ന് തള്ളിപ്പറഞ്ഞതിന്റെ വേദന രോദനമായി മാറി. വിരഹ വേദനയെന്തെന്ന് ശിമയോൻ അന്നു തിരിച്ചറിഞ്ഞു. പിന്നീട് അവൻ ഗുരുവിനെ യഥാർത്ഥത്തിൽ പ്രണയിക്കാൻ തുടങ്ങി. അതൊരു പ്രയാണമായി, തിരിച്ചറിവായി, ആത്മനിറവായി. അങ്ങനെ, കുരിശിനെ പോലും പ്രണയിക്കാൻ അവൻ പ്രാപ്തനായി.

സന്ന്യാസ ജീവിതത്തിലേക്ക് ഇറങ്ങി തിരിക്കുമ്പോൾ, പ്രണയം, അനുഗമിക്കൽ ഇതിനെക്കുറിച്ചൊന്നും വലിയ ബോദ്ധ്യമുണ്ടായിരുന്നില്ല. എങ്കിലും, അതിനുള്ള ഒരു അനുഗ്രഹം എവിടെയോ ഉണ്ടായിരുന്നു. പിന്നീട് അത് പതുക്കെ, പതുക്കെ വളരാൻ തുടങ്ങി. ആ വളർച്ച സന്ന്യാസത്തെ പ്രണയിക്കാനുള്ള മോഹമായി. ആ മോഹം മനസ്സിനെയും ശരീരത്തെയും കീഴടക്കി. എങ്കിലും, ശിമയോനെപ്പോലെ ഗുരുവിന്റെ മുമ്പിൽ പലപ്പോഴും പതറിപ്പോയി. ഗുരുവിന്റെ ചോദ്യങ്ങൾക്ക്, നോട്ടത്തിന് ഉത്തരം നൽകാനാകാതെ മൗനമായി നിൽക്കേണ്ടി വന്നു. യവന സൗന്ദര്യം ആസ്വദിച്ചിരുന്ന നാളുകളിൽ സന്ന്യാസ പരിത്യാഗത്തെയും ബഥനി ആശ്രമത്തെയും പ്രണയിക്കുക അത്ര സുഖകരമായിരുന്നില്ല. എങ്കിലും ഗുരു അതിനുള്ള പ്രാപ്തി നൽകി.

പി.റ്റി.ഗീവർഗീസ് പിൽക്കാലത്ത്, ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്, ജീവിത സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് മുണ്ടൻമലയുടെ പരുക്കൻ യാഥാർത്ഥ്യങ്ങളിലേക്ക് എത്തിയത്

www.malankaralibrary.com

സന്ന്യാസത്തെ പ്രണയിക്കൻ വേണ്ടിയായിരുന്നു. സന്ന്യാസ പ്രണയത്തിന്റെ ശൈശവനാളിൽ ശരി തെറ്റുകൾ വിവേചിച്ചറിയാതിരുന്നിട്ടുണ്ട്. പിച്ചവെച്ചു നടന്ന കാലത്തിൽ കണ്ണുകൾ മൂടപ്പെട്ടും കാതുകൾ അടയപ്പെട്ടും നോക്കി നിന്നിട്ടുണ്ട്.

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്ന യേശുവിന്റെ വാക്കുകൾ എന്നിൽ ശക്തമായ ഒരു ആഹ്വാനമായി മാറിയിരുന്നു. ഗുരുവിനെ പ്രണയിക്കാൻ ഇറങ്ങി തിരിച്ചപ്പോൾ ഉള്ളിൽ ഭയം തോന്നിയിരുന്നു. സന്ന്യാസനിഷ്ഠാ ജീവിതവും, വ്രതങ്ങളും എന്നെ പാരതന്ത്രക്കെട്ടുകളിൽ തളച്ചിടുമോ? ഇത് പലപ്പോഴും ഭീതിപ്പെടുത്തുന്ന അനുഭവമായി ജീവിതത്തിൽ തളം കെട്ടി നിന്നു. എന്നാൽ, സന്ന്യാസത്തിന്റെ ബാല്യ, കൗമാരങ്ങൾ കടന്ന് യൗവനത്തിൽ എത്തിയപ്പോൾ ഭീതികൾ ബോധ്യങ്ങളായി മാറി. വ്രതബദ്ധ ജീവിതവും നിഷ്ഠാജീവിതവും സന്ന്യാസത്തെ കൂടുതൽ സ്നേഹിക്കാൻ സഹായകമാണെന്ന തിരിച്ചറിവ് ഉള്ളിൽ ഉത്തേജനം നൽകി തുടങ്ങി.

തിരിഞ്ഞു നോക്കുമ്പോൾ നന്ദി മാത്രമേ പറയാനുള്ളു. ഗുരുമുഖം നോക്കി നടന്നപ്പോൾ; താഴ്ചകൾ, വീഴ്ചകൾ, തെറ്റിദ്ധാരണകൾ പലതും അഭിമുഖീകരിക്കേണ്ടി വന്നു. അപ്പോഴെല്ലാം ഗുരുവിന്റെ സ്നേഹം ധൈര്യത്തോടെയും കരുത്തോടെയും മുന്നേറാൻ പ്രോത്സാഹനം നൽകി. കഴിഞ്ഞ നാളുകളിൽ ധൈര്യം പകർന്ന പല ഘടകങ്ങൾ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. 'ബഥനി' ആശ്രമമാണതിൽ പ്രധാനപ്പെട്ട ഘടകം. എന്നെ ഞാനാക്കി മാറ്റി ബഥനിയിലെ അനുഭവങ്ങളിലൂടെ...

**അമ്മയുടെ സ്നേഹം**

അമ്മയ്ക്ക് ഒരിക്കലും തന്റെ മക്കളെ മറക്കാൻ, മാറ്റിനിർത്താൻ കഴിയില്ല. മക്കൾക്ക് കുറവുകൾ ഉണ്ടെങ്കിലും 'അമ്മ' കുറവുകളുള്ള മക്കളെ കൂടുതൽ പരിചരിച്ച് കുറവുകൾ മാറ്റിയെടുക്കും. കേവലം, താമസിക്കാനുള്ള 'ഇടം' മാത്രമല്ല, സ്നേഹിച്ച് സ്നേഹിച്ച് എരിഞ്ഞടങ്ങാനുള്ള ഭവനമാണ് എന്റെ ആശ്രമം. എന്നെ രൂപപ്പെടുത്തിയത് എന്റെ ഭവനമാണ്. എന്റെ വളർച്ചയിൽ, എന്റെ യാത്രയിൽ, ജീവിത സുഖദുഃഖങ്ങളിൽ 'ബഥനി' അമ്മയുടെ സ്നേഹം ഞാൻ തിരിച്ചറിഞ്ഞു. ഞാൻ എന്റെ ഭവനത്തെ സ്നേഹിച്ചപ്പോൾ എവിടെയും എനിക്ക് സ്നേഹം മാത്രമാണ് ലഭിച്ചത്. ഗുരുവിനെ പ്രണയിക്കാൻ തീരുമാനമെടുത്ത നിമിഷം മുതൽ 'ബഥനി' എന്നെ ചേർത്തു പിടിച്ചു. ഹൃദയതാളം അറിഞ്ഞ് എന്നെ സ്വന്തമാക്കി. ആശ്രമസ്ഥർ എല്ലാവരും എനിക്ക് സഹോദരങ്ങളാണ്. പല തലങ്ങളിൽ എനിക്ക് അവരെല്ലാവരും എല്ലാമായി തീർന്നിട്ടുണ്ട്. ഓരോരുത്തരുടെയും സ്നേഹത്തിന്റെ ആഴവും വീതിയും അളക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. എന്റെ സഹോദരങ്ങളുടെ കൈകളിൽ ഞാൻ സുരക്ഷിതനാണെന്ന അവബോധം സന്തോഷത്തോടെ മുന്നേറാൻ കരുത്തേകുന്നു.

**ഫലം പുറപ്പെടുവിക്കൽ**

വളരെയധികം ഫലം പുറപ്പെടുവിക്കുന്ന ഒരു മുന്തിരിച്ചെടിയായി മാറാൻ ഏറെ ഞാൻ ആഗ്രഹിച്ചുവെങ്കിലും സഫലമാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ നാളുകളിലേക്ക് പിൻതിരിഞ്ഞു നോക്കുമ്പോൾ കുറേ ഫലങ്ങൾ നൽകിയിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. അനേകർക്ക്

www.malankaralibrary.com

ആശ്വാസമേകുവാൻ, വിശുദ്ധീകരിക്കുവാൻ, സന്തോഷം നൽകുവാൻ എന്റെ സാന്നിദ്ധ്യം ഇടയാക്കി. ഗുരുവിനോടുള്ള പ്രണയമാണെന്നെ പ്രാപ്തനാക്കിയത്. 'ബഥനി' ആശ്രമജീവിതം 'ദൈവസമ്പാദന'ത്തിനുള്ള അവസരമായി ഞാൻ കരുതുന്നു. മാർ ഈവാനിയോസ് പിതാവ് സന്ന്യാസിയായി ദൈവസമ്പാദനത്തിന് ഇറങ്ങിയപ്പോൾ ഏറെ തടസ്സങ്ങളെ നേരിടേണ്ടി വന്നു. സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് ദൈവത്തിൽ പരമാനന്ദം കണ്ടെത്തി. അതൊരു ഫലം പുറപ്പെടുവിക്കൽ പ്രക്രിയ ആയിരുന്നു. ഇന്ന് എനിക്കുറപ്പോടെ പറയാൻ കഴിയുന്ന കാര്യം ബഥനി ആശ്രമത്തിലൂടെ; ജീവിതത്തിന്റെ കാറ്റും, പേമാരിയും എതിരിട്ട് മുന്നേറാൻ വ്രതബദ്ധജീവിതം എനിക്ക് ശക്തി നൽകി.

ഇരുപത്തഞ്ചു വർഷം പൂർത്തിയാകുമ്പോൾ ഒരു കാര്യം മാത്രം നന്ദിയോടെ ഓർക്കുന്നു. എന്നിൽ മാറ്റങ്ങളേറെ വന്നിട്ടും ഗുരു ഒരിക്കലും എന്നെ ഉപേക്ഷിച്ചില്ല. ഗുരുവിന്റെ വഴിയിൽ നിന്ന് അല്പം അകലെയായി അനുഗമിച്ചപ്പോഴും എന്നെ കൈവിട്ടില്ല. ഇന്ന് പൂർണ്ണാനന്ദത്തോടെ ആശ്രമാംഗമായി ജീവിക്കാൻ സാധിക്കുന്നതിൽ അഭിമാനവും ആനന്ദവും തോന്നുന്നു. ലോകത്തിൽ ലഭിക്കാവുന്ന ഏറ്റവും വലിയ സമ്മാനം; സംതൃപ്തിയോടെ, സമാധാനത്തോടെ ജീവിക്കുക എന്നതാണ്. ആശ്രമ ജീവിതത്തെ അതിനുള്ള ഏറ്റവും നല്ല ഉദാഹരണമായി ഞാൻ തിരിച്ചറിയുന്നു. എന്നോടൊപ്പം വ്രതത്തിന്റെ ഇരുപത്തഞ്ച് വർഷക്കാലം ആഘോഷിക്കുന്ന പ്രിയപ്പെട്ട എന്റെ സഹോദരങ്ങളുടെ നല്ല മാതൃകയും സ്നേഹവും കരുതലും എനിക്ക് എന്നും മുതൽക്കൂട്ടായിരുന്നു. അവരുടെ സാന്നിധ്യവും നല്ല വാക്കുകളും എന്റെ രൂപീകരണത്തിൽ; അതിനേക്കാൾ അധികമായി, ഗുരുവിനെയും സന്ന്യാസത്തെയും പ്രണയിക്കുവാൻ എന്നെ പ്രാപ്തനാക്കി. ഇനിയും തുടർന്നും ഇതുപോലെ ഇതിനേക്കാൾ മെച്ചമായി, പ്രണയിച്ച് മുന്നേറാൻ ദൈവം എന്നെ പ്രാപ്തനാക്കട്ടെ!

ഏവർക്കും ഹൃദയപൂർവ്വം നന്ദി...

സന്ന്യാസി യഥാർത്ഥത്തിൽ മിശിഹായിൽ ജീവിക്കുന്നു.
യേശുവിനോടുള്ള ഭക്തിയും സ്നേഹപരവും പുത്രനിർവ്വിശേഷവുമായ ആശ്രയവും ത്യാഗവും യഥാർത്ഥ സന്ന്യാസത്തിന്റെ ലക്ഷണങ്ങളാകുന്നു.

*- ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# സ്നേഹപന്ഥാവിലെ സഹയാത്രികൻ...

ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി.

“ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു” (യോഹന്നാൻ 15:15).

ത്യാഗോജ്ജ്വലമായ സമർപ്പണത്തിന്റെ 26 വർഷങ്ങൾ പൂർത്തിയാകുന്നു. ഇത് തുടർച്ചയുള്ള ഒരു യാത്രയാണ്. ഈ യാത്ര ആരംഭിച്ചത് ഉള്ളിൽ എവിടെയോ ഒരു പ്രചോദനം നൽകി വഴികാട്ടിയായ മുപ്പത്തിമൂന്നുകാരൻ നസ്രായനായ ഗുരുമൊഴികൾ മനനം ചെയ്തപ്പോഴാണ്. ഈ യാത്രയുടെ തുടക്കക്കാരൻ അവനാണ്. ഈ യാത്രയിലുടനീളം കുരിശിന്റെ ആഴങ്ങളിൽ ഒളിഞ്ഞിരിക്കുന്ന സ്നേഹത്തിന്റെ നിധിശേഖരം കണ്ടെത്താം എന്ന് കാണിച്ചതും പഠിപ്പിച്ചതും അവനാണ്. തന്നെക്കാൾ ഏറെ തനിക്കുള്ളതിനെ നിസ്വാർത്ഥമായി സ്നേഹിക്കുവാൻ, തന്റെ അപ്പന്റെ കൽപ്പന ശിരസാവഹിച്ച് സ്വയം ശൂന്യവൽക്കരണത്തിലൂടെ ദാസന്റെ രൂപം സ്വീകരിച്ച അവന്റെ സ്നേഹഗാഥയിലെ രക്ഷാകര യാത്രയുടെ മഹത്തായതും, മനോഹരവുമായ പേരാണ് സന്ന്യാസം. ഈ സ്നേഹമാർഗം സന്ന്യാസത്തിന്റെ അന്തസത്തയിലേക്കും, ആത്മസമർപ്പണത്തിലേക്കും ചേർത്തുവെക്കുവാൻ മിശിഹാ പഠിപ്പിക്കുന്നുവെന്ന പൊരുൾ തിരിച്ചറിഞ്ഞ ബഥനിയുടെ സ്ഥാപക പിതാവിന്റെ തപശ്ചര്യയുടെയും, അച്ചടക്കത്തിന്റെയും, ത്യാഗോജ്ജ്വലമായ നിഷ്ഠാജീവിതത്തിന്റെയും ഫലമായി രൂപംകൊണ്ട ബഥനിയിലെ ഈ യാത്ര നടത്തുന്നത് അവൻ ആകുവാനും അവനോടൊപ്പവും അവനിലേക്ക് തന്നെയുമാണ്. കടൽത്തീരത്തെ ചൊരിമണലിൽ പതിഞ്ഞ അവന്റെ കാൽപാദങ്ങൾ പിൻചെല്ലുന്ന സാഹസികനായ ഈ യാത്ര അതീവസൂക്ഷ്മതയോടെ നടത്തപ്പെടുന്ന ഒന്നാണ്. കാരണം കാലത്തിന്റെ തിര മായിക്കാതെയും ആരൊക്കെയോ അപഥസഞ്ചാരം നടത്തി മാറ്റി ചവിട്ടിയ കാലടികൾ തിരിച്ചറിഞ്ഞു വേണം മുൻപോട്ട് പോകുവാൻ. ചുരുക്കത്തിൽ വഴിയും അവനാണ്, സഹയാത്രികനും അവനാണ്, ഒടുവിൽ എത്തിച്ചേരേണ്ടതും അവനിലാണ്.

സന്ന്യാസ പൗരോഹിത്യജീവിതത്തിന്റെ അർത്ഥതലങ്ങളുടെ ഉൾക്കാമ്പ് കണ്ടെത്തി ശ്രേഷ്ഠമായ ഈ ജീവിതാന്തസ്സ് പുൽകിയ ആന്റണി കല്ലിലച്ചന് വ്രതപ്രതിഷ്ഠയുടെ ജൂബിലി വർഷത്തിന്റെ എല്ലാവിധമായ മംഗളങ്ങളും, പ്രാർത്ഥനാശംസകളും നേരുന്നു.

‘അല്പകാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്ന നിന്നെ ഞാൻ അനേക കാര്യങ്ങൾ ഭരമേൽപ്പിക്കും’ എന്ന ദൈവീക വചനത്തിന്റെ മകുടോദാഹരണമാണ് ആന്റണി കല്ലിൽ അച്ചന്റെ സന്ന്യാസപൗരോഹിത്യജീവിതം. മിശിഹാനുകരണ സന്ന്യാസ സമൂഹത്തിൽ ക്രിസ്തുവിന്റെ ബഥാനിയൻ ആയി വ്രതവാഗ്ദാനം നടത്തിയിട്ട് 25 വർഷങ്ങൾ പൂർത്തിയാകുന്ന കല്ലിൽ അച്ചൻ, തന്റെ ജീവിതത്തിലൂടെ അനേകർക്ക് ക്രിസ്തുവിനെ പകർന്നു നൽകിക്കൊണ്ടിരിക്കുന്നു. മലങ്കര

www.malankaralibrary.com

കത്തോലിക്കാ സുറിയാനി സഭയുടെ വിശ്വാസ പൈതൃകത്തിന്റെ ഈറ്റില്ലമായ മുണ്ടൻമലയുടെ കുളിർ തെന്നലേറ്റ പത്തനംതിട്ട ജില്ലയിലെ പ്രക്കാനം ദേശത്താണ് ഈ വന്ദ്യപുരോഹിതൻ ഭൂജാതനായത്. 1974 മാർച്ച് മാസം 4-ാം തീയതി കല്ലിൽവീട്ടിൽ എൻ.എം. ദാനിയേലിന്റെയും സാറാമ്മ ദാനിയേലിന്റെയും മകനായി ജനിച്ച റവ.ഫാ.ആന്റണി കല്ലിൽ ഒ.ഐ.സി., പ്രക്കാനം മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്. ക്രിസ്തീയ ജീവിതാന്തസ്സുകളിലെ സന്ന്യാസ പൗരോഹിത്യം എന്ന വിളിയെ സ്വജീവിതത്തിൽ തെരഞ്ഞെടുത്ത ആന്റണി അച്ചൻ അതിന്റെ രൂപപ്പെടുത്തലിനും, രൂപാന്തരീകരണത്തിനുമായി, ബഥനി സന്ന്യാസ സമൂഹത്തെയും തന്റെ ജീവിത യാത്രയോട് ചേർത്തു നിർത്തി. നാഥന്റെ വയലേലകളിൽ ദൈവീക ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട ഈ സന്ന്യാസവര്യന് ദൈവം അനേകം താലന്തുകൾ നൽകി അനുഗ്രഹിച്ചിട്ടുണ്ട്. സുവിശേഷ പ്രഘോഷണത്തിലും ഗാനാലാപനത്തിലും ആരാധനക്രമത്തിലെ അമൂല്യമായ പാണ്ഡിത്യത്തിലും മികച്ച സംഘാടകൻ എന്ന പേരിലും സഹജീവികളെ കരുതുന്നതിലും, വളരെ മികച്ച രീതിയിൽ ഉള്ള ഇടവക ഭരണത്തിലും ഒക്കെ അനേകം കഴിവുകളാൽ ശ്രദ്ധേയനാണ് ഈ സന്ന്യാസ വൈദികൻ. അച്ചൻ തനിക്ക് കിട്ടിയ കഴിവുകളുടെ, ജീവിത മൂല്യങ്ങളുടെ താലന്തുകളെ അനേർക്ക് പകർന്നു നൽകാൻ അതീവ ഉത്സാഹിയാണ്. ഒരു നറു പുഞ്ചിരിയോടെ സൗമ്യമായി എല്ലാവരുടെയും ഹൃദയങ്ങളെ തൊട്ടറിഞ്ഞ ഹൃദയ ബന്ധങ്ങൾ സൂക്ഷിക്കാൻ അച്ചൻ എപ്പോഴും ശ്രദ്ധാലുവാണ്. ഈ വന്ദ്യ വൈദികന്റെ പ്രവർത്തനശൈലി വിശ്വാസ ഹൃദയങ്ങളെ കീഴടക്കുന്നതാണ്. അതുകൊണ്ടുതന്നെ എല്ലാവർക്കും പ്രിയപ്പെട്ടവനാണ് കല്ലിൽ അച്ചൻ.

അനുഗ്രഹത്തിന്റെയും അഭിമാനത്തിന്റെയും ഈ സുന്ദര നിമിഷങ്ങളിൽ പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളോട് പൊരുതി ഈ കാലഘട്ടത്തിൽ സന്ന്യാസജീവിതം ആത്മീയ നിർഭരമായ ദൈവാനുഭവങ്ങളുടെ ആഘോഷമാക്കാൻ ഈ സമർപ്പണം അനേകർക്ക് പ്രചോദനമാകട്ടെ. അന്തിച്ചർച്ചകളുടെ വിചാരണ മുറികളിലും, ലോകമോഹങ്ങളുടെ ആലസ്യങ്ങളിലും, മൂല്യച്യുതി സംഭവിക്കുന്ന ചില സമർപ്പണ കാപട്യങ്ങളിലും, ഇനിയും സന്ന്യാസം എന്ന നല്ല വീഞ്ഞിനെ ഉൾക്കൊള്ളുവാൻ സാധിക്കാത്ത അറിവില്ലായ്മയുടെ തോൽക്കുടങ്ങളിലും വിമർശനത്തിന്റെ ശരവർഷങ്ങളിലും സന്ന്യാസത്തിന്റെ നന്മയും, പൊരുളും വിളിച്ചോതി ഈ കാലഘട്ടത്തിന് അന്യമല്ല സന്ന്യാസം എന്ന് തിരിച്ചറിയാൻ അനേകർക്ക് സഹായകമാകട്ടെ ഈ സമർപ്പണം. കാരണം ക്രിസ്തുവിന്റെ സ്നേഹത്തുടിപ്പാണ് സന്ന്യാസം. നമ്മളാണ് അതിന്റെ വാഹകരും, പ്രചാരകരും.

'കർത്താവിനെ പ്രതി മറ്റുള്ളവരെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണമെന്ന് അവൻ നമ്മോട് ആവശ്യപ്പെടുന്നു എന്ന് ഓർക്കുക' (മാർ ഈവാനിയോസ്).

www.malankaralibrary.com

# ഓർമ്മച്ചെപ്പ് : ജൂബിലി വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം

**ഫാ. ബെന്നി ജോൺ വെളുന്തറ ഒ.ഐ.സി**

“അവിടുന്ന് അരുളിച്ചെയ്തു: ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. ഞാനാണ് നിന്നെ അയയ്ക്കുന്നത്....” (പുറപ്പാട് 3:12); “ആകയാൽ നീ പുറപ്പെടുക. സംസാരിക്കാൻ ഞാൻ നിന്നെ സഹായിക്കും. നീ പറയേണ്ടതെന്തെന്നു ഞാൻ പഠിപ്പിച്ചുതരും” (പുറപ്പാട് 4:12).

എന്റെ ബഥനി സന്യാസജീവിതത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ പൂർത്തിയാക്കി പിന്നിലോട്ട് തിരിഞ്ഞുനോക്കുമ്പോൾ വിശുദ്ധ ബൈബിളിൽ പുറപ്പാട് പുസ്തകത്തിൽ ദൈവം വിക്കനായ മോശയെ ശക്തിപ്പെടുത്തിയ ഈ വാക്യങ്ങളാണ് ഓർമ്മവരുന്നത്. ദൈവം എന്നെ ഇത്രത്തോളം കരംപിടിച്ച് നടത്തിയത് ഈ വാക്യത്തിൽ വിശ്വസിച്ചതു കൊണ്ടാണ്. ജൂബിലി വർഷം ഒരു നന്ദിപ്രകാശനത്തിന്റെ സമയമാണെങ്കിലും ഒരു തിരിഞ്ഞു നോട്ടത്തിനവസരം കൂടി നല്കുന്ന കാലമാണല്ലോ. അതിനാൽ തന്നെ അറ്റകുറ്റപ്പണികൾ (Maintenance) നടത്താനുള്ള സമയം കൂടിയാണെന്ന് തിരിച്ചറിയുന്നു. എന്റെ നാമഹേതുക വിശുദ്ധനായ വി.യോഹന്നാൻ ശ്ലീഹായുടെ തെരഞ്ഞെടുപ്പും ഇതുപോലെ മീൻ പിടിച്ചുകൊണ്ടിരുന്ന വലയുടെ കേടുപാടുകൾ നന്നാക്കുന്ന സമയത്തായിരുന്നുവെന്ന തിരിച്ചറിവ് എന്നിലെ ജൂബിലി വർഷത്തെ കൂടുതൽ പ്രചോദിപ്പിക്കുന്നു. തിരിഞ്ഞുനോക്കി ബലക്ഷയങ്ങളെ തിരിച്ചറിഞ്ഞ് ബലപ്പെടുത്തി മുന്നോട്ട് പോകുന്നതിനുള്ള ഒരവസരം കൈവന്നിരിക്കുന്നു.

ഡിസംബർ 25-ാം തീയതിയിലുള്ള എന്റെ ജനനം തന്നെയാണ് ചെറുപ്രായത്തിൽ തന്നെ പള്ളിയോടും ഭക്തകാര്യങ്ങളോടുമുള്ള ആഭിമുഖ്യം വളർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചത് എന്നാണ് എന്റെ വിശ്വാസം. ഓർത്തഡോക്സ് പാരമ്പര്യത്തിൽ ജനിച്ച് മാമോദീസാ സ്വീകരിച്ചതെങ്കിലും കത്തോലിക്കാ വിശ്വാസത്തിലേക്ക് പുനരൈക്യപ്പെട്ട ശേഷം കൂദാശാനുഷ്ഠാന ജീവിതത്തോടും പ്രാർത്ഥനാ ജീവിതത്തോടും ചേർത്തു നിർത്തുവാൻ എന്റെ മാതാപിതാക്കളും മതാദ്ധ്യാപകരും ഒരു പ്രത്യേക കരുതൽ കാണിച്ചിരുന്നു. അതുപോലെ തന്നെ കല്ലുമ്പുറം പള്ളിയും പള്ളിക്കൂടവും എന്നെ വൈദീകനാക്കാനുള്ള ആഗ്രഹത്തെ മുളപ്പിച്ചു. സ്കൂളിലെ രാവിലത്തെ അസംബ്ലിക്ക് മുമ്പ്, പള്ളിയിൽ ഒരുമിച്ച് കൂടിയുള്ള പ്രാർത്ഥന അവിടെ പഠിക്കുന്ന എല്ലാ കുട്ടികളെയും ആകർഷിക്കുന്ന ഒന്നായിരുന്നു. ആ പള്ളിയിലെ ഒരംഗമെന്ന നിലയിൽ ചില ഉത്തരവാദിത്വങ്ങൾ ബഹുമാനപ്പെട്ട വികാരി ലൂയിസ് ഫിലിപ്പോസച്ചനും പ്രഥമാദ്ധ്യാപിക സി. തൗദീസ് എസ്.ഐ.സി.യും എന്നെ ഏല്പിച്ചതുകൊണ്ട് പള്ളിയോട് ചേർന്നു നില്ക്കുന്നതിന് സഹായകമായി. ആറാം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത് പള്ളിയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ക്ലാസ്സ് ടീച്ചറായ കടകംപള്ളിൽ യോഹന്നാൻ സാറിന്റെ നേതൃത്വത്തിൽ സ്വീകരണ പരിപാടികൾക്ക് ചേർത്തുനിർത്തിയതും ആ അവസരത്തിൽ തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൽ നിന്ന് ആദ്യകുർബ്ബാന സ്വീകരണം നടത്തുന്നതിന് വേണ്ടി നീണ്ടമാസങ്ങളുടെ ഒരുക്കം ബഥനി മഠത്തിലെ സിസ്റ്റേഴ്സ് നടത്തിയതും എന്നിലെ വൈദികജീവിതാഗ്രഹത്തെ പരിപോഷിപ്പിച്ചു. ബഹുമാനപ്പെട്ട സി. ഹംസ എസ്.ഐ.സി. യുടെ മേൽനോട്ടത്തിലുള്ള

www.malankaralibrary.com

പരിശീലനം ബഥനിയെക്കുറിച്ച് അറിയുന്നതിനും കൂട്ടായ്മയുടെ, സ്നേഹത്തിന്റെ, കരുതലിന്റെ, സമൂഹജീവിതത്തിന്റെ ആശയങ്ങൾ പകർന്നുതന്നതും ബഥനിയിലൂടെ ഒരച്ചനാകുക എന്ന ആഗ്രഹം ഉദിപ്പിച്ചു. ആ ആഗ്രഹത്തെ ഹൈസ്കൂളിൽ പഠിക്കുമ്പോൾ നഷ്ടപ്പെടുത്താതിരിക്കാനായി അന്നത്തെ വികാരിയായിരുന്ന ബഹുമാനപ്പെട്ട ഗീവർഗീസ് പെരുമലയച്ചനും സി.നീഹാ എസ്.ഐ.സി.യും ശ്രദ്ധിച്ചു. ആശ്രമത്തിൽ ജീവിക്കുമ്പോൾ ഏതു ജോലിയും സന്തോഷത്തോടെ ചെയ്യുവാൻ ഉപകാരപ്പെടുമെന്ന് ഞങ്ങളെക്കൊണ്ട് പള്ളിയിലെ ജോലികൾ ചെയ്യിക്കുമ്പോൾ പെരുമലയച്ചൻ പറഞ്ഞത് ഇപ്പോഴും ചെവികളിൽ മന്ത്രിക്കുന്നു. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ശേഷം റ്റി.ഒ.സി. ക്യാമ്പിന് കറ്റാനത്ത് വന്നതും, കോട്ടയത്ത് ആത്മാനന്ദച്ചന്റെ നേതൃത്വത്തിൽ ഒരുക്ക ധ്യാനത്തിന് പങ്കെടുത്തതും ബഥനിയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് സഹായിച്ചു. അങ്ങനെ അന്നത്തെ വൊക്കേഷൻ പ്രമോട്ടറായിരുന്ന ജോൺ ഇലവിനാംകുഴി അച്ചന്റെ നിർദ്ദേശപ്രകാരം 1994 ജൂൺ 16-ാം തീയതി തിരുവല്ല ബഥനി ആശ്രമത്തിൽ യോഗാർത്ഥിയായി ദൈവപരിപാലനയാൽ പ്രവേശിച്ചു.

മോശയെ ശക്തിപ്പെടുത്തിയ ദൈവം എന്നെയും ധൈര്യപ്പെടുത്തും എന്ന വിശ്വാസത്തോടെ ബഹുമാനപ്പെട്ട ജെയിംസ് പുതുപറമ്പിലച്ചന്റെ നേതൃത്വത്തിൽ സന്ന്യാസ പരിശീലനം ആരംഭിച്ചു. ബോസ്കോ അച്ചന്റേയും ജോൺ വട്ടപറമ്പിലച്ചന്റേയും കാലത്ത് പ്രീഡിഗ്രി പഠനം നടത്തി. മാനസിക - ബൗദ്ധിക ബുദ്ധിമുട്ടുകളിലൂടെ കടന്നുപോയപ്പോൾ സന്ന്യാസ ജ്യേഷ്ഠ സഹോദരങ്ങളായ ജെയിംസ് മാമൂട്ടിലച്ചന്റേയും ആത്മാനന്ദച്ചന്റേയും ആശ്വാസവചനങ്ങൾ എന്നെ ശക്തിപ്പെടുത്തി. ബഥനി ആശ്രമത്തിന്റെ കാരിസവും സന്ന്യാസത്തിന്റെ അർത്ഥവും വ്യാപ്തിയും തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്ന തപോവനത്തിലെ ഞങ്ങളുടെ ഗുരുവായ ബഹുമാനപ്പെട്ട റെജി പടിഞ്ഞാറ്റേമേലേതിൽ അച്ചനോടൊപ്പമുള്ള സഹവാസം എന്നിലെ സന്ന്യാസത്തോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് സഹായിച്ചു. ലളിതജീവിതത്തോടും മണ്ണിനോട് ചേർന്നുനിന്ന് ജീവിക്കുന്നതിന്റെ അനുഭൂതിയും മണ്ണിന്റെ മണമുള്ള ലോറൻസച്ചനിലൂടെ ലഭിച്ചു. സന്ന്യാസ വ്രതങ്ങളോടുള്ള ആഭിമുഖ്യത്താലും വൈദീകജീവിതത്തിന്റെ തൃഷ്ണയാലും ഒരു വർഷത്തെ സ്നേഹസന്തോഷമായ പരിശീലനത്തിനൊടുവിൽ 1998 ജൂൺ 2-ാം തീയതി ബഥനി സുപ്പീരിയർ ജനറൽ പെരിയ ബഹുമാനപ്പെട്ട ജോർജ്ജ് തോമസ് കല്ലുങ്കലച്ചന്റെ മഹനീയ സാന്നിധ്യത്തിലും ബഥനി സമൂഹത്തിന്റേയും വീട്ടുകാരുടെ മുമ്പാകെയും സന്ന്യാസത്തിന്റെ ആദ്യവ്രതവാഗ്ദാനം നടത്തി.

നാലാഞ്ചിറ ദയറാ ആശ്രമത്തിൽ പ്രൊവിൻഷ്യാളച്ചന്റെയും പ്രൊവിൻഷ്യൽ ബോഡിയുടെയും സ്നേഹ സംരക്ഷണവും, വല്യച്ചന്മാരുടെയും സീനിയേഴ്സിന്റേയും സന്ന്യാസ കരുതലും ജീവിതശൈലിയും, ബഥനി കോളേജിലെ ടീച്ചേഴ്സിന്റേയും കൂട്ടുകാരുടെയും ആത്മാർത്ഥമായ സഹകരണവും സ്വീകരിച്ചുകൊണ്ട് റെക്ടറച്ചന്മാരായ തോമസ് ചേടിയത്തച്ചന്റേയും സജി ഇടനാട്ട് അച്ചന്റേയും മേൽനോട്ടത്തിൽ ഡിഗ്രി പഠനം പൂർത്തിയാക്കി. പൂനാ ആശ്രമത്തിലെ ഫിലോസഫി പഠനകാലം എന്നിലെ സ്വഭാവത്തെ തേച്ചുമിനുക്കുന്ന കാലമായിരുന്നു. ഉത്തരവാദിത്വ ബോധത്തോടെ എപ്രകാരം ജീവിക്കണമെന്നും, ചിന്തിക്കണമെന്നും പഠിപ്പിച്ചും ചിന്തിപ്പിച്ചും പിതൃവാത്സല്യത്തോടെ കൂടെയുണ്ടായിരുന്ന ആന്റണി വലിയവിളയിലച്ചന്റെ സാന്നിധ്യം ഒരനുഭവമായിരുന്നു. അന്നുവരെ പഠിച്ചതും അനുഭവിച്ചതുമായ കാര്യങ്ങളെ പ്രായോഗികമായി പ്രാവർത്തികമാക്കാൻ കിട്ടിയ നല്ലൊരു കാലഘട്ടമായിരുന്നു കോട്ടയം ജനറലേറ്റിലുണ്ടായിരുന്ന റീജൻസികാലം. വൈദിക പരിശീലനത്തിന്റെ മർമ്മപ്രധാനമായ ദൈവശാസ്ത്ര

www.malankaralibrary.com

പഠനകാലം ഒരു പാകപ്പെടുത്തലിന്റെ സമയമായിരുന്നു. പല യാഥാർത്ഥ്യങ്ങളെയും മിഥ്യാധാരണകളെയും എങ്ങനെ അഭിമുഖീകരിക്കണമെന്ന് പഠിപ്പിച്ചു. പഠനത്തിന്റെ കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോഴും മണ്ണിന്റെ മണത്തോട് ചേർന്നു നില്ക്കാനും കമ്മ്യൂണിറ്റിയുടെ ആരോഗ്യത്തെ പരിപോഷിപ്പിക്കുവാനും കഴിവനുസരിച്ച് പരിശ്രമിച്ചു. പ്രയാസങ്ങൾ പലതുമുണ്ടായെങ്കിലും ദിനചര്യകളുടെ സമയക്രമത്തെ മാറ്റുവാനോ, ചെയ്യേണ്ട കർത്തവ്യങ്ങൾക്ക് തടസ്സം നില്ക്കുകയോ ചെയ്തിട്ടില്ല. കൂടെയുള്ള സഹോദരങ്ങളുടെ കരുതലും സഹകരണവും ആത്മാർത്ഥമായ സ്നേഹവും അനുഭവിച്ചറിഞ്ഞ മറക്കാനാവാത്ത കാലം. മോശയെ ശക്തിപ്പെടുത്തിയവന്റെ കരങ്ങൾ എന്നോടൊപ്പം ഉള്ളതുകൊണ്ട് ദൈവശാസ്ത്ര പഠനം ഭേദപ്പെട്ട രീതിയിൽ പൂർത്തിയാക്കി, 2007 നവംബർ 19-ാം തീയതി അഭിവന്ദ്യ ആർച്ച്ബിഷപ്പ് ക്ലീമീസ് പിതാവിന്റെ കൈവയ്പിനാൽ ബഥനി ആശ്രമത്തിലെ ഒരച്ചനായി അഭിഷിക്തനായി.

പഠന-പരിശീലന കാലഘട്ടം ബഥനിയുടെ മാത്രം ഒരു പ്രത്യേകതയായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്. പഠന മികവിനേക്കാൾ പ്രധാന്യം കമ്മ്യൂണിറ്റി ജീവിതമാണെന്ന് തിരിച്ചറിയാൻ സാധിച്ചു. പല സ്വഭാവക്കാരും വ്യത്യസ്ത പ്രായക്കാരുമാണെങ്കിലും കൂടെപ്പിറപ്പിനോടുള്ള കരുതലും സ്നേഹവും അനുഭവിച്ചറിഞ്ഞ കാലഘട്ടം. ആരെയും സ്നേഹബുദ്ധ്യാ വിമർശിക്കാനും, തിരുത്തലുകളെ ഉൾകൊള്ളാനും സഹോദരസ്നേഹത്തിൽ പരസ്പരം ചേർത്തു നിർത്തുന്ന ഒരു കരുതലിന്റെ കാലം. കൂട്ടായ്മയ്ക്കുവേണ്ടി ഏത് ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനോ, പരസഹായത്തിന് വേണ്ടി എത്ര സമയം കണ്ടെത്തുന്നതിനോ ഒരു വൈഷമ്യമോ, മടിയോ ഇല്ലാത്ത സമയം. വൈവിധ്യങ്ങളെ ഉൾകൊള്ളാനും തിരിച്ചറിയനുമുള്ള ഈ കാലഘട്ടത്തിന്റെ ഒരനുഭവമാണ് ഇന്നും എന്നെ പച്ചയായി ജീവിക്കാൻ പ്രചോദിപ്പിക്കുന്നത്. എല്ലാറ്റിലും ഉപരിയായി എന്നെ ഉൾകൊള്ളുവാൻ ഈ കാലഘട്ടത്തിന് സാധിച്ചു എന്നതാണ് എന്നെ അതിശയിപ്പിക്കുന്ന അത്ഭുതം.

സന്ന്യാസ ജീവിതത്തോടൊപ്പം വൈദീക ജീവിതത്തിന്റെ പതിനഞ്ച് വർഷങ്ങൾ പൂർത്തീകരിക്കുവാൻ ദൈവം അനുഗ്രഹിച്ചു. ഈ കാലഘട്ടത്തിൽ അഞ്ച് രൂപതകളിലായി പതിനാല് പള്ളികളിൽ ശുശ്രൂഷ ചെയ്യുവാൻ സാധിച്ചു. ബഥാന്യൻ ജീവിത ശൈലിയോട് ചേർന്നുനിന്നുകൊണ്ട് എന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിറവേറ്റുവാൻ പരിശ്രമിച്ചു. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ പിൻകുളം, കോട്ടമൺപാറ, ദിൽഷാദ് ഗാർഡൻ, മയൂർ വിഹാർ എന്നീ ദൈവാലയങ്ങൾ പുനരുദ്ധരിക്കാൻ സാധിച്ചു. മറ്റു പള്ളികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുകയും ഗാസിയബാദ് പള്ളിയുടെയും, കലയപുരം സ്കൂൾ ചാപ്പലിന്റെയും മദ്ബഹാ ഭംഗിയായി ക്രമീകരിക്കാനും ദൈവം അവസരം നല്കി. ഇതോടൊപ്പം തന്നെ B.Ed പഠനവും MA പഠനവും പൂർത്തികരിച്ചു. വിൻഷ്യന്റ് ഡി പോൾ സൊസൈറ്റിയുടെ ആത്മീയ പിതാവായും, MCA, MCYM, MCCL, മതബോധനം എന്നീ പ്രസ്ഥാനങ്ങളുടെ ജില്ലാ ഡയറക്ടറായും സേവനം അനുഷ്ഠിക്കാൻ അവസരം ലഭിച്ചു. നാലാഞ്ചിറ ദയറാ പ്രൊക്യുറേറ്ററായും, ബഥനി കോളേജ് ബർസാറായും, ബഥനി ഹോസ്റ്റലിന്റെ വാർഡനായും, കലയപുരം സ്കൂളിന്റെ ബർസാറായും, കറ്റാനം ബഥനി നവജീവൻ ഹോമിന്റെ പ്രൊക്യുറേറ്ററായും ശുശ്രൂഷ ചെയ്യാൻ ഇടയായി. സന്ന്യാസ-വ്രതജൂബിലിയുടെ നിറവിൽ നിന്ന് പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ "ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. ഞാനാണ് നിന്നെ അയക്കുന്നത്" എന്ന കർത്താവിന്റെ വാഗ്ദാനം എന്നോടൊപ്പം ഉണ്ടെന്ന് ഉറച്ചു വിശ്വസിക്കുന്നു.

www.malankaralibrary.com

ഒന്നിച്ചു നിൽക്കുമ്പോഴാണ് ബഥാന്യൻ ശൈലി ശക്തിപ്പെടുന്നത് എന്ന തിരിച്ചറിവ്, എന്നിലൂടെ കൂടുതൽ മഹത്തായ കാര്യങ്ങൾ സഭയ്ക്കും സമൂഹത്തിനും ചെയ്യാൻ ധൈര്യം പകർന്നു നൽകുമെന്നു വിശ്വസിക്കുന്നു. നമ്മുടെ ആരാധന പൈതൃകത്തേയും കുദാശാനുഷ്ഠാനങ്ങളെയും അതിന്റെ തനിമയിൽ നിലനിറുത്തി ജീവിക്കുവാൻ ഇടയാകട്ടെ. അനുഭവങ്ങളിൽ നിന്നും ആർജ്ജിച്ചെടുത്ത പക്വത, എന്റെ ജീവിത പന്ഥാവിന് വെളിച്ചം നൽകട്ടെ. കുറ്റപ്പെടുത്തലുകളുടെ ഒറ്റപ്പെട്ട അനുഭവങ്ങളും, സ്വാർത്ഥ താല്പര്യങ്ങളുടെ പിന്നാലെയുള്ള പരക്കംപാച്ചിലുകളുടെ നടുവിലും വിളിച്ചവന്റെ മനസ്സ് വിവേചിച്ചറിഞ്ഞും, തിരഞ്ഞെടുത്തവന്റെ കാല്പാടുകൾ അനുധാവനം ചെയ്യാൻ ദൈവം ശക്തി നൽകട്ടെ. മോശയ്ക്ക് അഹറോനെ കൂട്ടിനു നൽകിയ ദൈവം എന്നെ ബലപ്പെടുത്തുന്നതിനു ഓരോ സമയത്തും ഓരോ സഹോദരങ്ങളെ ഒരുക്കി നിറുത്തിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു. അവരുടെ നന്മകളാണ് എന്റെ ജീവിതത്തിന്റെ പച്ചപ്പിന്റെ അടിസ്ഥാനം. മനസ്സിൽ വരുന്ന വികാരങ്ങളെ തുറന്ന മനസ്സോടെ വിളിച്ചു പറയുന്നതിന്റെ പിന്നിലെ ചേതോവികാരം ബഥനിയോടുള്ള ആത്മാർത്ഥത ഒന്നു മാത്രമാണ്. ഈ ആത്മാർത്ഥത പലപ്പോഴും പലരുടെയും ഇണക്കത്തിനും പിണക്കത്തിനും നിദാനമാവുമെന്ന തിരിച്ചറിവും എനിക്കുണ്ട്.

കാലചക്രം ഇനിയും ഗോൾഡൻ, പ്ലാറ്റിനം, സെഞ്ച്വറി എന്നീ ജൂബിലികളിലൂടെ കറങ്ങിക്കൊണ്ടിരിക്കും. ഇതിൽ ഏതു കാലംവരെ ജീവിച്ചാലും എനിക്ക് ക്രമീകരിച്ച് തന്നിരിക്കുന്ന വാസസമയത്ത് എന്നിലെ നന്മയാണ് ഈ മണ്ണിൽ / ബഥനിയിൽ നിലനിൽക്കുന്നത്. അതിനാൽ അറ്റകുറ്റപ്പണികൾ തീർത്ത ബലമുള്ള സ്നേഹായുധവുമായി ഞാൻ നടന്നു നീങ്ങുകയാണ്. അതിലൂടെ ധാരാളം നന്മയുള്ളവരെ നേടുവാൻ സാധിക്കട്ടെ. അതിനു കൂട്ടായി ബഥനി എന്നും കൂടെ ഉണ്ടാകട്ടെ. ഇത്രത്തോളം വഴി നടത്തിയ മാതാപിതാക്കളെയും സഹോദരങ്ങളെയും ഗുരുഭൂതന്മാരെയും ഇടവക സമൂഹത്തെയും എല്ലാറ്റിലും ഉപരിയായി ബഥനിയേയും നന്ദിപൂർവം മനസിന്റെ ഓർമ്മച്ചെപ്പിൽ സൂക്ഷിച്ചുകൊണ്ട് ഈ തീർത്ഥാടനം തുടരുകയാണ്.

പ്രാർത്ഥന, വേല, വിശ്രമം, മൗനാനുഷ്ഠാനം
ആദിയായി സന്ന്യാസി ചെയ്യുന്ന സകലതും ദൈവസംസർഗ്ഗമാകുന്നു.
സന്ന്യാസി ഒരിക്കലും ഏകാകി അല്ല.

*- ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# സ്മൃതിപഥങ്ങളിലൂടെ

(ജൂബിലി ആഘോഷിക്കുന്ന ബെന്നി ജോൺ അച്ചന് ഒരു ആശംസാക്കുറിപ്പ്)

**ഫാ. ഡാനിയേൽ ജീവൻ ഒ.ഐ.സി.**

ചിലരങ്ങനെയാണ്...

ഒന്നും മനസ്സിൽ വയ്ക്കാറില്ല... സ്നേഹവും നോവും കരുതലും ദേഷ്യവും പരിഭവവും ഒക്കെ പെട്ടന്നങ്ങു പ്രകടിപ്പിക്കും. ഉള്ളിലെ സമ്മിശ്രവികാരങ്ങളെ പൊയ്മുഖങ്ങൾകൊണ്ട് മറച്ചുപിടിക്കാൻ പരിശ്രമിക്കാറില്ല... ജീവിതത്തിൽ കണ്ടുമുട്ടിയ അത്തരം കുറച്ച് വ്യക്തിത്വങ്ങളിൽ ഒരാളാണ് ബെന്നി അച്ചൻ...

സന്ന്യാസവ്രതവാഗ്ദാനത്തിന്റെ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ അച്ചന് ആശംസകളും പ്രാർത്ഥനകളും നേരുന്നു...

എന്റെ മാതൃ ഇടവകയായ പുത്തൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നിന്നും എനിക്കുമുമ്പേ ബഥനിയിൽ ചേർന്ന വ്യക്തിയാണ് ബെന്നി അച്ചൻ. പ്രാർത്ഥനയും പരിത്യാഗവും ദേവാലയത്തോടുള്ള നിരന്തര സംസർഗ്ഗവും കഠിനാധ്വാനവും ജീവിത വ്രതമാക്കിയ ഒരു അപ്പന്റെയും അമ്മയുടെയും ജീവിതവിശുദ്ധിയും സുകൃതവഴികളും ഒക്കെ അച്ചന്റെ ദൈവവിളിക്ക് വേരുപാകിയ യാഥാർത്ഥ്യങ്ങളായി തിരിച്ചറിയുന്നു. പാരമ്പര്യ പെരുമയുടെ മേൽക്കോയ്മകളിൽ മാത്രമല്ല, എളിയ മനസ്സുകളുടെ കണ്ണീരിലും ദൈവവിളിയുടെ സുമങ്ങൾ വിരിയാം എന്നുള്ളതിന്റെ മകുടോദാഹരണമാണ് അച്ചന്റെ ദൈവവിളി...

മുഖസ്തുതികളുടെ ഒരു പൂമാലകോർക്കലല്ല, ഞാൻ കണ്ട ബെന്നിയച്ചനെപ്പറ്റി കുറച്ച് ചിതറിയ ചിന്തകൾ പങ്കുവയ്ക്കുകയാണിവിടെ...

അച്ചനിൽ വിളങ്ങുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഗുണം എന്നത് ഏത് പ്രതിസന്ധിഘട്ടത്തിലും ഉത്തരവാദിത്തങ്ങൾ തനതായ രീതിയിൽ ചെയ്യാനുള്ള കഴിവാണ്. അച്ചൻ ഏറ്റെടുത്തിട്ടുള്ള എല്ലാ ദൗത്യങ്ങളും വെല്ലുവിളികളുടെ മദ്ധ്യേ നിർവഹിക്കുന്നതിൽ അച്ചൻ വിജയിച്ചിട്ടുമുണ്ട്. അജപാലന ശുശ്രൂഷയിലും, ആശ്രമത്തിലെ ഉത്തരവാദിത്വങ്ങളിലുമൊക്കെ ഏറെ അധ്വാനത്തോടെയും ആത്മാർത്ഥതയോടെയും അച്ചൻ വ്യാപരിച്ചിട്ടുമുണ്ട്. ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ വിശ്വസ്തമായി നിർവഹിക്കാനുള്ള അദ്ദേഹത്തിന്റെ പരിശ്രമം പ്രശംസനീയമാണ്.

സഭയോട് ചേർന്നുനിന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള ഹൃദയത്തുറവി അദ്ദേഹത്തിന്റെ മുഖമുദ്രയാണ്. പൊതുധാരയിൽ സജീവമായി നിന്നുകൊണ്ട് ബഥനിയുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിൽ അദ്ദേഹം എപ്പോഴും ബദ്ധശ്രദ്ധനാണ്.

www.malankaralibrary.com

എത്ര ആയാസകരമായ കാര്യമാണെങ്കിലും അതിനുവേണ്ടി പരിശ്രമിക്കാനുള്ള ആർജ്ജവത്തം അദ്ദേഹം പുലർത്താറുണ്ട്. ചെയ്യുന്ന കാര്യങ്ങളിൽ കൂടെയുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ അദ്ദേഹം പരിശ്രമിക്കാറുണ്ട്. ഒന്നും ഉള്ളിൽ ഒതുക്കാതെ എല്ലാം തുറന്നു പറയുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. നന്മയെന്നു തോന്നുന്നതിനെ അതിരില്ലാതെ പ്രശംസിക്കാനും തിന്മയെന്നും ശരിയല്ലെന്നും തോന്നുന്നതിനെ സഹോദരബുദ്ധ്യാ വിമർശിക്കാനും തിരുത്തിക്കാണാനും അദ്ദേഹം ഒരു നിഷ്കർഷ പാലിക്കുമെന്നതും ഏവർക്കും അറിയാവുന്ന കാര്യങ്ങൾ തന്നെ...

സൗമ്യവും മധുരതരവുമായ ഭാവപ്രകടനങ്ങൾ മാത്രമാണ് സ്നേഹത്തിന്റെ ഉരകല്ല് എന്ന് വിശ്വസിക്കുന്നവർക്ക്, പരുഷവും കഠിനവുമായ അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ സ്നേഹവും ആത്മാർത്ഥതയും പലപ്പോഴും തിരിച്ചറിയാൻ സാധിക്കാതെ പോയിട്ടുണ്ട് എന്നുള്ളത് നിസ്തർക്കം. ഒന്നുറപ്പാണ് അദ്ദേഹം ബഥനിയെ സ്നേഹിക്കുന്നുണ്ട്. പരസ്പരം പങ്കുവെച്ചിട്ടുള്ള അനേകം സംഭാഷണങ്ങളിൽ നിന്നും എനിക്കതു വ്യക്തമായിട്ടുണ്ട്.

ദൈവവിളികൾ കണ്ടെത്തുന്നതിനും അവ പരിപോഷിക്കുന്നതിനും ബെന്നിയച്ചൻ ഏറെ പരിശ്രമങ്ങൾ നടത്താറുണ്ട്. തന്നെ ഏൽപ്പിക്കുന്ന എല്ലാ പ്രവർത്തനമേഖലയിലും ദൈവവിളി പ്രോത്സാഹനത്തിന് അദ്ദേഹം നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ശ്രദ്ധേയമാണ്.

സ്നേഹബഹുമാനപ്പെട്ട ബെന്നി അച്ചന് ജൂബിലി നിറവിന്റെ വേളയിൽ ആശംസകളും പ്രാർത്ഥനകളും നേരുകയാണ്. ജൂബിലി കൃതജ്ഞതയുടെയും കണക്കെടുപ്പിന്റെയും കാലമാണല്ലോ. ദൈവം തന്ന കൃപകൾക്ക് നന്ദി പറയാൻ അങ്ങയോടൊപ്പം ഞങ്ങളും ചേരുന്നു. കണക്കെടുപ്പിന്റെ വേളകളിൽ കുറവുകളെ നിറവുകളാക്കുന്ന ദൈവത്തോട് അങ്ങ് മനസ്സുരുകി പ്രാർത്ഥിക്കുമ്പോൾ, അങ്ങയോടൊപ്പം ഞങ്ങൾ സഹോദരങ്ങളുടെ പ്രാർത്ഥനകളും ഞങ്ങൾ ചേർത്ത് വയ്ക്കുന്നു. തുടർന്നുള്ള ജീവിത യാത്രയിലും ദൈവം അങ്ങയെ വഴി നടത്തട്ടെ. ബലപ്പെടുത്തട്ടെ. നിറഞ്ഞ മനസ്സോടെ...

ജൂബിലി മംഗളങ്ങൾ!

ക്രൈസ്തവ സന്ന്യാസത്തിന്റെ അടിസ്ഥാനം
ദൈവപുത്രനായ യേശുമിശിഹായുടെ മനുഷ്യാവതാരവും
കുരിശിന്മേൽ നിർവ്വഹിച്ച യാഗവുമാകുന്നു.

*- ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# സംതൃപ്തിയോടും കൃതജ്ഞതയോടും

**ഫാ. ജോൺ ആലുവിള ഒ. ഐ. സി.**

ആമുഖം

സന്ന്യാസ ജീവിതത്തിന്റെ മുഴുവൻ താളം സങ്കീർത്തനങ്ങളുടെ ദൈനംദിന പ്രാർത്ഥനയിൽ അധിഷ്ഠിതമാണ്. കർത്താവിനോടും മാനവികതയോടുമുള്ള തീവ്രസ്നേഹമാണ് ഈ ജീവിതത്തെ സവിശേഷമാക്കുന്നത്. എല്ലാത്തിനും എല്ലായ്പ്പോഴും കൃതജ്ഞതയർപ്പിക്കുക എന്നത് ഈ ജീവിതത്തിന്റെ സൗന്ദര്യവും, ബഥനിയിലെ 29 കൊല്ലത്തെ ജീവിതവും സന്ന്യാസ സമർപ്പണത്തിന്റെ ഇരുപത്തഞ്ചു വർഷങ്ങളും പിന്നിടുമ്പോൾ തികഞ്ഞ സംതൃപ്തിയും കൃതജ്ഞതയുമാണ് ഉള്ളിലുള്ളത്. തത്ത്വചിന്തകനായ FRANCIS BACON-ന്റെ അഭിപ്രായത്തിൽ "It is not the happy who are grateful, it is the grateful who are happy." ഈ അവസരം ദൈവം നയിച്ച വഴികളെ തിരിച്ചറിയാനും എന്നെ ഞാനാക്കിയ ബഥനിയിലെ ഏവരേയും നന്ദിപൂർവ്വം ഓർക്കാനുമുള്ള ഉദ്യമമായി കാണുന്നു.

**സന്ന്യാസ ജീവിതത്തിലേക്ക്**

നല്ലിടയനായ യേശുവിന്റെ മുഖം കർണ്ണ പുടങ്ങളിൽ തട്ടിയും 23-ാം സങ്കീർത്തനങ്ങളുടെ ഈരടികൾ കാതുകളിൽ മുഴങ്ങിയും അത് മനസ്സിൽ ഉരുവിട്ടുകൊണ്ടുമാണ് ബാല്യകാലം ആരംഭിക്കുന്നത്. കർത്താവിന്റെ ദിവസങ്ങളിൽ അവിടുത്തെ ആലയത്തിൽ ഇടം നേടാനുള്ള ശ്രമങ്ങൾക്ക് മുടക്കമുണ്ടായതായി ഓർമ്മയില്ല. ബഥനിയുടെ പ്ലാറ്റിനം ജൂബിലി വർഷത്തിൽ, 1994 ജൂൺ 16-ാം തീയതി തിരുവല്ല ആശ്രമത്തിൽ സന്ന്യാസ പരിശീലനത്തിന് തുടക്കം കുറിക്കുമ്പോൾ "ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു. "ഒരു കാര്യം മാത്രം ഞാൻ തേടുന്നു, കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാനുംതന്നെ" (സങ്കീ. 27,4) എന്ന വാക്യം ആപ്തവാക്യമായി ഗുരു നല്കി. തിരുവല്ല, തിരുവനന്തപുരം ആശ്രമത്തിലെ വല്യച്ചന്മാരുമായുള്ള സഹവാസം കൂട്ടായ്മയുടേയും പങ്കുവയ്ക്കലിന്റേതുമായ പൂർവ്വകാല ആശ്രമ ജീവിതശൈലിയും ജീവിതനിഷ്ഠയും ധാരാളം ഹൃദിസ്ഥമാക്കാനിടയായി.

'നോവിഷ്യേറ്റ് എങ്ങനെയോ അങ്ങനെയായിരിക്കും സന്ന്യാസ ജീവിതം' എന്ന സമൂഹസ്ഥാപകന്റെ വാക്കുകൾ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് അത് അവലംബിക്കുവാൻ തീവ്രശ്രമം അവിടെ ഉണ്ടായി. വ്രതവാഗ്ദാനത്തിന്റെ 25-ാം വർഷം 2023 ജൂൺ 2-ന് പൂർത്തിയാകുമ്പോൾ "അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും അവിടുത്തെ ആലയത്തിൽ ഞാൻ വസിക്കും" (സങ്കി. 23,6) എന്ന സങ്കീർത്തകന്റെ വാക്യം ജീവിതത്തിൽ അന്വർത്ഥമാകുന്നു. പിൻവാങ്ങിയ വർഷങ്ങൾ ദൈവ നടത്തിപ്പിന്റെ കാലങ്ങളായിരുന്നു. "അവിടുത്തെ നോക്കിയവർ പ്രകാശിതരായി, അവർ ലജ്ജിതരാകുകയില്ല" (സങ്കി.34, 5) എന്ന സങ്കീർത്തകന്റെ കീർത്തനം പോലെ ആഗ്രഹങ്ങൾക്കും കഴിവുകൾക്കുമുപരി എല്ലാ മേഖലകളിലും ദൈവത്തിന്റെ നടത്തിപ്പ് ഉണ്ടായിരുന്നു. സന്ന്യാസപരിശീലനം ആശ്രമാവൃതിയിൽ ഒതുങ്ങി നില്ക്കാതെ സമൂഹബന്ധങ്ങൾക്കുള്ള അവസരങ്ങൾ കൂടിയായിരുന്നു അത്. പൂനാ missions, ബാഹ്യകേരള conventions, അവധിക്കാല B.B.S. Camps,

www.malankaralibrary.com

B. Ed പഠനവും നാലാഞ്ചിറ Regencyയും അതിനുള്ള അവസരങ്ങളിൽ ഏതാനം ചില ഉദാഹരണങ്ങൾ മാത്രം. വൈദികപരിശീലനത്തിനുശേഷം 2007 നവംബർ 19-ന് മൈലപ്ര ആശ്രമത്തിൽ വച്ച് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. സന്ന്യാസ പരിശീലനം തികച്ചും വചനാധിഷ്ഠിതമായ ജീവിതശൈലിയായിരുന്നു എന്ന് നിസംശയം പറയാം.

**വിളഭൂമിയിൽ**

പൗരോഹിത്യ ജീവിതത്തിൽ നാലാഞ്ചിറ ബഥനി നഗറിൽ മൈനർ സെമിനാരി വിദ്യാർത്ഥികളുടെ അസിസ്റ്റന്റ് റക്ടർ ആയും റക്ടർ ആയും പിന്നീട് കോട്ടയം ജനറലേറ്റിൽ Scholastics-ന്റെ റെക്ടറായും പരിശീലന മേഖലയിൽ പ്രവർത്തിക്കുവാനും അതോടൊപ്പം തന്നെ MA, MTH ബിരുദാനന്തര ബിരുദവും കരസ്ഥമാക്കാൻ അവസരം കൈവന്നു. വിദ്യഭ്യാസമേഖലയിൽ കാഞ്ഞിരംകുളം മാർ ഈവാനിയോസ് ബഥനി സ്കൂളിന്റെ പ്രാരംഭഘട്ടത്തിലും പിന്നീട് ചുനക്കര ചെറുപുഷ്പ സ്കൂളിലും ശുശ്രൂഷ ചെയ്യാൻ സാധിച്ചത് ഭാഗ്യമായി കരുതുന്നു. മിഷൻ മേഖലയിൽ കരകുളം, ഇരുമ്പ, കാഞ്ഞിരംകുളം, അപ്രേംനഗർ, വെട്ടിയാർ എന്നീ ഇടവകളിൽ തിരുവനന്തപുരം, മാവേലിക്കര രൂപതകളോട് ചേർന്നുള്ള അജപാലനം വിദേശ മിഷൻ പ്രവർത്തനങ്ങൾ പ്രചോദനമായി. ജർമ്മനിയിൽ പ്രാരംഭത്തിൽ Muenster രൂപതയിൽ Kleve യിലും പിന്നീട് ആഹൻ രൂപതയിൽ Duelken-ലും ശുശ്രൂഷ ചെയ്തുവരുന്നു. ഞാൻ അംഗമായിരുന്ന വിവിധ ആശ്രമങ്ങളിൽ പ്രൊക്യുറേറ്റർ, ചുനക്കര ആശ്രമ സുപ്പീര്യറായും ആശ്രമ ഭവനങ്ങളുടെ വളർച്ചയ്ക്കും സുസ്ഥിതിക്കും അക്ഷീണം ശ്രമിച്ചു.

**തിരിഞ്ഞുനോട്ടം**

വൈദീക വിദ്യാർത്ഥികളുടെ പരിശീലകനും അതേ സമയം പഠനത്തിൽ വ്യാപൃതനായതിനാലും സ്വയം ശിക്ഷണത്തിനും പരിശീലനത്തിനും ഹേതുവായി എന്ന് നിസംശയം സമ്മതിക്കാം. ഏവരുടേയും ശ്രദ്ധ ഊന്നുന്ന പരിശീലനമേഖല വ്യക്തികൃതമായ കളരി എന്നതിനുപരിയായി ആശ്രമഭവനമൊന്നാകെ ആ പ്രക്രിയയിൽ ഭാഗഭാക്കാകുമ്പോൾ അത് ഊഷ്മളവും ഹൃദ്യവുമായി തീരുന്നു. വൈദീക വിദ്യാർത്ഥികൾ നാളത്തെ സജീവ അംഗങ്ങളെന്ന ഭാവനയിൽ നിന്ന് വ്യത്യസ്ഥമായ ഏതൊരു സമീപനവും വിപരീതഫലം ഉളവാകുമെന്ന് കാലം തെളിയിച്ചു. പരിശീലിക്കപ്പെട്ട വിദ്യാർത്ഥികൾ വൈദികരായി സമൂഹത്തിന്റെ നിറസാന്നിധ്യമായി കാണുമ്പോൾ അതിൽപ്പരം സംതൃപ്തി വേറെയില്ല. ഇടവകകളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ജാതിമത ഭേദമന്യേ സമൂഹത്തിലെ വിവിധ മേഖലകളിലെ വ്യക്തികളുമായും കുടുംബമായും ബന്ധപ്പെടുന്നതിനും ഇടപെടുന്നതിനും കാരണമായി. സമൂഹത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ ഏല്പിക്കപ്പെടുമ്പോൾ തികഞ്ഞ അർപ്പണ ബോധവും കൂടുതൽ പ്രതിബന്ധതയും ആവശ്യമായിരുന്നു.

വൈദീക വിദ്യാർഥികളുടെ പരിശീലനത്തിന് മാറ്റുകൂട്ടുവാൻ Poona Ishwavani Centre-ൽ Formation Course-നും വിദേശ അജപാലന ശുശ്രൂഷയെ പരിപോഷിപ്പിക്കാൻ Bangalore DKV-യിൽ Pastoral Management Course-നും സമൂഹാധികാരികൾ എനിക്ക് അവസരം നല്കിയത് നന്ദിപൂർവ്വം ഓർക്കുന്നു. അവസരങ്ങൾ നല്കുകയും ശുശ്രൂഷകളിൽ കൂടെയായിരിക്കുകയും ചെയ്യുന്ന എല്ലാ ബഥാനിയരേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

www.malankaralibrary.com

**നാളത്തെ വെല്ലുവിളി**

വ്യക്തി സ്രോതസ്സാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത്. ഏതു മേഖലകളെയും വിശാലമായും തത്തുല്യമായി സമീപിക്കുമ്പോൾ സമൂഹാംഗങ്ങളെ നേടിയെടുക്കാൻ സാധിക്കുന്നു. സമ്പൂർണ സാക്ഷരതയുടേയും വിദ്യാസമ്പന്നരുടെയും നാട്ടിൽ അംഗങ്ങളുടെ നൈപുണ്യത്തിൽ ഊന്നൽ നല്കിയാൽ യാതൊരു പ്രവർത്തന മേഖലകളെയും ഫലപ്രദമാക്കാൻ സാധിക്കും. യുവജനങ്ങൾ കൂട്ടായി പഠനത്തിനും ജോലിക്കുമായി സ്വദേശം വിട്ട് വിദേശങ്ങളിൽ കുടിയേറുമ്പോൾ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതും കണ്ടെത്തുന്നതും വർത്തമാനകാലത്തിന്റെ ഏറ്റവും വലിയ വെല്ലുവിളിയാണ്.

സാകൂതം ഗൗരവമായി സമീപിക്കേണ്ടതും സാധ്യതകളനുസരിച്ച് ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുമായ മേഖലയാണ് യൂറോപ്പിലെ മിഷൻ പ്രവർത്തനം. പൂർവ്വാധികം വേരുറപ്പിക്കൽ ദുഷ്കരമായിരിക്കുന്നതിനാൽ ഇടവകകൂട്ടായ്മയിൽ സംപൂർണ്ണ സംലഭ്യത ഉറപ്പാക്കേണ്ട മേഖലയാണിത്. ഇന്നിന്റെ സാധ്യതകൾ ഭാവിയിൽ സുനിശ്ചിതമല്ലാ എന്നുള്ളതാണ് ഇവിടുത്തെ വലിയ വെല്ലുവിളി. കൂട്ടായ ജീവിതത്തിന്റെ ദുർലഭ്യതയും അതത് ഇടവകളിലെ സേവനവ്യാപ്തിയും ഒരു പരിധിവരെ ഒന്നിച്ചു വരാനുള്ള സാധ്യതകളെ മങ്ങലേല്പിക്കുന്നതിനാൽ കൂട്ടായ ജീവിതത്തിന്റെ സാധ്യതകളെ തേടേണ്ടതാണ്.

സോഷ്യൽ മീഡിയയിൽ മാത്രം പ്രവർത്തന മേഖല ചുരുങ്ങാതെ പൗരോഹിത്യശുശ്രൂഷ ദൈവജനത്തിനുള്ള ദൈവീക ശുശ്രൂഷയായി പരിണമിക്കേണ്ടിയിരിക്കുന്നു. ഫ്രാൻസിസ് മാർപാപ്പ സന്ന്യാസികളോട് ആഹ്വാനം ചെയ്യുന്നതുപോലെ "നിങ്ങളുടെ കണ്ണുകൾ ഉയർത്തുക, നിങ്ങളുടെ സഹോദരി സഹോദരങ്ങളേയും നിങ്ങളുടെ വിശ്വാസയാത്ര പങ്കിടുന്നവരേയും ജീവിതത്തിന്റെ വചനത്തിനായി കൊതിക്കുന്നവരേയും കാണുക." ഇത് നമ്മുടെ ജീവിതത്തിലും അന്വർത്ഥമാകട്ടെ.

**ഉപസംഹാരം**

സന്ന്യാസജീവിതത്തിൽ നയിച്ചവർക്കും ഗുരുക്കന്മാർക്കും മാതൃകയായവർക്കും വളർത്തിയവർക്കും ഒരായിരം നന്ദി. കൂടെയുള്ള ദൈവത്തിനും നന്ദി. ഇനിയും മേച്ചിൽ സ്ഥലങ്ങൾ ദൈവത്തിനായി തേടേണ്ടിയിരിക്കുന്നു. വസിക്കുന്നിടം മനുഷ്യരെ ആകർഷിക്കുന്ന ആശ്വാസഭവനമായി പരിണമിക്കാൻ എന്റെയും പരിശ്രമം നിത്യം ഉണ്ടാകും. ''ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10:10) എന്ന തിരുവെഴുത്ത് നമ്മിൽ നിറവേറട്ടെ.

നന്ദി.

www.malankaralibrary.com

# "ഞാൻ സംതൃപ്തനാണ്" - ആലുവിളയച്ചൻ

**ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി.**

കാൽനൂറ്റാണ്ട് സമർപ്പിത ജീവിതത്തിൽ സംതൃപിതയോടെ പൂർത്തിയാക്കിയ ബഹുമാനപ്പെട്ട ജോൺ ആലുവിള അച്ചന് അഭിനന്ദനങ്ങൾ! ആശംസകൾ!

സമർപ്പണജീവിതത്തിലേക്കുള്ള വിത്ത് ഒരാളിൽ വിതയ്ക്കുന്നത് ദൈവമാണ്. ഒരു വിത്ത് മുളപൊട്ടുന്നതിന് ഒരു പരിസരം ആവശ്യമുണ്ടല്ലോ. ഇതിന് ദൈവപരിപാലനയിൽ അസാധാരണമായ ഒരു പരിസരം ദൈവം തന്നെ ഒരുക്കിയെന്ന് പറയാം. 1979-ൽ കൊല്ലം ജില്ലയിൽ, നല്ലില പടിഞ്ഞാറ്റിൻകര അയ്യൻകോയിക്കൽ വിളപുരയിടം തെക്കേതിൽ ശാഖയിൽ ആലുവിള വീട്ടിൽ ജോൺകുട്ടിയുടെയും ഓമനയുടെയും മകനായി ബിനു ജോൺ ജനിച്ചു. കപ്പൂച്ചിൻ വൈദികരുടെ മിഷൻ തീക്ഷ്ണതയാൽ രൂപീകൃതമായ നല്ലില മലങ്കര കത്തോലിക്കാ ദൈവാലയം ദൈവവിളികളാൽ സമൃദ്ധമാണെങ്കിലും ആ പള്ളിയിൽ നിന്ന് സന്ന്യാസ ജീവിത സമർപ്പണത്തിലൂടെ വൈദിക ജീവിതം ആഗ്രഹിച്ച് മുന്നോട്ട് പോകാൻ ആരുംതന്നെ ഉണ്ടായിരുന്നില്ല. എന്നാൽ തന്റെ യൗവ്വനത്തിൽ ആത്മീയാന്വേഷണം ഒരു തീവ്രാഭിലാഷമായി തീരുകയും ടെക്നിക്കൽ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ബഥനി ആശ്രമത്തിൽ ഒരു സന്ന്യാസാർത്ഥിയായി ചേരാൻ തീരുമാനിക്കുകയും ചെയ്തു. തന്റെ ഉള്ളിലുള്ള വിളിയുടെ തീവ്രത അത്യാവേശമാക്കിയത് കറ്റാനത്ത് വച്ച് നടത്തിക്കൊണ്ടിരുന്ന TOC ക്യാമ്പുകളിലായിരുന്നു. ഇതിലേക്ക് എന്നെയും ഡൊമിനിക്കച്ചനെയും നിർബന്ധപൂർവ്വം കൊണ്ടുപോയത് ബന്ധുകൂടിയായ ജോണച്ചനായിരുന്നു എന്ന് ഇന്ന് ഓർക്കുമ്പോൾ സന്ന്യാസത്തിന്റെ പാതകളിലേക്ക് നടക്കാൻ ധാരാളം പേരെ പ്രേരിപ്പിക്കാൻ അച്ചന് ഇപ്പോഴും സാധിക്കുന്നുണ്ട്. തന്റെ വിളിയുടെ ഉറപ്പിനെ പരുവപ്പെടുത്തിയെടുക്കാൻ ദൈവവിളി ക്യാമ്പുകൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നല്ലില അയ്യൻ കോയിക്കൽ പടിഞ്ഞാറ്റിൽകര കുടുംബത്തിൽ ഓർത്തഡോക്സ് യാക്കോബായ അച്ചൻമാരുണ്ടെങ്കിലും പ്രഥമ സന്യാസവൈദീകനാണ് ആലുവിളയച്ചൻ. നല്ലില-പുലിയില-മുഖത്തല പ്രദേശങ്ങളിൽ നിന്ന് ആദ്യമായി ബഥനി ആശ്രമത്തിൽ ചേർന്നതും ജോണച്ചനാണ്.

ഒരു സന്ന്യാസാർത്ഥിയായി 1994-ൽ സന്യാസപൈതൃക പാരമ്പര്യമുള്ള തിരുവല്ലാ ആശ്രമത്തിന്റെ മണ്ണിൽ കാൽകുത്തിയ നാൾ മുതൽ ക്രിസ്തുവിനെ കൂടുതൽ അടുത്ത് അനുകരിക്കാനുള്ള ആഗ്രഹമായിരുന്നു. അർത്ഥിപദം അനായാസം പൂർത്തിയാക്കി തിരുവനന്തപുരത്ത് പ്രീ-ഡിഗ്രി പഠനം ഉയർന്ന മാർക്കോടുകൂടി പൂർത്തീകരിക്കാൻ സാധിച്ചു. ആലുവായിലെ ധർമ്മശിഷ്യ പരിശീലന കാലഘട്ടത്തിലെ സ്ഥായിയായ പ്രാർത്ഥനയും ആഴമായ ധ്യാനവും തീക്ഷ്ണമായ വചനപഠനവും വഴി സന്യാസത്തെക്കുറിച്ച് ആഴമായ ബോധ്യങ്ങളും അനുഭവങ്ങളും ഉൾക്കാഴ്ചകളും അദ്ദേഹത്തിൽ രൂപപ്പെടുത്തി. ഏറെ വെല്ലുവിളികൾ നിറഞ്ഞ കാലഘട്ടത്തിലും ദൈവത്തിനോട് 'Yes' പറഞ്ഞ് അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സാമാന്യവ്രതങ്ങൾ പാലി

www.malankaralibrary.com

ച്ചുകൊള്ളാമെന്ന് 1998 ജൂൺ മാസം 2–ാം തീയതി കുരിശാകൃതിയിൽ ഒപ്പുവച്ചു സന്യാസപ്രതിഷ്ഠ നടത്തി. ആയുഷ് പര്യന്തം ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ജന്മം കൊടുത്ത ബഥനി ആശ്രമത്തിൽ ജീവിച്ചുകൊള്ളാമെന്ന് തീരുമാനമെടുത്തിട്ട് ഇന്നേക്ക് 25 വർഷങ്ങൾ പൂർത്തിയാവുന്നു.

ബഥനി കോളേജിലെ ചരിത്രവിഷയത്തിലെ ഡിഗ്രി പഠനത്തെ തുടർന്ന് റീജൻസികാല ഘട്ടത്ത് മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജിൽ നിന്ന് സോഷ്യൽ സയൻസിൽ ബി.എഡ് ചെയ്യാനും ഉന്നത വിജയം കരസ്ഥമാക്കാനും സാധിച്ചു. പൂനെ ആശ്രമത്തിലെ സന്ന്യാസ വൈദികപരിശീലനത്തിലൂടെ ഊർജ്ജസ്വലതയുള്ള ഒരു ചെറുപ്പകാരനാക്കി മാറ്റിയിരുന്നു. പൂനെ ക്യാമ്പസുകളിലെ ബാസ്ക്കറ്റ്ബോൾ കോർട്ടുകളിൽ നിറഞ്ഞു നിന്ന ബ്ര.ജോൺ ആലുവിള തന്റെ കായികാഭ്യാസത്തിലൂടെയും കായികാദ്ധ്വാനത്തിലൂടെയും ആർജ്ജിച്ചെടുത്ത ആരോഗ്യം ഭാവിയിലെ തന്റെ സുവിശേഷ ശുശ്രൂഷയ്ക്കുവേണ്ടി കരുതിവയ്ക്കുന്നതായി തോന്നിയിട്ടുണ്ട്. തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനവും പരിശീലനവും വിജയകരമായി പൂർത്തീകരിച്ച് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കാർഡിനൽ ക്ലീമിസ് കാതോലിക്കാബാവായുടെ തൃക്കൈയാൽ ബഥനി സന്ന്യാസസമൂഹത്തിനുവേണ്ടി 2007–ൽ വൈദീകപട്ടം സ്വീകരിച്ചു.

ഓരോ ദൈവവിളിയും പൂർണ്ണമാകുന്നത് ദൈവത്തിൽ നിന്നുള്ള വിളിയും മനുഷ്യന്റെ പ്രത്യുത്തരവും ഒന്നിക്കുമ്പോഴാണ്. ഈ പ്രത്യുത്തരം ദൗത്യത്തിലൂടെയാണ് പൂർത്തിയാക്കേണ്ടത്. ബഹു. അച്ചന്റെ പിന്നീടുള്ള ജീവിതം ഒരു ക്രിസ്തുശിഷ്യന്റെ ദൗത്യത്തിന്റെ പൂർത്തീകരണമായിരുന്നു. ബഥനി ആശ്രമത്തിലും സഭയിലും സമൂഹത്തിലും നിർവ്വഹിച്ച ശുശ്രൂഷകൾ നിരവധിയാണ്. വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിലും വിദ്യാഭ്യാസ മേഖലയിലും ഇടവകകളുടെ അജപാലന ശുശ്രൂഷകളിലും എടുത്തുപറയത്തക്ക സംഭാവനകൾ നൽകാൻ അച്ചന് സാധിച്ചിട്ടുണ്ട്. തന്റെ സന്ന്യാസ ജീവിതത്തിന്റെ അറിവും അനുഭവങ്ങളുംകൊണ്ട് വരും തലമുറയ്ക്ക് പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ബഥനി ദയറായിലും കോട്ടയത്തും സന്ന്യാസ വൈദിക വിദ്യാർത്ഥികളുടെ റെക്ടറായി 2007 മുതൽ 2013 വരെ സേവനം അനുഷ്ഠിച്ചു. വിവിധ സ്കൂളുകളിൽ ഒരു മികച്ച അധ്യാപകനായും കാര്യശേഷിയുള്ള പ്രിൻസിപ്പലായും സഹപ്രവർത്തകർക്ക് പ്രിയങ്കരനാകുവാൻ ജോണച്ചന് സാധിച്ചിട്ടുണ്ട്. കാഞ്ഞിരംകുളം, ചുനക്കര സ്കൂളികളിലെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കാൻ അച്ചൻ അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്.

എപ്പോഴും എല്ലാവരും പറയുന്നത് ആലുവിളയച്ചൻ നല്ലൊരു അജപാലകനാണെന്നാണ്. എല്ലാവരെയും കേൾക്കാനും പരിഗണിക്കാനും ഉൾക്കൊള്ളാനുമുള്ള പ്രത്യേക കഴിവ് ഇടവക ശുശ്രൂഷയിൽ ജനത്തിന്റെ പ്രിയപ്പെട്ട അച്ചനാക്കി മാറ്റി എന്നുള്ളതിൽ സംശയമില്ല. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ കരകുളം, ഇരുമ്പ, പാറശ്ശാല ഭദ്രാസനത്തിൽ കാഞ്ഞിരംകുളം, എഫ്രേം നഗർ, മാവേലിക്കര ഭദ്രാസനത്തിൽ വെട്ടിയാൻ ദൈവാലയങ്ങളിലും തന്റെ പൗരോഹിത്യ ശുശ്രൂഷ സ്തുത്യർഹമായി നടത്താൻ സാധിച്ചത് തന്റെ വിളിയോടുള്ള സമ്പൂർണ്ണ സമർപ്പണമാണ്.

www.malankaralibrary.com

സന്ന്യാസത്തിന്റെ സൗമ്യതയുടെ ഒരു സൗന്ദര്യം എപ്പോഴും അച്ചന്റെ മുഖത്ത് നിഴലിച്ച് നിൽക്കുന്നുണ്ട്. മറ്റുള്ളവരെ വളർത്തുവാനും അംഗീകരിക്കാനുമുള്ള അച്ചന്റെ സവിശേഷത എടുത്ത പറയേണ്ടതാണ്. എല്ലാവരുമായി ഒരു നല്ല സൗഹൃദം അഭംഗുരം കാത്ത് സൂക്ഷിക്കാൻ അച്ചന് ഒരു പ്രത്യേക കഴിവുണ്ട്. ഏതെങ്കിലും ഒരു വ്യക്തിയോ, കുടുംബമോ, സാമ്പത്തികമായും മാനസികമായും വേദനിക്കുന്നു എന്നറിഞ്ഞാൽ അവിടെ ഓടിയെത്തി അവരെ സഹായിക്കുന്ന സന്മനസ്സ് അച്ചന് എപ്പോഴുമുണ്ട്.

ബഥനി സന്ന്യാസസമൂഹത്തോടുള്ള കൃതജ്ഞതാ നിർഭരമായ കൂറും അധികാരികളോടുള്ള തികഞ്ഞ വിധേയത്വവും പുലർത്തുന്ന ഒരു വ്യക്തിയാണ് ആലുവിളയച്ചൻ. ആശ്രമത്തിലേക്ക് നല്ല ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിലും അത് പരിപോഷിപ്പിക്കുന്നതിനുമുള്ള അച്ചന്റെ ശ്രദ്ധയും ആവേശവും പുതുതലമുറയ്ക്ക് ഒരു മാതൃക തന്നെയാണ്. സന്ന്യാസത്തിന്റെ അന്തസത്ത മനസ്സിലാക്കി അതിന്റെ ശ്രേഷ്ഠതയും മൂല്യവും ഉയർത്തിക്കാട്ടാൻ എപ്പോഴും പരിശ്രമിക്കാറുണ്ട്. കൂട്ടായ്മകളിൽ കൂട്ടച്ചിരി ഉയരുമ്പോൾ ഇടത് കൈ ഉയർത്തിയുള്ള ഒരു പ്രകടനം വിസ്മരിക്കാൻ പറ്റില്ല. കമ്മ്യൂണിറ്റിയിലുള്ളവരെ മനസ്സിലാക്കി അവർക്ക് വേണ്ടത് കൃത്യസമയത്ത് ചെയ്തുകൊടുത്ത്, മറ്റുള്ളവരെ കരുതുന്ന, ഫോണിലൂടെ വിളിച്ച് അന്വേഷിക്കുന്ന ഒരു വ്യക്തിത്വമാണ് അച്ചനുള്ളത് എന്ന് നിസംശയം പറയാൻ സാധിക്കും.

ഓരോ വിളികളും ദൈവത്തിൽ നിന്ന് വരുന്നതിനാൽ അത് പൂർണ്ണമാകുന്നത് സഭയിലാണ്, സഭയിലൂടെയാണ്, സഭയ്ക്ക് വേണ്ടിയാണ്. സാർവ്വത്രിക സഭയുടെ ശുശ്രൂഷകൾ ഏറ്റെടുത്തുകൊണ്ട് ജർമ്മനിയിലെ ആഹൻ രൂപതയിൽ സജീവമായ ഇടയശുശ്രൂഷ നിർവ്വഹിച്ചുകൊണ്ട് സന്ന്യാസജീവിതത്തിന്റെ സമർപ്പണ വഴികളിലൂടെ മുന്നോട്ടു പോകാൻ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ക്രിസ്തുവിനോട് ചേർന്നും നടക്കുന്നവരുടെ പ്രത്യേകതയാണ് ആനന്ദവും സംതൃപ്തിയും. ഒരു വ്യക്തി തിരഞ്ഞെടുക്കുന്ന ജീവിതാവസ്ഥയുടെ സംതൃപ്തിയുടെ അളവനുസരിച്ചാണ് അതിന് ശ്രേഷ്ഠത കൈവരുത്തേണ്ടത്. എനിക്ക് ആലുവിള അച്ചനെ കാണുമ്പോൾ അതുതന്നെയാണ് പറയാനുള്ള ശ്രേഷ്ഠമായ സന്ന്യാസ ജീവിതം സംതൃപ്തിയോടെ ജീവിക്കുന്നവൻ...

ലോകത്തിനു മരിക്കുന്നവനത്രെ ഒരു സന്ന്യാസി
ലൗകികമായ ബഹുമതിയും ജനസമ്മതിയും സന്ന്യാസിക്കാവശ്യമില്ല.

*- ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# ഉപകാരസ്മരണ

**ഫാ.തോമസ് പ്രമോദ് ഒ.ഐ.സി.**

'അവിടുത്തെ പക്കലേക്ക് അടുക്കുക', എന്ന ദൈവ സ്നേഹത്തിന്റെ ദൃഷ്ടാന്തം
സ്വർഗ്ഗോന്നതി പ്രാപിപ്പാനായി കയ്യിലെ ഈസോപ്പാൽ അവനെന്നെ വേർതിരിച്ചു.
പറുദീസാതൻ ശാന്തതയിൽ ദൈവസാദൃശ്യം സ്പന്ദിച്ചൊരു കാൽപ്പെരുമാറ്റം
വെയിലാറിയപ്പോൾ തോട്ടത്തിൽ ഉലാത്തിയവൻ തന്നെ
വചനിച്ചൊരു ആഹ്വാനമാകട്ടെ അനുധാവനത്തിന്റെ കുടിയിരുപ്പായിരുന്നു.
ദൈവസ്തുതിതൻ കൈവെയ്പ്പ് ധർമ്മം പിഴച്ചപ്പോൾ
മാനവരെ 'സംഗീതം' പഠിപ്പിക്കുവാൻ സമ്പ്രദായനും വന്നരുളി
അനുഗമിക്കുവാനും സാന്നിദ്ധ്യത്തിലാകുവാനും.
അങ്ങനെ പ്രതിധ്വനിച്ചു പുത്തൻ ശിഷ്യത്വ യാത്രയുടെ ഉദിഷ്ടത
ദിവ്യപാദങ്ങളെ പുല്കുവാനും സ്നേഹത്തെ ധരിക്കുവാനും
ശിഷ്യത്വ സമർപ്പണത്തിൻ ചിറകുകളവനെനിക്ക് നല്കി.

ദിവ്യ സ്നേഹത്തിന്റെ പ്രളയത്തിൽ മുന്നേറ്റത്തിൽ ആ ജീവന്റെ നിക്ഷേപം
രണ്ടാം ജന്മത്തിനായ് വിട്ടുകൊടുത്തു മറ്റൊരു മാതാവിൻ പരിചരണത്തിന്.
ബഥനിയെന്ന ആ മാതൃസ്നേഹത്താൽ
കഴുത്തിൽ മധുരമേറിയ കുരിശിൻ നുകം വഹിച്ചു.
അവൾതൻ  കലവറയിലെ  സമ്പാദ്യത്തിൽ പകർന്നു നല്കി
നവജീവന്റെ ചൂടും ചൂരും മാതൃ പിതൃ വാത്സല്യങ്ങളോടെ.
അവളേകിയ പരിത്രാണം 'സീനായ് ഗിരിപോലെ'
പരിവർത്തനത്തിനും പ്രകാശീകരണത്തിനും
ഉള്ളിലെ അഗ്നിയും ജ്വലിക്കുവാൻ 'മുൾപ്പടർപ്പും' നല്കി.
പൂജ്യൻ യാക്കോബിൻ ഗോവണിപ്പോൽ ആരോഹണയാത്രയിൽ
'കോണിപ്പടികളായി' പരിലസിച്ചു സമർപ്പിതരാം വന്ദ്യ ഗുരുക്കന്മാരും സഹജ–സഹചാരികളും.
ഹൃദയ വിളക്കിൻ ജ്വാലക്ക് എണ്ണയായ് കരണീയമായതും
ഉപകൃത  കൃത്യങ്ങൾ നിർവ്വഹിച്ചതുമായ നന്മരങ്ങൾ
തൻ വിപുലത എൻ മനസ്സിനെ വിനയാന്വിതമാക്കുന്നു.

പോഷണം പ്രാപിക്കുവാനും അഭിവൃദ്ധിപ്പെടുവാനും നീട്ടിയ സഹായകരതലങ്ങൾ
മനസ്സിൽ പുണ്യമായും ലാവണ്യ സുകൃതമായും അകതാരിൽ സ്ഥാനംപിടിച്ചിരിക്കുന്നു.
മേഘസ്തംഭമായും അഗ്നിതൂണായും പരിത്രാണം നിർവ്വഹിച്ച
ബഥനി സുതർക്ക് ഹൃദയമനതാരിൽ ഒരായിരം നന്ദി.
ആത്മാർപ്പണത്തിൻ ബലിവേദിയിൽ കടപ്പാടുകൾ തൻ വിചിന്തനത്തിൽ
രജത ജൂബിലിതൻ നിറവിൽ എത്തിടുമ്പോൾ
ബഥനിമാതൃസ്നേഹത്തിൻ മുമ്പിൽ നമ്രശിരസ്കനായ്
ഏകീടുന്നു ഒരായിരം കൃതജ്ഞതകൾ

www.malankaralibrary.com

# സംസ്മരണം

ഫാ. ഗീവർഗീസ് ബർസൗമോ ഒ.ഐ.സി.

**ആമുഖം**

ജൂബിലി ഒരു തിരിഞ്ഞുനോട്ടമാണ്. വന്ന വഴികളെ പറ്റിയുള്ള ധ്യാനാത്മകമായ തിരിച്ചുപോക്കാണ്... നടന്ന വഴികളെ പരിശോധിച്ചും, പിന്നിട്ട വഴികളിൽ താങ്ങായ്, തണലായ് നിന്നവരെ ഓർത്തും... പാഥേയമായവയെ സ്മരിച്ചും... പാഥേയമായി സ്വയം നൽകിയതിനെ ഓർക്കാനും, ജീവിക്കുവാനുള്ള ഒരു വർഷക്കാലം. പ്രമോദച്ചന്റെ പാഥേയ സ്മരണയാകട്ടെ ഈ ജൂബിലി വർഷം...

**പൂർവ്വാശ്രമ സ്മരണം**

1979 മെയ് മാസം 5-ാം തീയതി പത്തനംതിട്ട രൂപതയിൽ ചന്ദനപ്പള്ളി സെന്റ് ജോർജ് മലങ്കര സിറിയൻ കാത്തലിക് ഇടവകയിൽ പാലവിളയിൽ വീട്ടിൽ കെ.റ്റി. എബ്രഹാമിന്റെയും കുഞ്ഞമ്മ എബ്രഹാമിന്റേയും മൂന്നുമക്കളിൽ മൂന്നാമനായി തോമസ് പ്രമോദച്ചൻ ജനിച്ചു. വിമലമാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഗവൺമെന്റ് എൽ.പി.എസ്. കൈപ്പട്ടൂർ, സെന്റ് ജോർജ് മൗണ്ട് ഹൈസ്കൂൾ കൈപ്പട്ടൂർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നേടി.

**ആശ്രമസ്മരണം**

1994 ജൂൺമാസം 16-ാം തീയതി തിരുവല്ല ബഥനി ആശ്രമത്തിൽ യോഗാർത്ഥിയായി പ്രവേശിച്ചു. 1997-ൽ നോവിഷ്യേറ്റിൽ പ്രവേശിക്കുകയും 1998 ജൂൺ മാസം 2-ാം തീയതി തന്റെ പ്രഥമ വ്രത വാഗ്ദാനം നടത്തി തന്നെ പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചു. 2004 മെയ് മാസം 28-ാം തീയതി നിത്യവ്രതവാഗ്ദാനം നടത്തി. ഫിലോസഫി, തിയോളജി പഠനത്തിനുശേഷം 2007 നവംബർ 19-ാം തീയതി സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറോൻ മോർ ബസേലിയോസ് ക്ലമീസ് കാതോലിക്കാബാവയിൽ നിന്നും സന്ന്യാസവൈദികനായി അഭിഷേകം ചെയ്യപ്പെടുകയും, നവംബർ 22-ാം തീയതി മാതൃ ഇടവകയിൽവച്ച് ആദ്യകുർബാന അർപ്പണം നടത്തുകയും ചെയ്തു.

**കർമ്മാശ്രമസ്മരണം**

നാലാഞ്ചിറ, കറ്റാനം, ജീവാരാം, പ്രൊവിൻഷ്യൽ ഹൗസ് എന്നീ ആശ്രമങ്ങളിൽ അംഗമായിരുന്ന കാലയളവിൽ നാലാഞ്ചിറ ഇടവകയുടെ അസിസ്റ്റന്റ് വികാരിയായും, ബഥനി സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെ അസിസ്റ്റന്റ് റക്ടറായും, വള്ളികുന്നം ഇടവകയുടെ വികാരിയായും സേവനം അനുഷ്ഠിച്ചു. നവജീവൻ പ്രോവിൻസിന്റെ വൊക്കേഷൻ പ്രമോട്ടർ ആയിരുന്നുകൊണ്ട് സമൂഹത്തിലേക്ക് സന്ന്യാസാർത്ഥികളെ കണ്ടെത്തുന്നതിനും, ഒരുക്കുന്നതിനും അച്ചൻ കഠിനാധ്വാനം ചെയ്തു. സമൂഹത്തിന്റെ വിവിധ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ തീക്ഷ്ണതയോടെ പങ്കുചേർന്ന പ്രമോദച്ചൻ 2013-ൽ ഉപരിപഠനത്തിനായി റോമിലെ pontificio instituto orientals യൂണിവേഴ്സ്റ്റിയിലേക്ക് അയയ്ക്കപ്പെട്ടു. Affinity between oriental Liturgy and Monasticism എന്ന വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഉപരിപഠനത്തിനുശേഷം 2021-ൽ

www.malankaralibrary.com

തിരിച്ചെത്തിയ പ്രമോദച്ചൻ, സഭയുടെയും സമൂഹത്തിന്റെയും വിവിധ പ്രേക്ഷിത പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് തന്റെ സന്ന്യാസ വൈദികജീവിതം നയിക്കുന്നു.

**സ്വത്വസ്മരണം**

ഒരു യഥാർത്ഥ ആട്ടിടയനായിരുന്നുകൊണ്ട് തന്റെ ആടുകളെ പേര് ചൊല്ലി വിളിച്ച് മുന്നിൽ നിന്ന് വഴിതെളിക്കുന്ന ഒരു വ്യക്തിയാണ് പ്രമോദച്ചൻ. പ്രവർത്തന മേഖലകളിൽ ഇടപെടുന്ന ഓരോ വ്യക്തികളോടും, കുടുംബത്തോടും പ്രത്യേകമായ ഒരു അടുപ്പം സൂക്ഷിക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായിട്ടാണ് വൊക്കേഷൻ പ്രമോട്ടർ ആയിരുന്ന കാലത്ത് അനേകം കുട്ടികളെ ബഥനി സമൂഹത്തിലേക്ക് കൊണ്ടുവരുവാൻ സാധിച്ചത്. ബഥനി ഹോസ്റ്റലിൽ, റെക്ടറായി ശുശ്രൂഷ ചെയ്തിരുന്ന കാലത്ത് ഹോസ്റ്റലിലുള്ള കുട്ടികൾക്ക് ഒരു അപ്പന്റെ കരുതലും, അമ്മയുടെ സ്നേഹവും നൽകി കൂടെ നിർത്താനും, അവരുടെ പ്രശ്നങ്ങളിൽ സഹോദരനെപ്പോലെ കൂടെയായിരുന്ന് വഴി നടത്താനും അച്ചന് കഴിഞ്ഞിരുന്നു. ഇപ്പോഴും ആ ഒരു പ്രത്യേകത അച്ചനിൽ വിളങ്ങി നിൽക്കുന്നു.

തന്നെ ഏൽപ്പിക്കുന്ന കാര്യങ്ങൾ ഉത്തരവാദിത്വത്തോടെ ഭംഗിയായി ചെയ്യുവാൻ പ്രമോദച്ചനുള്ള കഴിവ് എടുത്തു പറയേണ്ടതാണ്. സമൂഹത്തിന്റെയും സഭയുടേയും പൊതുവായതും, അല്ലാത്തതുമായ കാര്യങ്ങളെ അടുക്കും ചിട്ടയോടും കൂടെ തുടങ്ങുവാനും കൈകാര്യം ചെയ്യുവാനും അച്ചൻ പ്രത്യേകം ശ്രദ്ധിക്കുന്നു.

ഒരു പുരോഹിതന്റെ വിളി പ്രവാചകനാകുവാനുള്ള വിളിയാണ്. തന്റെ അജഗണത്തിന് കൃത്യസമയത്ത് വചനമാകുന്ന ഭക്ഷണം കൊടുക്കുവാനുള്ള വിളിയാണത്. ഈ വിളി അതിന്റെ പൂർണ്ണതയിൽ ചെയ്യുവാൻ അച്ചനുള്ള പാടവം അഭിനന്ദനാർഹമാണ്. ദൈവവചനത്തെ വളരെ തൻമയത്വത്തോടെ കൈകാര്യം ചെയ്യുവാൻ അച്ചന് സാധിക്കുന്നു. പുസ്തകരൂപത്തിലൂടെയും പ്രസംഗത്തിലൂടെയും ലേഖനങ്ങളിലൂടെയും കഥകളിലൂടെയും മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്ക് വചനം ആഴത്തിൽ എത്തിക്കുവാൻ അച്ചന് സാധിക്കുന്നു. ആശ്രമത്തിന്റെ സമയക്രമീകരണങ്ങൾ എല്ലാം ചിട്ടയായി പാലിക്കുന്ന പ്രമോദച്ചന്റെ പ്രാർത്ഥനകളിലും, യാമനമസ്കാര ധ്യാനങ്ങളിലും വി.കുർബാനയിലും ഉള്ള സജീവ പങ്കാളിത്തം തികച്ചും മാതൃകാപരമാണ്.

അച്ചനിലൂടെ ബഥനി കൂടുതൽ ശാക്തീകരിക്കപ്പെടുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ ജൂബിലിക്കാലം വ്രതനിഷ്ഠ ജീവിതത്തിൽ ഇക്കാലമത്രയും സംരക്ഷിച്ച് പരിപാലിച്ച് ദൈവത്തിന് നന്ദി പറയാം. വിളിച്ചവൻ വിശ്വസ്തനാകയാൽ, തന്റെ സന്ന്യാസവിളിയിൽ ജീവിതകാലമത്രയും വിശ്വസ്ത ദാസനായിരിക്കാൻ അച്ചന് കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ജൂബിലി മംഗളങ്ങൾ ഹൃദയാംഗമായി നേരുന്നു.

www.malankaralibrary.com

# പ്രകാശപൂരിതം വാഗ്ദാനവഴി

**ഫാ. ഏബ്രഹാം ചിറത്തലയ്ക്കൽ ഒ.ഐ.സി.**

സൂര്യോദയം ജീവൻ കാത്തിരിക്കുന്ന ഓരോ ജീവാണുവിനും വിത്തിനും ഒരവസരമാണ്. അനുകൂലമായ സാഹചര്യം സംജാതമാകുമ്പോൾ ജീവദായകമായ പ്രകാശം ആ വിത്തിന് ജീവൻ നല്കും. സന്ന്യാസം എന്ന വിത്ത് എന്നിൽ മുളച്ചത് ക്രിസ്തുവാകുന്ന പ്രകാശം ഉള്ളിലേക്ക് കടന്നുവന്നതിനാലും ബഥനി എന്ന ഭൂമിക എന്റെ സന്ന്യാസത്തിന് വളരാൻ പറ്റിയ ഭൂമികയാണെന്ന് ഞാൻ തിരിച്ചറിഞ്ഞപ്പോഴുമാണ്.

വ്രതജൂബിലിയുടെ ആണ്ടിലൂടെ കടന്നുപോകുമ്പോൾ അനന്തശക്തിയായ നീതിസൂര്യന്റെ കിരണങ്ങൾ എന്നെ എത്രമാത്രം വളർത്താൻ ശ്രമിച്ചുവെന്ന് ഞാൻ തിരിച്ചറിയുന്നു. വിളിച്ചു വേർതിരിച്ച യേശുനാഥനും അമ്മയായ ബഥനിയും അനന്തസാദ്ധ്യതകൾ എനിക്കു മുന്നിൽ തുറന്നിട്ടത് നന്ദിപൂർവ്വം ഞാൻ അനുസ്മരിക്കുന്നു.

കേരളത്തിൽ, തമിഴ്നാട്ടിൽ, യൂറോപ്പിൽ (ജർമ്മനി)

- വികാരിയായും സഹവികാരിയുമായി പതിനഞ്ച് ദേവാലയങ്ങളിൽ
- സ്കൂളുകളിൽ അദ്ധ്യാപകനായി, ചുമതലക്കാരനായി, വൈസ് പ്രിൻസിപ്പാളായി, കോർഡിനേറ്ററായി
- ഹോസ്റ്റൽ വാർഡൻ സ്ഥാപനങ്ങളുടെ ചുമതലക്കാരൻ ജർമ്മൻ ഭാഷാ അദ്ധ്യാപകൻ ധ്യാനശുശ്രൂഷകൻ
- ഇങ്ങനെ പല മേഖലകളിൽ ദൈവശുശ്രൂഷ ചെയ്യുവാൻ ലഭിച്ച അവസരങ്ങളെ നന്ദിയോടെ ഓർക്കുന്നു.
- 1 തെസ.5:16-18 "എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ" ഈ വചനം എന്നെ എപ്പോഴും നയിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.
- മാതാപിതാക്കൾ, സഹോദരങ്ങൾ, ഗുരുക്കന്മാർ നിങ്ങൾ പകർന്നുതന്ന അറിവിനും ശിക്ഷണത്തിനും
- ബഥനി കുടുംബത്തിനും കുടുംബാംഗങ്ങൾക്കും നന്ദി.
- കൂടെ നിന്നവർ, കൂട്ടരായി വന്നവർ, വളർച്ചയിൽ താങ്ങായി നിന്നവർ...
- മാതൃ ഇടവകാംഗങ്ങൾ നല്ലവരായ അയൽക്കാർ എല്ലാവർക്കും നന്ദി... ഒരായിരം നന്ദി.

സഹവ്രതസ്ഥർക്ക് നന്ദിയും അഭിനന്ദനങ്ങളും സ്നേഹപൂർവ്വം നേരുന്നു.

www.malankaralibrary.com

# കർമ്മകുശലനായ ചിറത്തലക്കലച്ചൻ

ഫാ. തോമസ് പ്രശോഭ് ഒ.ഐ.സി

നോവിഷ്യേറ്റ് ബാച്ചിൽ ഒന്നിച്ചുണ്ടായിരുന്നവർ എല്ലാവരും സന്യാസവ്രതത്തിന്റെ രജതജൂബിലി ആഘോഷിക്കുമ്പോൾ അവരുടെ ആഘോഷത്തിന് തുടക്കം കുറിക്കാൻ ജീവാരാം വേദിയായതിൽ ഏറെ സന്തോഷിക്കുന്നു. അതോടൊപ്പം എബ്രഹാം അച്ചനും ബാച്ചുകാർക്കും ജൂബിലിയുടെ മംഗളങ്ങളും പ്രാർത്ഥനയും ഹൃദയപൂർവ്വം നേരുന്നു.

കുറെ വർഷങ്ങൾക്കു മുമ്പുള്ള കാര്യമാണ്. ബഹുമാനപ്പെട്ട എബ്രഹാം ചിറത്തലക്കൽ അച്ചനെ ആശ്രമത്തിലെ എന്റെ ഒരു ഇളയ സഹോദരൻ എന്ന നിലയിൽ നേരത്തെ കണ്ടിട്ടുണ്ടെങ്കിലും കൂടുതൽ അടുത്തറിയുന്നതും പരിചയപ്പെടുന്നതും എന്റെ റീജൻസി കാലത്തിലാണ്. 1996-ൽ ഞാനും സിറിൽ ആനന്ദ് അച്ചനും നെടുമങ്ങാട് ആശ്രമത്തിൽ താമസിച്ചു റീജൻസിയോടൊപ്പം തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ ഡിഗ്രി പഠിക്കുകയും ചെയ്യുന്ന കാലം. എന്നും നാലാഞ്ചിറ ആശ്രമത്തിലാണ് ഉച്ചഭക്ഷണം. ഒരു ദിവസം ആശ്രമത്തിൽ ഉച്ചഭക്ഷണം കഴിക്കാൻ വരുമ്പോളാണ് അറിയുന്നത് പ്രീഡിഗ്രിക്ക് പഠിക്കുന്ന നമ്മുടെ കൊച്ചു ബ്രദർ എബ്രഹാം മരത്തിൽ നിന്ന് വീണു കിടപ്പാണ് എന്ന്. നാലാഞ്ചിറ സെമിത്തേരിയോട് ചേർന്ന് പഴയ പാർലറിന്റെ പുറകിൽ ഉണ്ടായിരുന്ന അനേക തലമുറകളെ മധുരമൂട്ടിയ വലിയ സപ്പോട്ട മരത്തിൽ കയറി സക്കു പറിക്കുന്നതിനിടെ കൊമ്പൊടിഞ്ഞു താഴെ വീണതാണ്. വീഴ്ചയിൽ ശരീരമാകെയും പ്രത്യേകിച്ച് നടുവിനും നല്ല ക്ഷതമേറ്റിരുന്നു. അങ്ങനെ എഴുന്നേൽക്കാൻ വയ്യാതെ കിടന്ന സമയത്ത് ഒരു ജ്യേഷ്ഠന്റെ സ്ഥാനത്തുനിന്ന് ഉഴിച്ചിലും തിരുമ്മും ഒക്കെ ചെയ്തു സഹായിക്കാനും ശുശ്രൂഷിക്കാനും ഉള്ള അവസരം ഉണ്ടായി. സന്യാസ സാഹോദര്യത്തിന്റെ ഒരിക്കലും മറക്കാനാവാത്ത അനുഭവം തന്നെ ആയിരുന്നു അത്.

തുടർന്ന് പൂനാ ആശ്രമത്തിൽ വിവിധ വർഷങ്ങളിലായി തുടർ പഠനകാലത്തും അതിനുശേഷവും ഉള്ള സഹവാസവും വൈദികനായതിനുശേഷം യൂറോപ്പിൽ താമസിക്കുന്ന കാലയളവിൽ ഉള്ള കൂടിവരവുകളും ഒക്കെ ഈ പരസ്പര സാഹോദര്യത്തിന്റെ ആഴപ്പെടലുകളായിരുന്നു. അതിനെല്ലാം ശേഷം ഇപ്പോൾ കഴിഞ്ഞ രണ്ട് വർഷങ്ങളായുള്ള ജീവാരാം ആശ്രമത്തിലെ ഒരുമിച്ചുള്ള ജീവിതം.

സെമിനാരി പഠനകാലം മുതൽ ഞാൻ കണ്ടുവരുന്ന എബ്രഹാം അച്ചന്റെ ജീവിതത്തിലെ ചില സവിശേഷതകൾ ഇവിടെ കുറിക്കാൻ ശ്രമിക്കുകയാണ്. അത് ഇത്രയും കാലം വളർന്നു വികസിതരൂപം പ്രാപിച്ചിട്ടുണ്ട് എന്നതു മാത്രമാണ് ഇന്നത്തെ വ്യത്യാസം.

ഒന്നാമതായി, ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തം അതിന്റെ പൂർണ്ണ അളവിൽ അർപ്പണ ബോധത്തോടെ കൃത്യമായി ചെയ്യാൻ അച്ചൻ കാണിക്കുന്ന താല്പര്യം എടുത്തു പറയേണ്ട ഒന്നാണ്. അച്ചൻ ശുശ്രൂഷ ചെയ്തിരുന്ന എല്ലാ ആശ്രമങ്ങളിലും ഇടവകകളിലും അതിന്റെ തെളിവുകൾ കാണാൻ സാധിക്കും.

വളരെയധികം കഴിവുകൾ ഉള്ള ബഹുമാനപ്പെട്ട എബ്രഹാം അച്ചൻ ഒരു നല്ല വിദഗ്ദ്ധനായ പാചകക്കാരൻ ആണ്. അത് നാടൻ വിഭവങ്ങൾ ആകട്ടെ, ജർമൻ ആകട്ടെ, ചൈനീസ് ആകട്ടെ,

www.malankaralibrary.com

എന്തും സ്വാദിഷ്ഠമായ രീതിയിൽ ഉണ്ടാക്കാൻ അച്ചനുള്ള വൈഭവം പ്രശംസ അർഹിക്കേണ്ട ഒന്നുതന്നെയാണ്.

ജർമൻഭാഷ C1 വരെ പഠിച്ചു പാസ്സായ എബ്രഹാം അച്ചൻ ആ ഭാഷ നന്നായി പഠിപ്പിക്കുകയും ചെയ്യുന്ന ഒരു (B.Ed) ക്വാളിഫൈഡ് അദ്ധ്യാപകൻ കൂടെ ആണ്. കലാപരമായി വളരെയധികം താലന്തുകളുടെ ഉടമ എന്നതിലുപരി, ശാസ്ത്രീയമായി നൃത്തം അഭ്യസിച്ചു അരങ്ങേറ്റം കുറിക്കാൻ അവസരം ലഭിച്ചിട്ടുള്ള ബഥനിയിലെ ചുരുക്കം ചില വൈദികരിൽ ഒരാളാണ് എബ്രഹാം അച്ചൻ. സെമിനാരി പരിശീലനത്തിന്റെ മിക്കവാറും എല്ലാ വർഷങ്ങളിലും അച്ചൻ ഗാർഡൻ മാസ്റ്റർ ആയിരുന്നു. ചെടികളോടും പൂക്കളോടും ഉള്ള അച്ചന്റെ താല്പര്യം ഒട്ടും കുറഞ്ഞിട്ടില്ലെന്നു മാത്രമല്ല അത് കൂടുതൽ ക്രിയേറ്റീവ് ആയിട്ടേ ഉള്ളൂ എന്ന് ജീവാരാമിൽ വരുന്നവർക്ക് അടുത്തറിയാവുന്ന കാര്യമാണ്. ചെടികളും പൂക്കളും മാത്രമല്ല അച്ചന്റെ പരിലാളന ഏറ്റിട്ടുള്ളത്, പക്ഷികളും ജീവജാലങ്ങളും അച്ചന്റെ സന്തതസഹചാരികൾ ആണ്. അവയെ പരിപാലിക്കാനും തീറ്റിപ്പോറ്റാനും അച്ചൻ കാണിക്കുന്ന താല്പര്യം ഏവർക്കും പ്രചോദനം നൽകുന്ന ഒന്നാണ്.

അച്ചന്റെ മുറി മാത്രമല്ല ആശ്രമപരിസരവും വൃത്തിയായും മനോഹരമായും ഇരിക്കാൻ അച്ചൻ എടുക്കുന്ന ശ്രദ്ധയും സമർപ്പണവും സന്യാസമൂല്യങ്ങളുടെ ശരിയായ ജീവിതം തന്നെയാണ്. ആർഭാടങ്ങളില്ലാത്ത ലളിതമായ വസ്ത്രധാരണവും ജീവിതശൈലിയും ഏവരും ശ്രദ്ധിക്കുന്ന വസ്തുതയാണ്.

ഈ കഴിഞ്ഞ വർഷങ്ങളിൽ അച്ചന്റെ കുടുംബവുമായി കൂടുതൽ അടുക്കാനും പല പ്രാവശ്യം വീട്ടിൽ പോകാനും അവസരം ഉണ്ടായി. അച്ചന്റെ സഹോദരന്റെയും സഹോദരിമാരുടെയും മക്കൾക്ക് അവരുടെ 'അപ്പാപ്പി' ഏറെ പ്രിയങ്കരനാണ്. അച്ചന്റെ അനുജൻ ഫിലിപ്പിന്റെ മക്കളായ ആരോണും അൽഫോൻസായും അലോഷിയും അതുപോലെ മറ്റുള്ളവരും അവരുടെ അപ്പാപ്പിയോടു കാണിക്കുന്ന സ്വാതന്ത്ര്യവും അടുപ്പവും വളരെ ഹൃദ്യമായതാണെന്നാണ് എന്റെ അനുഭവം. സ്നേഹനിധിയായ പപ്പയും മമ്മിയും സഹോദരങ്ങളും അതുപോലെ അച്ചന്റെ അർദ്ധസഹോദരിമാരായ സിസ്റ്റേഴ്സും ഒക്കെ ഉള്ള കുടുംബംതന്നെ അച്ചന് സന്തോഷം പകരുന്നതാണ്.

കൂടെ ആയിരിക്കാൻ കഴിഞ്ഞ വർഷങ്ങളിലെ നല്ല അനുഭവങ്ങൾ എന്നും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് മുമ്പോട്ടുള്ള ജീവിതം വിളിച്ചവന്റെ മുമ്പിലുള്ള സമർപ്പണത്തിൽ കൂടുതൽ പ്രതിബദ്ധതയോടെ മുമ്പോട്ടുപോകാൻ എബ്രഹാം അച്ചനെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട് ഒരിക്കൽകൂടി ജൂബിലിമംഗളങ്ങളും ആശംസകളും നേരുന്നു.

www.malankaralibrary.com

# നാഥാ നിനക്കു നന്ദി

**ഫാ. മാത്യൂസ് സി. അഗസ്റ്റിൻ ഒ.ഐ.സി.**

"കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമെടുത്തുർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും. അവിടുത്തെ ജനത്തിന്റെ മുമ്പിൽ കർത്താവിനു ഞാൻ എന്റെ നേർച്ചകൾ നിറവേറ്റും" (സങ്കീ 116:12-14).

സങ്കീർത്തകനോടു ചേർന്ന് ഞാനും പ്രാർത്ഥിക്കുന്നു. ബഥനി ആശ്രമത്തിൽ ഒരു സന്ന്യാസിയായി ഇരുപത്തഞ്ച് വർഷക്കാലം (അല്ല 27) ജീവിക്കാൻ യേശുനാഥൻ എനിക്ക് ഇടയാക്കി.

എന്നെ ബഥനിയിലൂടെ പുണ്യപൂർണ്ണത പ്രാപിച്ച് ദൈവത്തിങ്കലേക്ക് എത്തിച്ചേരാൻ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്ത എല്ലാ ഗുരുക്കന്മാരേയും ആദ്ധ്യാത്മിക പിതാക്കന്മാരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിൽ കൂടെയായിരുന്ന സഹോദരന്മാരെ പ്രത്യേകമായി ഓർക്കുകയും അവരോടൊപ്പം ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. 1996 ജൂൺ 12-നാണ് ഞാൻ ആശ്രമത്തിൽ ചേരുന്നത്. ഞങ്ങളുടെ ആദ്യവ്രതവാഗ്ദാനം ജൂൺ 2, 1998. പഠനം, പരിശീലനം എന്നിവയ്ക്ക് സമൂഹത്തിന്റെ വിവിധ മന്ദിരങ്ങളുടെയും ഗുരുക്കന്മാരുടെയും സഹോദരന്മാരുടെയും നിർലോഭമായ സ്നേഹവും പ്രോത്സാഹനവും ഔദാര്യവും കരുതലും ലഭിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

തിരുവല്ലാ ദയറായിലെ വന്ദ്യ വൈദികരിൽ പലരും മാർ ഈവാനിയോസ് പിതാവിന്റെ കൂടെ ജീവിച്ചവരായിരുന്നു. 'ഗിരിദീപം' വായിച്ചുള്ള അറിവും വല്യച്ചന്മാരുടെ അനുഭവങ്ങളുടെ പങ്കുവയ്ക്കലുകളും ആശ്രമജീവിതത്തോട് കൂടുതൽ താദാത്മ്യപ്പെടുവാൻ കാരണമായി.

പൂനായിലെ പഠനഗൃഹവും JDV-യിലെ പഠനവും ഒരു വിശാല ലോകത്തെ ഉൾക്കൊള്ളാനും നമ്മുടെ സിദ്ധി പരത്താനും ഉപകരിച്ചു.

വൈദികനായതിനുശേഷം കേരളത്തിനു പുറത്ത് ശുശ്രൂഷ ചെയ്യാനും സമൂഹത്തിന്റെ മിക്കവാറും എല്ലാ അപ്പസ്തോലിക പ്രവർത്തനങ്ങളിലും ഭാഗമാകാൻ കഴിഞ്ഞതിലും ദൈവത്തിനു നന്ദി പറയുന്നു.

കാലദേശങ്ങൾക്കതീതമായി ബഥനിയുടെ ചൈതന്യം ആവശ്യമുള്ളിടത്തൊക്കെ നൽകേണ്ടവരാണ് നമ്മൾ എന്ന ബോദ്ധ്യം എത്യോപ്യയിൽ ശുശ്രൂഷ ചെയ്യുന്നതിലൂടെ കൂടുതൽ ബോധ്യമാവുന്നു.

സമൂഹത്തിന്റെ ഉത്തരവാദിത്വം, അതിന്റെ സിദ്ധി സ്ഥാപകപിതാവിന്റെ സ്വപ്നം നാം ഓരോരുത്തരിലൂടെയാണ് പൂവണിയേണ്ടത് എന്ന ബോദ്ധ്യം ആഴത്തിൽ മനസ്സിലാക്കാൻ ഈ ജൂബിലി കാലയളവിൽ ശ്രമിക്കുകയാണ്.

ബഥനിയിലൂടെ എന്നെ രൂപപ്പെടുത്തിയ, രൂപപ്പെടുത്തുന്ന എല്ലാ ഗുരുക്കന്മാർ, ആദ്ധ്യാത്മിക ഉപദേശകർ, അധികാരികൾ പ്രിയ സഹോദരങ്ങൾ ഇവരോടുള്ള നന്ദിയും കടപ്പാടും വളരെ ആദരവോടെ അറിയിക്കട്ടെ. വിവിധ ഭദ്രാസനങ്ങളിൽ ശുശ്രൂഷ ചെയ്തതുവഴി അഭിവന്ദ്യ രൂപതാദ്ധ്യക്ഷരോട് ചേർന്ന് ഇടവക കൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നതിന്, പടുത്തുയർത്തുന്നതിന് സാധിച്ചു. വന്ദ്യ പിതാക്കന്മാർ നൽകിയിട്ടുള്ള സ്നേഹവും പ്രോത്സാഹനവും കരുതലും ഞാൻ നന്ദിയോടെ സ്മരിക്കുന്നു. നമ്മുടെ പിതാവായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ആദ്ധ്യാത്മികത നമ്മിലൂടെ ലോകമെങ്ങും പ്രസരിപ്പിക്കാൻ നമ്മുടെ പ്രാർത്ഥനാപരവും കർമ്മപരവുമായ ജീവിതക്രമം ഉപകരിക്കുമാറാകട്ടെ.

എല്ലാവർക്കും നന്ദി.

www.malankaralibrary.com

# സന്ന്യാസത്തിന്റെ ആനന്ദത്തിന് സാക്ഷ്യം നൽകുന്ന അഗസ്റ്റിൻ അച്ചൻ

ഫാ. സാജൻ തോമസ് ഒ.ഐ.സി.

പുനരൈക്യപ്രസ്ഥാനത്തിന്റെ ഈറ്റില്ലവും ആശ്വാസത്തിന്റെ ഭവനവുമായ ബഥനിയിലൂടെ ക്രിസ്തുവിനെ പിൻതുടർന്ന് സമർപ്പണത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ പൂർത്തിയാക്കുന്ന സഹോദരങ്ങൾക്ക് ആശംസകൾ, പ്രാർത്ഥനകൾ. നിങ്ങളുടെ ജീവിതവും ആരോഗ്യവും ചിന്തകളും ദൈവഹിതത്തോടു ചേർത്തു വെച്ചതിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ, ഈ നിമിഷം ബഥനിക്ക് അഭിമാനത്തിന്റെയും അനുഗ്രഹത്തിന്റെയും വർഷങ്ങളായി പരിണമിച്ചിരിക്കുന്നു. വഴി നടത്തുന്ന ദൈവം തുടർന്നും തുണയായിരിക്കട്ടെ!

ജൂബിലിക്കാരിൽ തല മുതിർന്നവനായ ബഹു.അഗസ്റ്റിൻ കാവുങ്കൽ അച്ചനെ ഈ അവസരത്തിൽ പ്രത്യേകമായി ഓർക്കുന്നതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ട്. ഹിപ്പോയിലെ വി.അഗസ്റ്റീനോസ് മാനസാന്തരത്തിലൂടെ ക്രിസ്തുവിലേക്ക് തിരിഞ്ഞപ്പോൾ ആ നാമധാരിയായ മുഖത്തലയിലെ അഗസ്റ്റിൻ, തന്നിൽ നിറഞ്ഞുനിന്നിരുന്ന ദൈവിക ബോധത്തിന്റെ തുടർച്ചയെന്നോണം ബഥനിയിലൂടെ ക്രിസ്തുവിനെ അടുത്ത് പിൻതുടരാനുള്ള ദൈവിക പദ്ധതിയോട് സഹകരിക്കുകയായിരുന്നു. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ക്ഷണപ്രകാരം ദിവംഗതനായ വന്ദ്യ കത്ബർട്ട് കളിയാനിൽ OFM cap. അച്ചൻ മുഖത്തലയിൽ തെളിയിച്ച ആത്മീയദർശനം, അതിന്റെ തനിമയിൽ ഉൾക്കൊണ്ട മാതാപിതാക്കളുടെ അനുഗ്രഹീത മകനായ അഗസ്റ്റിൻ അച്ചനിലേക്ക് എത്തിച്ചേരുകയായിരുന്നു.

അപ്രകാരം ദൈവത്തോടും സഭയോടും സഹജീവികളോടുമുള്ള ബന്ധത്തിൽ ആത്മാർത്ഥമായ ഇഴുകിചേരലിന്റെ സൂചനകളും സാധ്യതകളും അദ്ദേഹം പ്രകടമാക്കിയിരുന്നു. തന്റെ ആ സാധ്യതകളെ ദൈവം ബഥനിയിലൂടെ പരിപാലിച്ച് അനേകർക്ക് നന്മയും ആശ്വാസവുമായി പരിണമിച്ചുകൊണ്ടിരിക്കുന്നു.

ദൈവാത്മാവ് ഏലിയാ പ്രവാചകനിലൂടെ ഏലീഷായെ തെരഞ്ഞെടുത്തപ്പോൾ, ആ തെരഞ്ഞെടുപ്പ് അംഗീകരിച്ചതു തന്റെ ജീവനോപാധിയായ "കലപ്പ കത്തിച്ച് മാംസം പാകം ചെയ്തു ജനത്തിന് നൽകി"കൊണ്ടാണ് (1രാജാ 19:21). കുടുംബത്തിലെ മുതിർന്ന മകൻ എന്ന നിലയിൽ മാതാപിതാക്കൾക്ക് പിൻതുണ നൽകാൻ അനുയോജ്യമായ സാധ്യത, അദ്ധ്യാപകവൃത്തി, സധൈര്യം ഉപേക്ഷിച്ച് അഗസ്റ്റിൻ അച്ചൻ തന്റെ സന്ന്യാസവിളിയ്ക്കു മുന്നിൽ സർവ്വതും നിസ്സാരമായി കാണുകയായിരുന്നു. അതായത്, ക്രിസ്താനുകരണമാകുന്ന വിലയേറിയ രത്നം സ്വന്തമാക്കിയ സുവിശേഷത്തിലെ ഊർജ്ജസ്വലനായ വ്യാപാരിയെപ്പോലെ (മത്തായി 13:46).

www.malankaralibrary.com

“ദൈവസേവനത്തെ ജീവിതപ്രമാണമാക്കുന്നവനും ദൈവഭക്തിയിൽ പരിപോഷിപ്പിക്കപ്പെടുന്നവനും ആയിരിക്കണം” ഒരു ബഥാന്യൻ എന്ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വ്യക്തമാക്കുന്നുണ്ട് (ഗിരിദീപം 61, 2007). പ്രിയ ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചന്റെ ജീവിതത്തിൽ തെളിഞ്ഞുനിൽക്കുന്ന ബഥാന്യൻ ഭാവം ഏറെ ശ്രദ്ധേയമാണ്. ആഴമായ ദൈവാശ്രയബോധം, വിശുദ്ധ കുർബാനയോടും പരിശുദ്ധ ദൈവമാതാവിനോടുമുള്ള നിർമ്മലമായ ആത്മബന്ധം, മുതിർന്നവരോടുള്ള സ്നേഹത്തിൽ ചാലിച്ച ആദരവ്, സമപ്രായക്കാരോടുള്ള സ്വാതന്ത്ര്യം, ഇളയസഹോദരങ്ങളോടുള്ള വാത്സല്യവും തിരുത്തൽ നൽകാനുള്ള സാഹോദര്യബുദ്ധിയും, രോഗികളോടും പാവങ്ങളോടും ഉള്ള അലിവും അനുകമ്പയും ഇപ്രകാരമുള്ള മാനുഷിക മൂല്യങ്ങൾ ഈ സന്ന്യാസിയിൽ തെളിഞ്ഞു നിൽക്കുമ്പോൾ ക്രിസ്തുവിന്റെ മുഖഛായയാണ് അദ്ദേഹത്തിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുക എന്നതിൽ യാതൊരു സംശയവുമില്ല.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ “സുവിശേഷത്തിന്റെ ആനന്ദം” (2013) സമർപ്പിതരുടെ ജീവിതത്തിൽ നിരന്തരം പ്രകടമാകണമെന്നും അത് സാധ്യമാകുന്നത് പരിധികളില്ലാതെ “സഹജീവികളോടുള്ള കരുതലിലും സേവനത്തിലൂടെയും” (To All Consecrated People, 2014) ആയിരിക്കണമെന്നും പഠിപ്പിക്കുന്നു. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ അഗസ്റ്റിൻ അച്ചൻ താൻ ഏറ്റെടുത്തിരിക്കുന്ന സന്ന്യാസ പൗരോഹിത്യത്തിന്റെ ആനന്ദം എത്യോപ്യൻ മിഷനിലെ വെല്ലുവിളികൾ നിറഞ്ഞതും ക്രിയാത്മകവുമായ ഇടപെടലിലൂടെ അനേകം ദൈവമക്കൾക്ക് പകർന്നു നൽകി കൊണ്ടിരിക്കുന്നു.

പരിശുദ്ധ സഭയുടെ ആത്മീയ കരുത്ത് സന്ന്യാസവും, സഭയുടെ അലങ്കാരം പള്ളികളും ദയറാകളും അവയുടെ സുകൃതങ്ങളും ലാളിത്യവുമാണ്. “സന്ന്യാസ സമർപ്പിത ജീവിതം സഭയ്ക്കുള്ള സമ്മാനമാണ്; അത് സഭയിൽ ജന്മമെടുക്കുന്നു; സഭയിലൂടെ വളരുന്നു. സന്ന്യാസം സഭയുടെ ആത്മീയ ഉന്നതിയിലേക്ക് കേന്ദ്രീകൃതമായിരിക്കുന്നു” (JM Bergoglio, 1994) സഭയിൽ സന്ന്യാസജീവിതത്തിന്റെ പ്രാധാന്യം ഇതിൽ കൂടുതൽ വിവരിക്കേണ്ടതില്ല. ഈ ദർശനം ഹൃദയത്തിൽ സൂക്ഷിച്ചു ധീരമായ ചുവടുകൾ വയ്ക്കുവാൻ ബഥനിയിലൂടെ, മലങ്കര സഭയിലൂടെ, ആഗോള സഭാകൂട്ടായ്മയിലൂടെ പ്രിയപ്പെട്ട അഗസ്റ്റിൻ അച്ചനെ ദൈവം തുടർന്നും ഇടയാക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# എല്ലാം നിന്റെ ദാനം

ഫാ. ജെയിംസ് ഇല്ലിത്തറയിൽ ഒ.ഐ.സി.

അവിടുത്തെ അടുത്തറിയാൻ ലഭിച്ച ഇരുപത്തഞ്ചു വർഷം...
മിശിഹായെ അനുകരിക്കാൻ ലഭിച്ച ഇരുപത്തഞ്ചു വർഷം...
അവിടുത്തെ അനുകരിക്കുവാൻ പരിശ്രമിച്ച ഇരുപത്തഞ്ചു വർഷം...
അവിടുത്തെ അനുഭവിച്ചറിയാൻ ലഭിച്ച

പിന്നിട്ട ഈ വർഷങ്ങൾ ദൈവത്തിന്റെ കരുത്തുറ്റ കരങ്ങളിൽ ബലഹീനനായ എന്റെ കരങ്ങൾ ചേർത്തുവെച്ചു നടന്നപ്പോൾ അവിടുത്തെ അവർണനീയമായ കരുതലിന്റെയും സംരക്ഷണത്തിന്റെയും അനുഭവങ്ങൾ ആയിരുന്നു.

വിളിച്ചു എന്നെ അനുഗ്രഹിച്ചു
തന്റെ വരങ്ങൾ എന്നെ നിറച്ചു
വിളിച്ചത് നാഥനല്ലോ തന്റെ
വിളിയൊരു ദാനമല്ലോ

യോഗ്യത എന്നിലില്ല
ശ്രേഷ്ഠമായൊന്നുമില്ല

സന്ന്യാസ ജീവിതമാകുന്ന പുസ്തകത്തിലെ പിന്നിട്ട 25 അദ്ധ്യായങ്ങൾ തുറന്നു നോക്കുമ്പോൾ ഓരോ പേജുകളിലും കാണുന്നതും അറിഞ്ഞതും അനുഭവിച്ചതും മുകളിൽ ഉദ്ധരിച്ച വരികൾ മാത്രം.

അതോടൊപ്പം "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്" എന്ന തിരുവചനം എന്നെ നിരന്തരം എളിമപ്പെടുത്തുന്നു. അപ്പോൾ ഒന്ന് മാത്രമേ പറയാനുള്ളു. "കർത്താവ് അങ്ങ് ചെയ്ത ഉപകാരങ്ങൾക്കു പകരമായി ഞാൻ എന്തു നൽകും, രക്ഷയുടെ പാനപാത്രമെടുത്തു കർത്താവിന്റെ നാമം ഞാൻ..." (സങ്കീ.)

നിസാരമെന്നു മറ്റുള്ളവർക്ക് തോന്നാവുന്ന ഉത്തരവാദിത്വങ്ങൾ ബഥനി സമൂഹം ബലഹീനനായ എന്നെ ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ ഏറെ ആത്മാർത്ഥതയോടും തീക്ഷ്ണതയോടും ചെയ്യുവാൻ തമ്പുരാൻ അവിടുത്തെ കൃപ എന്റെ മേൽ വർഷിച്ചു. അത് മാത്രമായിരുന്നു എന്റെ ബലവും തുണയും ആശ്രയവും എന്ന് സാക്ഷ്യപ്പെടുത്തുവാൻ ഏറെ ആഗ്രഹിക്കുന്നു. ജന്മം നൽകി ഇരുപത്തഞ്ചു വർഷം സ്നേഹിച്ചു വളർത്തുകയും മറ്റുള്ളവരെ സ്നേഹിക്കുവാനും കരുതുവാനും ജീവിതത്തിന്റെ എല്ലാ വശങ്ങളും പഠിപ്പിച്ചു തന്ന എന്റെ പ്രിയപ്പെട്ട മാതാപിതാക്കളെയും സഹോദരങ്ങളെയും ഓർക്കുന്നു. 1996 ഓഗസ്റ്റ് മാസം 6-ന് തേജസ്കരണ തിരുനാളിൽ ബഹുമാനപ്പെട്ട ജോസഫ് മേനാക്കളീക്കൽ ഒ.ഐ.സി. അച്ചനും ഞാനും ഞങ്ങളുടെ മാതാപിതാക്കളോടൊപ്പം തിരുവല്ല ബഥനി ആശ്രമത്തിൽ പോയ ദിനം

www.malankaralibrary.com

ഇന്നും ഓർമ്മയിൽ നിറയുന്നു. അന്നുമുതൽ ഇന്നുവരെയും സന്ന്യാസ ജീവിതത്തിന്റെ മൂല്യങ്ങൾ പഠിപ്പിച്ച് ജീവിതത്തിലൂടെ കാണിച്ചുതന്ന എല്ലാ ഗുരുക്കന്മാരെയും ആശ്രമ സഹോദരന്മാരെയും ബഹുമാനത്തോടെയും സ്നേഹത്തോടെയും ഓർത്തുകൊണ്ട് നന്ദി അർപ്പിക്കുന്നു. പ്രത്യേകിച്ച് എന്റെ ഗുരുക്കന്മാരായിരുന്ന ബഹു.സജി ഇടനാട്ടച്ചൻ, തോമസ് റെജി പടിഞ്ഞാറ്റേമേലേതിൽ അച്ചൻ, ചാക്കോ ഏറത്ത് അച്ചൻ (അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ്), ആന്റണി വലിയവിളയിൽ അച്ചൻ (അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ്), ജെയിംസ് പുതുപ്പറമ്പിൽ അച്ചൻ എന്നിവരെ ഓർത്ത് നന്ദി അർപ്പിക്കുന്നു.

1998-ൽ സന്ന്യാസ വ്രതം സ്വീകരിച്ച് മിശിഹായെ അനുകരിക്കുവാൻ ഇരുപത്തിയഞ്ചു വർഷം പരിശ്രമിക്കുകയായിരുന്നു. "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (1 യോഹ.15:5) എന്ന കർത്താവിന്റെ മൊഴികളിൽ വിശ്വസിച്ച് അവനോടു ചേർന്ന് നിന്നുകൊണ്ട് ചെയ്യുവാൻ കഴിഞ്ഞതിൽ ഏറെ സന്തോഷവും അനുഭവവും എനിക്കുണ്ട്.

2004-ൽ വൈദികനായി കലയപുരം ആശ്രമത്തിന്റെ സുപ്പീരിയർ, മാർ ഈവാനിയോസ് സ്കൂൾ ബർസർ, കലയപുരം ദൈവമാതാ മലങ്കര കത്തോലിക്കാ പള്ളിയുടെയും താമരക്കുടി സെന്റ് തോമസ് ഇടവകയുടെ വികാരിയായും രണ്ടുവർഷം ശുശ്രൂഷ ചെയ്ത് എന്റെ പൗരോഹിത്യ ജീവിതത്തിന്റെ അടിസ്ഥാനമായിരുന്നു.

2006-ൽ നാലാഞ്ചിറ പ്രൊവിൻഷ്യൽ ആശ്രമാംഗമായി നവജീവൻ ബഥനി വിദ്യാലയ പ്രിൻസിപ്പലായും ഉത്തരവാദിത്വങ്ങൾ നിർവഹിക്കന്നതിനോടൊപ്പം കുതിരകളം, വെളിയന്നൂർ ഇടവകയുടെ വികാരിയായും സേവനമനുഷ്ഠിച്ചു. നെടുമങ്ങാട് വൈദികജില്ലയുടെ എം.സി.വൈ.എം. ഡയറക്ടറായും ശുശ്രൂഷ ചെയ്തു. ഈ ഒരു വർഷംകൊണ്ട് കുതിരകളം ദേവാലയത്തിന്റെ പുനരുദ്ധാരണം ഭംഗിയായി ചെയ്യുവാനുള്ള അവസരം ലഭിച്ചു.

2007 മുതൽ 2009 വരെ ആങ്ങമൂഴി ആശ്രമാംഗമായി നിയമിതനായി കോട്ടമൺപാറ, പമ്പാവാലി, മൂലക്കയം എന്നീ ഇടവകയുടെ വികാരിയായും റാന്നി-പെരുന്നാട് വൈദിക ജില്ലയുടെ എം.സി.വൈ.എം ഡയറക്ടറായും ശുശ്രൂഷ ചെയ്തു. ഈ കാലയളവിൽ നിലയ്ക്കൽ എക്യുമെനിക്കൽ സെന്റർ അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ചു.

2009-ൽ നടന്ന നാലാമത് പ്രൊവിൻഷ്യൽ സിനാക്സിസിൽ പ്രൊവിൻഷ്യൽ സെക്രട്ടറിയായി ഞാൻ തെരഞ്ഞെടുക്കപ്പെടുകയും നാലാഞ്ചിറ നവജീവൻ ബഥനി വിദ്യാലയത്തിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിതനാവുകയും ചെയ്തു. 2009 മുതൽ 2012 വരെ മണ്ടേല, പരുത്തുക്കുഴി ഇടവകകളുടെ വികാരിയായും, നെടുമങ്ങാട് വിശ്വാസ പരിശീലന കാര്യാലയത്തിന്റെ ഡയറക്ടറായും ശുശ്രൂഷ ചെയ്തു. 2010-2015 വരെ നവജീവൻ ബഥനി വിദ്യാലയത്തിന്റെ പ്രിൻസിപ്പലായി വീണ്ടും ശുശ്രൂഷ ചെയ്യുവാൻ അവസരം ദൈവം നൽകി. 2012 പരുത്തിക്കുഴി ഇടവക വികാരിസ്ഥാനം ഒഴിയുകയും മണ്ടേല ഇടവകയുടെ ഉത്തരവാദിത്വം 2015 വരെ തുടരുകയും ചെയ്തു. 2012-ൽ നടന്ന അഞ്ചാമത് പ്രൊവിൻഷ്യൽ സിനാക്സിസ് തെരഞ്ഞെടുക്കപ്പെട്ടു. ഒരേ സമയം പ്രൊവിൻഷ്യൽ സെക്രട്ടറിയായും നവജീവൻ ബഥനി വിദ്യാലയ പ്രിൻസിപ്പൽ-അഡ്മിനിസ്ട്രേറ്ററായും ഇടവകയുടെ വികാരിയായും ശുശ്രൂഷ

www.malankaralibrary.com

ചെയ്യുവാൻ എനിക്ക് കഴിഞ്ഞത് ദൈവപരിപാലന ഒന്നുകൊണ്ട് മാത്രമാണെന്ന് ഞാൻ പൂർണമായും വിശ്വസിക്കുന്നു. അതോടൊപ്പം സമൂഹാംഗങ്ങളുടെ പ്രോത്സാഹനവും കരുതലും എനിക്ക് ബലമായിരുന്നു.

2015-ൽ കാഞ്ഞിരംകുളം ബഥനി ആശ്രമ സുപ്പീര്യറായും മാർ ഈവാനിയോസ് ബഥനി വിദ്യാലയ പ്രിൻസിപ്പലായും കാഞ്ഞിരംകുളം, മാർ അപ്രേം നഗർ വികാരിയായും നിയമിതനായി. ഇടവകയോടും ഇടവക ജനങ്ങളോടും ചേർന്ന് ശുശ്രൂഷ ചെയ്യണമെന്ന എന്റെ പ്രാർത്ഥനയ്ക്ക് ദൈവം നൽകിയ സമ്മാനമായിരുന്നു കാഞ്ഞിരംകുളം പള്ളി.

2017 മുതൽ 2022 വരെ യു.എസ്.എ.-യിൽ റോക്ക്‌വിൽ സെന്റർ (Rockville Centre) രൂപതയുടെ ഗുഡ് സമരിറ്റൻ (Good Samaritan Medical Centre Hospital) ഹോസ്പിറ്റലിൽ Priest Chapalin ആയി ശുശ്രൂഷ ചെയ്യുവാൻ സമൂഹം എനിക്ക് അവസരം നൽകി. ഒരിക്കലും പ്രതീക്ഷിക്കാതെ ലഭിച്ച ഒരു അവസരം. ജീവിതത്തിൽ ഒത്തിരി കാര്യങ്ങൾ മനസിലാക്കുവാനും എന്നെത്തന്നെ വിലയിരുത്തുവാനും കിട്ടിയ സുവർണാവസരം. ഒരു ദിവസം കുറഞ്ഞത് അമ്പതു രോഗികൾക്ക് തൈലാഭിഷേകം നൽകുവാനും മരണമടയുന്നവരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുവാനും അവരോടൊപ്പം ആയിരിക്കുവാനും പ്രാർത്ഥിക്കുവാനും കിട്ടിയ അവസരങ്ങൾ എന്റെ സന്ന്യാസ വൈദിക ജീവിതം അനേകർക്ക് ആശ്വാസമേകുവാനും ആശ്വാസം ആകുവാനുമുള്ളതാണെന്ന ബോദ്ധ്യം എന്നിൽ കൂടുതലായി രൂപപ്പെട്ട വർഷങ്ങളായിരുന്നു.

പരീക്ഷകൾ വരുമ്പോൾ സകല പാപങ്ങളേയും ജയിച്ച ജയവീരനായ കർത്താവിന്റെ ശരീരമാണ് കുർബാനയിൽ നീ കൈക്കൊണ്ടിരിക്കുന്നതെന്നും
അതുകൊണ്ട് നിനക്ക് സകല പാപങ്ങളേയും ജയിപ്പാൻ കഴിയും എന്നും ഓർക്കുക.

*- ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# പുരോഹിതനും ഗുരുവുമായ ജെയിംസ് അച്ചൻ

ഫാ. സജി സൈമൺ ഒ.ഐ.സി.

1971–ൽ കറ്റാനത്ത് ജനിക്കുകയും കറ്റാനം പോപ്പ് പയസ് സ്കൂളിൽ പ്രഥമ പഠനവും 1987–ൽ എസ്.എസ്.എൽ.സി.യും പൂർത്തിയാക്കി പിന്നീട് എം.എസ്.എം. കോളേജ് കായംകുളത്ത് പ്രീ–ഡിഗ്രയും ഡിഗ്രിയും പൂർത്തിയാക്കുകയും അതിനുശേഷം ഇംഗ്ലീഷിൽ എം.എ.ബിരുദവും പൂർത്തിയാക്കി 1995–'96 വർഷം തിരുവനന്തപുരം മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജിൽ ഗണിതശാസ്ത്രത്തിൽ ബി.എഡും പൂർത്തിയാക്കി 1997–ൽ തന്റെ ഇരുപത്തിയഞ്ചാം വയസിൽ ജെയിംസ് തിരുവല്ലാ ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചു. ബാല്യകാലത്ത് കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ അൾത്താര ബാലനായി ശുശ്രൂഷ ചെയ്തതും ബഥനി ആശ്രമത്തോടും, ബഥനി ആശ്രമത്തിലെ വൈദികരോടും ഉള്ള സംസർഗ്ഗവും യുവാവായിരുന്നപ്പോൾ മലങ്കര കത്തോലിക്കാ സഭയുടെ എം.സി.വൈ.എം. എന്ന സംഘടനയിൽ പ്രവർത്തിച്ച സമയത്തുമെല്ലാം വൈദികനാകണമെന്നുള്ള ഒരു ആഗ്രഹം ബാലനായ ജെയിംസിന്റെ ഉള്ളിൽ മുള പൊട്ടിയിരുന്നു. എന്നാൽ അതേസമയം ഒരു അധ്യാപകനാകണമെന്നും അതുവഴി അനേകം പേർക്ക് വിദ്യയാകുന്ന വെളിച്ചം പകർന്നുകൊടുക്കണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിന്റെ മനസിലുണ്ടായിരുന്നു. ഇരുപത്തഞ്ച് വയസായപ്പോൾ ഒരു അദ്ധ്യാപകനായി തീർന്ന് വിദ്യാർത്ഥികൾക്ക് വിദ്യ പകർന്നു കൊടുക്കുകയും അതുപോലെ തന്നെ ദൈവജനത്തിന് യേശുവിനെ പകർന്നു കൊടുക്കുകയും ചെയ്യുവാൻ തനിക്ക് സാധിക്കും എന്ന ബോധ്യത്തിൽ അദ്ദേഹം എത്തിച്ചേരുകയും ബഥനി ആശ്രമത്തിലേക്ക് ഉറപ്പോടെ കാലെടുത്തു വയ്ക്കുകയും ചെയ്തു.

പരിശീലനകാലത്ത് എല്ലാ തലങ്ങളിലും മുൻപന്തിയിലായിരുന്ന ബ്രദർ ജെയിംസ് 2004–ൽ കോട്ടയം ഗിരിദീപം ആശ്രമത്തിൽവച്ച് വന്ദ്യ ഐസക് മാർ ക്ലീമീസ് പിതാവിന്റെ കയ്പയ്പിനാൽ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് പ്രവേശിച്ചു. തുടർന്ന് കലയപുരം ആശ്രമത്തിൽ അംഗമാവുകയും MIBS സ്കൂളിന്റെ അഡ്മിനിസ്ട്രേറ്ററും, കലയപുരം, താമരക്കുടി എന്നീ ഇടവകകളുടെ വികാരിയുമായി സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

2006–'07 വർഷങ്ങളിൽ നാലാഞ്ചിറ പ്രൊവിൻഷ്യൽ ആശ്രമത്തിലായിരുന്നുകൊണ്ട് നവജീവൻ വിദ്യാലയത്തിന്റെ ഡയറക്ടറും നെടുമങ്ങാട്ടുള്ള കുതിരകളം, വെളിയന്നൂർ ദേവാലയങ്ങളുടെ വികാരിയുമായും സേവനം അനുഷ്ഠിച്ചു. അതേ തുടർന്ന് ആങ്ങമൂഴി ആശ്രമത്തിന്റെ സുപ്പീര്യറായും, നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിന്റെ അഡ്മിനിസ്ട്രേറ്ററായും അദ്ദേഹം നിയമിക്കപ്പെട്ടു. ഈ അവസരത്തിൽ കോട്ടമൺപാറ, മൂലക്കയം, പമ്പാവാലി, ആങ്ങമൂഴി എന്നീ ദേവാലയങ്ങളുടെ വികാരിയായും അച്ചൻ സേവനം ചെയ്തു. 2009–ലെയും, 2012–ലെയും നവജീവൻ പ്രൊവിൻഷ്യൽ സിനാക്സിസിൽ സെക്രട്ടറിയായി അദ്ദേഹം തെരഞ്ഞടുക്കപ്പെടുകയും ഈ കാലയളവിൽ നവജീവൻ പ്രൊവിൻഷ്യൽ ആശ്രമത്തിലായിരുന്നുകൊണ്ട് നവജീവൻ ദേവാലയത്തിന്റെ

www.malankaralibrary.com

അഡ്മിനിസ്ട്രേറ്ററായും പരുത്തിക്കുഴി, മുണ്ടേല ഇടവകകളുടെ വികാരിയുമായും അദ്ദേഹം സേവനം ചെയ്തു.

2015-ൽ കാഞ്ഞിരംകുളം ആശ്രമത്തിലേക്ക് അദ്ദേഹം നിയോഗിക്കപ്പെടുകയും അവിടെ അദ്ധ്യക്ഷനാവുകയും അവിടെ ആരംഭിച്ച മാർ ഈവാനിയോസ് വിദ്യാലയത്തിന്റെ പ്രിൻസിപ്പളായി നിയമിക്കപ്പെടുകയും കാഞ്ഞിരംകുളം, അപ്രേം നഗർ എന്നീ ഇടവകകളുടെ വികാരിയായും സേവനം ചെയ്യുകയും ചെയ്തു.

2017-ൽ അമേരിക്കയിലെ റോക്ക്‌വിൽ രൂപതയിലേക്ക് അദ്ദേഹം പോവുകയും അവിടെ ഗുഡ് സമരിറ്റൻ ഹോസ്പിറ്റലിലെ ചാപ്ലെയിനായി സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുകയും ചെയ്ത് 2021-ൽ അദ്ദേഹം തിരികെ ഇൻഡ്യയിലേക്ക് മടങ്ങുകയും ചുനക്കര ആശ്രമത്തിലേക്ക് നിയമിക്കപ്പെടുകയും ചുനക്കര ചെറുപുഷ്പ സ്കൂളിന്റെ പ്രിൻസിപ്പളായി നിയോഗിക്കപ്പെടുകയും ചെയ്തു. ഈ ആശ്രമത്തിൽ ബഹു.ജെയിംസച്ചനോടൊപ്പം ജീവിക്കുമ്പോൾ അദ്ദേഹത്തിൽ എനിക്ക് ദർശിക്കാവുന്ന ചില നന്മകളാണ് ഈ ലേഖനത്തിലൂടെ ഞാൻ എഴുതുന്നത്. ഒരു നല്ല അദ്ധ്യാപകൻ എന്ന നിലയിലും ഒരു നല്ല സന്ന്യാസവൈദികൻ എന്ന നിലയിലും ബഹു.ജെയിംസ് അച്ചൻ ബഥനി സമൂഹത്തിന് വലിയ മുതൽക്കൂട്ടാണ് അദ്ദേഹത്തോടൊപ്പം ജീവിക്കുന്നതിനും അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് ധാരാളം കാര്യങ്ങൾ പഠിക്കുന്നതിനും എനിക്ക് സാധിച്ചിട്ടുണ്ട്. സന്ന്യാസജീവിതത്തിന്റെ രജത ജൂബിലി ജെയിംസ് അച്ചൻ ആഘോഷിക്കുന്ന ഈ വേളയിൽ എല്ലാ ദൈവാനുഗ്രഹങ്ങളും അച്ചന് നേരുന്നു.

2022-'23 അധ്യയന വർഷാരംഭത്തിൽ പ്രിൻസിപ്പലായി റവ.ഫാ. ജെയിംസ് വർഗ്ഗീസ് ഇല്ലിത്തറയിൽ ഒ.ഐ.സി. ചെറുപുഷ്പയിൽ ചാർജ്ജെടുത്തു. നിമിഷനേരംകൊണ്ട് ലോകത്തെ ആകമാനം നിശ്ചലമാക്കിയ മഹാവ്യാധി സി.ബി.എസ്.ഇ. സ്കൂളുകൾക്കുണ്ടാക്കിയ പ്രതിസന്ധി ചെറുപുഷ്പയേയും ബാധിച്ച കാലഘട്ടത്തിലാണ് അച്ചൻ ഈ സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തത്. അപ്പോഴത്തെ സാഹചര്യത്തിൽ ശ്രമകരമായ ഒരു ദൗത്യം ആയിരുന്നു അത്. മാനേജ്മെന്റിനുണ്ടായ ഭീമമായ സാമ്പത്തിക പ്രതിസന്ധിയും, സ്കൂളിലെ കുട്ടികളുടെ എണ്ണത്തിലുണ്ടായ ഗണ്യമായ കുറവും അദ്ദേഹത്തിന്റെ മുമ്പിൽ പരിഹരിക്കപ്പെടേണ്ട യാഥാർത്ഥ്യങ്ങളായിരുന്നു. സ്കൂളിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായ അത്തരം പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തമായി മാറി.

പുതിയ മാറ്റത്തിന് വഴിയൊരുക്കി കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ആദ്യചുവടുവയ്പ്പ്. പ്രസന്നമായ മുഖഭാവവും ദൈവീകത തുളുമ്പുന്ന വാക്കുകളും അജ്ഞാതശക്തി സ്ഫുരിക്കുന്ന കണ്ണുകളും ഒക്കെയായി കർമ്മനിരതനായ ആ ഉന്നത വ്യക്തിത്വം ചെറുപുഷ്പയിൽ ആകെ നിറഞ്ഞു.

പ്രഥമ പ്രസംഗത്തിൽ തന്നെ കർമ്മ നിരതനായ ഒരു വ്യക്തിയാണ് എന്നും, ചെയ്യുന്ന ജോലിയോട് നൂറുശതമാനം ആത്മാർത്ഥത പുലർത്തുകയും മറ്റുള്ളവരും അങ്ങനെതന്നെ ആയിരിക്കണം എന്ന് നിർബന്ധവുമുള്ള വ്യക്തിയാണെന്നും തിരിച്ചറിഞ്ഞു. ഏതു പ്രവർത്തനത്തേയും ശ്രദ്ധയോടെ വീക്ഷിക്കുവാനും അതിന്റെ കുറവുകൾ കണ്ടെത്തി

www.malankaralibrary.com

പരിഹരിക്കുവാനും ഉള്ള അദ്ദേഹത്തിന്റെ നിരീക്ഷണപാടവം മറ്റുള്ളവർക്കും ഒരു മാതൃകയാണ്. ചെറിയ കാര്യങ്ങൾക്കുപോലും അതിന്റേതായ പ്രാധാന്യം നൽകി കുറ്റമറ്റതാക്കി ചെറുപുഷ്പയെ പരിപൂർണതയിൽ എത്തിക്കണം എന്ന് അദ്ദേഹം ആഗ്രഹിക്കുന്നു.

സ്കൂളിന്റെ നിലവാരം ഉയർത്തുവാനുള്ള താല്പര്യം കാരണം അധ്യാപകയോഗങ്ങളിൽ പഠനനിലവാരം ഉയർത്തുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും അധ്യാപകരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആരായുകയും ചെയ്യും. അധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഓറിയന്റേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി.

തെറ്റുകൾ ചൂണ്ടിക്കാണിക്കുമെങ്കിലും ഒരു സ്റ്റാഫിനെയോ വിദ്യാർത്ഥിയെയോ നിശിതമായി വിമർശിക്കുകയോ പരിഹസിക്കുകയോ ചെയ്യാറില്ല. വിദ്യാർത്ഥികളോട് സർവഥാ സ്നേഹത്തോടും വാത്സല്യത്തോടും മാത്രമേ പെരുമാറാറുള്ളു. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ വേണ്ടി എന്തെല്ലാം ചെയ്യാമോ (നൈറ്റ് ക്ലാസ് ഉൾപ്പെടെ) അതെല്ലാം ഫലവത്തായി ചെയ്യും. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടുവരാൻവേണ്ടി പ്രത്യേകം ക്ലാസുകൾ (Premedical) ക്രമീകരിച്ചു. പാഠ്യേതര വിഷയങ്ങളിലും അദ്ദേഹം അതീവ ശ്രദ്ധ പുലർത്തുന്നു.

ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വേണ്ടത്രം അച്ചടക്കം അനിവാര്യമാണെന്നും അധ്യയന മാധ്യമം ഇംഗ്ലീഷ് ആയതുകൊണ്ട് കുട്ടികൾ ഇംഗ്ലീഷ് സംസാരിക്കേണ്ടത് അത്യാവശ്യമാണെന്നും ആയതിനാൽ അധ്യാപകരും വിദ്യാർത്ഥികളും സ്കൂൾ കാമ്പസിൽ ഇംഗ്ലീഷിലേ സംസാരിക്കാവൂ എന്ന് നിഷ്കർഷ പുലർത്തിയതുകൊണ്ട് അവരുടെ ഭാഷാ നൈപുണ്യം വളർത്താൻ കഴിഞ്ഞു.

പ്രിൻസിപ്പാൾ എന്ന നിലയിൽ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ കൈയൊപ്പ് ഉണ്ടായിരിക്കുകയും അധ്യാപകരുടെ പ്രവർത്തനങ്ങളെ ഏകീകരിക്കാൻ അത് സഹായിക്കുകയും ചെയ്തു. പ്രഭാത മീറ്റിംഗിൽ അന്നേ ദിവസത്തെ സ്കൂൾ പ്രവർത്തനത്തെ കുറിച്ച് വിവരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. പിറന്നാൾ ആഘോഷിക്കുന്നവർക്ക് ആശംസകൾ നേരുന്നതിലൂടെ സ്റ്റാഫ് അംഗങ്ങളെ പക്ഷപാതമില്ലാതെ പരിഗണിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞുവരുന്നു.

വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനെത്തുന്ന രക്ഷാകർത്താക്കളെ ശ്രദ്ധയോടെ കേൾക്കുകയും അവരുടെ സാഹചര്യങ്ങൾ മനസിലാക്കി പ്രവർത്തിക്കുകയും ചെയ്തതുമൂലം അദ്ദേഹം രക്ഷാകർത്താക്കളുടെ പ്രിയപ്പെട്ടവനായി മാറി. ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ ചെയ്യാനുള്ള അദ്ദേഹത്തിന്റെ പ്രാവീണ്യം ശ്ലാഘനീയമാണ്.

ചെറുപുഷ്പയിലെ നാഴികക്കല്ലായി തീരും അദ്ദേഹത്തിന്റെ ഔദ്യോഗിക കാലഘട്ടം.

www.malankaralibrary.com

# നന്ദി ദൈവമേ! നന്ദി ദൈവമേ!

**ഫാ. ജോസഫ് മേനാക്കളീക്കൽ ഒ.ഐ.സി.**

നന്ദി ദൈവമേ! നന്ദി ദൈവമേ!
നിത്യവും നിത്യവും നന്ദി ദൈവമേ!

ദൈവകരുണയുടെ ഇരുപത്തിയഞ്ച് വർഷങ്ങൾ സന്ന്യാസജീവിതത്തിൽ ഞാൻ പൂർത്തിയാക്കുമ്പോൾ എന്റെ നെഞ്ചിൽ ചേർത്തുവച്ച് ഈ ഗാനം പാടുവാൻ ഞാൻ ആഗ്രഹിക്കുന്നു. വെറും മൺപാത്രമാകുന്ന എന്നെ വിളിക്കുകയും എന്നെ രൂപപ്പെടുത്തുകയും ചെയ്തുകൊണ്ട് ഈ സന്ന്യാസ സമൂഹത്തിൽ പ്രവേശിച്ച് ദൈവസേവനം ചെയ്തുകൊണ്ട് സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം ആകുന്ന സന്ന്യാസജീവിതം അതിന്റെ പൂർണ്ണതയിൽ അനുഭവിക്കുവാൻ സാധിക്കുന്നതിനാൽ ദൈവത്തിനും ഈ സന്ന്യാസി സമൂഹത്തിനും നന്ദി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ബഥനി എനിക്ക് എന്നും സ്നേഹവും വാത്സല്യവും പകരുന്ന ഒരു അമ്മയാണ്. ഏതു സങ്കടങ്ങൾ വന്നാലും ബഥാന്യർ എന്നെ കരുതുന്നു. ഏതു രോഗം വന്നാലും ബഥാന്യർ എന്നെ ശുശ്രൂഷിക്കുന്നു. എന്റെ മുകളിൽ നിന്ന് ദൈവത്തിൻ അരൂപിയും ഇടത്തും വലത്തും ബഥാന്യരുടെ സ്നേഹവും സാഹോദര്യവും അനുഭവിക്കുവാനും താഴെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ വഴി നടക്കുവാനുള്ള പാത ദർശിക്കുവാനും എനിക്കു സാധിക്കുന്നുണ്ട്. ആവശ്യമായ ഊർജ്ജവും സ്നേഹവും തന്ന് 'ബഥനി അമ്മ' എന്നെ അന്നും ഇന്നും എന്നും വളർത്തുന്നു. ബലഹീനമായതിനെ മനുഷ്യൻ നിസാരമെന്ന് കരുതുന്നതിനെയൊക്കെ ദൈവം എടുത്ത് ഉപയോഗിക്കുകയും അതിലൂടെ അവിടുന്ന് അത്ഭുതങ്ങൾ പ്രകടമാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഉപകരണമായി ഈ ബഥനിയിൽ മാറുവാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

എന്റെ സന്ന്യാസവൈദിക പരിശീലന കാലങ്ങളിൽ എന്നെ രൂപപ്പെടുത്തുന്നതിനും എന്നെത്തന്നെ കണ്ടെത്തുന്നതിനും ദൈവം ഒരുക്കിയ വഴികൾ എത്ര അത്ഭുതമായിരുന്നുവെന്ന് ഞാൻ ഓർമിക്കുകയാണിന്ന്. ഒരു ചെടിക്ക് വളവും വെള്ളവും നൽകുന്നതുപോലെ ബഥനിയാകുന്ന ആരാമത്തിൽ വേണ്ടതെല്ലാം തന്ന് എന്നെ വളർത്തിയ ഗുരുക്കന്മാരെ ഈ അവസരത്തിൽ നന്ദിയോടെ ദൈവസന്നിധിയിൽ ഞാൻ അനുസ്മരിക്കുന്നു.

കളിച്ചും ചിരിച്ചും എന്നോടൊപ്പമുണ്ടായിരുന്ന എന്റെ സഹോദരങ്ങളായ എല്ലാ ബഥാന്യരെയും പ്രത്യേകിച്ച് ഫോർമേഷൻ കാലത്ത് നല്ല അനുഭവങ്ങൾ ലഭിച്ചതെല്ലാം ഈ അവസരത്തിൽ ഒരിക്കൽകൂടി അനുസ്മരിക്കുകയും ആ സന്തോഷത്തിൽ ഉല്ലസിക്കുകയും ചിരിക്കുകയും ചെയ്യുന്നു. എന്നെ സഹിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ സഹോദരങ്ങൾക്കും ഈ അവസരത്തിൽ ഞാൻ നന്ദി അർപ്പിക്കുന്നു.

ഒരു പുരോഹിതനായി തീർന്നതിനു ശേഷം പല രീതിയിലും സേവനവും ശുശ്രൂഷയും ചെയ്യുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അതൊന്നും പൂർണ്ണമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും ആ അവസരത്തിലൊക്കെ എന്നെ സ്നേഹിച്ച ഇടവകജനങ്ങളോടും മറ്റെല്ലാവരോടും പ്രത്യേകമായി നന്ദി അർപ്പിക്കുന്നു. ഈ ജന്മം മുഴുവൻ ഒരു ബഥാന്യനാകുവാൻ ദൈവകൃപയാൽ എന്നെ നിറയ്ക്കണമേ എന്ന പ്രാർത്ഥന മാത്രം.

ദൈവമേ നന്ദി! ദൈവമേ സ്തോത്രം!

www.malankaralibrary.com

# വിളിയോടു വിശ്വസ്തൻ

ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി.

''ജോസഫച്ചനു സുഖമാണോ?'' ''ജോസഫച്ചന്റെ ആരോഗ്യമെങ്ങനെയുണ്ട്?'' ബഹു.മേനാക്കളീക്കൽ ജോസഫച്ചൻ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള പ്രദേശങ്ങളിൽനിന്നും എന്നെ വിളിക്കുകയോ സന്ദർശിക്കുകയോ ചെയ്യുന്ന ആർക്കും ആദ്യം അറിയേണ്ടത് ജോസഫച്ചന്റെ സുസ്ഥിതിയേക്കുറിച്ചാണ്. അച്ചന്റെ ആരോഗ്യത്തെക്കുറിച്ച് അന്വേഷിക്കുകയും തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് അച്ചന്റെ ശുശ്രൂഷാവേദിയിൽ ബന്ധപ്പെട്ടവരെല്ലാം. അച്ചന്റെ ജീവിതരീതിയും ഇടപെടലും ഏറെ ഹൃദ്യമാകയാൽ അച്ചനെ സഹവസിക്കുന്നവരെല്ലാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

ജോസഫച്ചന്റെ ജീവിതചര്യയും ആളുകളോടുള്ള ബന്ധപ്പെടലുംകൊണ്ട് ജീവിതത്തിന്റെ നേർവഴിയിലേക്കു തിരിയുന്നു. ദേവാലയവുമായി ബന്ധമില്ലാതെയും സഹജീവികളുമായി സഹകരിക്കാതെയും ദീർഘകാലം ജീവിച്ചവർ ജീവിതത്തിലേക്കു തിരിച്ചുവരികയും കൂടെക്കൂടെ കുമ്പസാരിക്കുകയും എല്ലാ ദിവസവും വി.കുർബാന അനുഭവിക്കുകയും ചെയ്യുന്ന അനുഭവങ്ങളുണ്ട്.

കോളേജു പഠനം കഴിഞ്ഞ് ഉദ്യോഗസ്ഥനായിരുന്ന ജോസഫ് ജോലി ഉപേക്ഷിച്ച് സന്ന്യാസജീവിതം തെരഞ്ഞെടുത്തത്. അതാണ് ദൈവവിളിയെന്ന ബോധ്യത്തിലാണെന്ന് അദ്ദേഹം ജീവിതം വഴി സാക്ഷ്യപ്പെടുത്തുന്നു. ദൈനംദിന ജീവിതത്തിന്റെ കൂടെയുള്ളവർക്ക് അത് പ്രചോദനം നല്കുകയും ചെയ്യുന്നു.

"Ora et Labora" "പ്രാർത്ഥിക്കുക, അദ്ധ്വാനിക്കുക" എന്ന് വി.ബനഡിക്ട് സന്ന്യാസ ജീവിത ചര്യയിലായി പഠിപ്പിക്കുന്നു. ജോസഫച്ചൻ ഈ പാഠം സദാ പ്രായോഗികമാകുന്നതായിട്ടാണ് അനുഭവം.

അച്ചന്റെ ആരോഗ്യം അത്രമേൽ തൃപ്തികരമല്ലാത്തപ്പോൾ പോലും നിർബന്ധമായി വിശ്രമിക്കേണ്ട സമയമൊഴികെ അച്ചനെ രണ്ടുസ്ഥലങ്ങളിൽ ഏതെങ്കിലും ഒന്നിൽ കാണാം. ദേവാലയത്തിൽ ദിവ്യകാരുണ്യ സന്നിധിയിൽ, അല്ലെങ്കിൽ കൃഷിയിടങ്ങളിൽ. ഒരുനിമിഷം പോലും പാഴാക്കാതെ പ്രാർത്ഥനയിലോ പ്രവർത്തനത്തിലോ മുഴുകുന്ന ജീവിതം.

പൂന്തോട്ടം അച്ചനു ഹരമാണ്. ഒരിഞ്ചുപോലും നഷ്ടമാക്കാതെ പലതരം ചെടികൾ നട്ടുപിടിപ്പിക്കുന്നു. വളരെയേറെ ചെടിച്ചട്ടികളും അച്ചന്റെ തോട്ടത്തിന് അഴകു നല്കുന്നു. പച്ചക്കറിതോട്ടവും അച്ചന്റെ പ്രിയങ്കര പ്രവർത്തന മേഖലയാണ്. വിവിധതരം വിത്തുകളും തൈകളും വാങ്ങി ശാസ്ത്രീയമായി കൃഷി ചെയ്യുകയും സുഹൃത്തുക്കൾക്ക് പ്രോത്സാഹനം നല്കുകയും ചെയ്യും.

www.malankaralibrary.com

ആശ്രമത്തിലെ സമയക്രമമായ (Time Table) പ്രാർത്ഥന മുടങ്ങാതെ നടത്തുന്നതിൽ അച്ചനു വളരെ നിർബന്ധമുണ്ട്. ഏറെനേരം തനതു പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിക്കും. ചാപ്പലിന്റെ ഒരു മൂലയിൽ ആരുടെയും ശ്രദ്ധ ചെല്ലാത്തിടത്ത് സ്വസ്ഥമായി ഇരുന്നു പ്രാർത്ഥിക്കുവാനാണ് താല്പര്യം. ദിവ്യകാരുണ്യ സന്നിധിയിൽ ധ്യാനനിമഗ്നനായിരിക്കുന്ന അച്ചൻ പരിശുദ്ധ അമ്മയോടുള്ള ഭക്തി ജപമാല പ്രാർത്ഥനയോടും, ഈശോയുടെ പീഡാനുഭവധ്യാനം കുരിശിന്റെ വഴിയിലൂടെയും അനുഭവവേദ്യമാകുന്നു.

മാസധ്യാനം, KKTR, കൂട്ടായ്മ, വാർഷികധ്യാനം ഇവയൊക്കെ കൃത്യമായി നടത്തുന്നതിനും വി.കുമ്പസാരം ക്രമമായി നടത്തുന്നതിനും അച്ചൻ വളരെ നിർബന്ധബുദ്ധിയോടെ സാക്ഷ്യം നല്കുന്നു.

ജോസഫച്ചനുമായി ബന്ധപ്പെടുന്ന ഏവർക്കും അച്ചന്റെ ജീവിതം ക്രിസ്തീയ സ്നേഹത്തിന്റെ ഊർജ്ജം നല്കുന്നു. ഹൃദ്യമായ, വിനീതമായ സ്നേഹമസൃണമായ പെരുമാറ്റം വഴി പ്രവർത്തനമേഖലകളിലെല്ലാം ധാരാളം ഹൃദയങ്ങളുടെ അടുപ്പം ലഭ്യമാക്കുന്നു. അതിനു ജാതിയുടെയോ മതത്തിന്റെയോ പ്രായത്തിന്റെയോ വേർതിരിവില്ല. കോട്ടൂർ ദിവ്യകാരുണ്യാലയത്തിലായിരുന്നപ്പോൾ, അന്തേവാസികൾ, സഹായികൾ, സന്ദർശകർ, ശുശ്രൂഷകർ, ജോലിക്കാർ തുടങ്ങിയവരുടെയെല്ലാം സ്നേഹം ധാരാളമായി അനുഭവിക്കുന്നതിനും ശുശ്രൂഷ സഫലമാക്കുന്നതിനും സാധിച്ചത് ഓർക്കുന്നു.

പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അച്ചന് എല്ലാ നന്മയും നേരുന്നു. തുടർന്നുള്ള സന്ന്യാസ-പൗരോഹിത്യജീവിതം കൂടുതൽ സഫലമാകട്ടെ.

വിശുദ്ധ കുർബാന അനുഭവിച്ചു കഴിയുമ്പോൾ
നിന്റെ ഹൃദയത്തിൽ അസാമാന്യ തീക്ഷ്ണതയും ഭക്തിയും ഉണ്ടാകുന്നില്ലെങ്കിൽ
ദൈവമുമ്പാകെ തന്നത്താൻ വിനയപ്പെടുത്തുക

*- ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

www.malankaralibrary.com

# കൂപ്പുകരങ്ങളോടെ

**ഫാ. യേശുദാസ് ഒ.ഐ.സി.**

സന്ന്യാസ ജീവിതത്തിന്റെ 25 വർഷം പിന്നിടുമ്പോൾ ദൈവസന്നിധിയിൽ ഇരുകരം കൂപ്പി നന്ദിയോടെ നിൽക്കാൻ മാത്രമേ കഴിയൂ... കാരണം നിരവധി അനുഗ്രഹങ്ങൾ നൽകി, അവിടുത്തെ ശുശ്രൂഷയിൽ പങ്കുകാരനാക്കി, അവിടുത്തെ സന്നിധിയിൽ നിത്യവും ആയിരിക്കുവാൻ അവസരമേകി. എന്നിലെ നന്മകൊണ്ടല്ല അവിടുത്തെ കാരുണ്യം ഒന്നു മാത്രമാണ് ഞാൻ ഇന്നും അങ്ങേ സന്നിധിയിലായിരിക്കുന്നത്. ഇത്തരുണത്തിൽ പരമ കാരുണ്യവാനായ ദൈവത്തിന് ആദ്യമേ നന്ദി അർപ്പിക്കുകയാണ്.

ജന്മമേകിയ മാതാപിതാക്കൾക്ക്...

ഒരേ ഉദരം പങ്കുവച്ച കൂടെപ്പിറപ്പുകൾക്ക്...

ദൈവസന്നിധിയിൽ എനിക്കുവേണ്ടി നിരന്തരം പ്രാർത്ഥനയുടെ കരം ഉയർത്തുന്ന എന്റെ സിസ്റ്റർ ചേച്ചിക്ക് (സി.നീത എസ്.ഐ.സി.)...

ആത്മീയ ജന്മമേകി എന്നെ സ്വന്തമാക്കിയ പ്രിയപ്പെട്ട ബഥനിയോട്...

കുശവന്റെ കൈയ്യിലെ കളിമണ്ണുപോലെ എന്നെ രൂപപ്പെടുത്തിയ എന്റെ ഗുരുഭൂതന്മാർക്ക്...

ബഹു. ഫാ. സജി ജോർജ്ജ് ഇടനാട്ടിൽ ഒ.ഐ.സി., റവ. ഫാ. തോമസ് റെജി ഒ.ഐ.സി., റവ.ഫാ.ജോൺ വട്ടപ്പറമ്പിൽ ഒ.ഐ.സി., റവ.ഫാ.ബർണ്ണാർഡ് ഒ.ഐ.സി, റവ.ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി., റവ.ഫാ. ജെയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി., റവ. ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

നിരന്തരം എന്നെ സഹായിക്കുകയും ഒപ്പം കുറവുകളും നിറവുകളും ചൂണ്ടിക്കാട്ടി വളർത്തുകയും ചെയ്ത ബർക്കുമൻസ്...

ഒപ്പം നിർത്തി, ചാരെ ചേർത്തണച്ച് ശുശ്രൂഷാജീവിതം അർത്ഥവത്താക്കാൻ നിരന്തരം സഹായിച്ചുകൊണ്ടിരിക്കുന്ന ബഥനിയിലെ എല്ലാ ജ്യേഷ്ഠസഹോദരങ്ങൾക്കും അനുജന്മാർക്കും... നന്ദി.

പുണ്യമായ ജീവിതം നയിച്ച് ദൈവസന്നിധിയിലേക്ക് യാത്രയാവുകയും അവിടെനിന്ന് നിരന്തരം എനിക്കായി മാദ്ധ്യസ്ഥം യാചിക്കുന്ന ബഥനിയിലെ എല്ലാ പരേതരായ ആത്മാക്കൾക്കും... നന്ദി.

ശുശ്രൂഷാജീവിതം ശക്തി പ്രാപിച്ച് സംശുദ്ധതയോടെ പകർന്നു തരുവാനും നിരന്തരം എനിക്കായി പ്രാർത്ഥിച്ച എല്ലാ ഇടവക സഹോദരങ്ങൾക്കുംവേണ്ടി പ്രത്യേകം നന്ദി അർപ്പിക്കുന്നു.

ഇടവക ശുശ്രൂഷയിൽ താങ്ങായി, തണലായി കൂടെ നിന്ന എല്ലാ അത്മായ സഹോദരങ്ങൾക്കും ഒപ്പം എനിക്ക് ശുശ്രൂഷ ചെയ്യാൻ അവസരമേകിയ ഇടവകകൾ, കുമ്പഴ,

www.malankaralibrary.com

വലഞ്ചുഴി, താമരക്കുടി, കലയപുരം ഈസ്റ്റ്, മൈലംകുന്ന്, കരുമാനൂർ, വെള്ളച്ചിപ്പാറ, ആങ്ങമൂഴി, കോട്ടമൺപാറ, ലുധിയാന, പൂങ്കാവ്, കിഴക്കുപുറം, മയൂർവിഹാർ... കരം കൂപ്പി ഹൃദയത്തിന്റെ ഭാഷയിൽ നന്ദി.

വിദ്യാഭ്യാസ മേഖലയിലും ദൈവം അവസരമേകി അവിടുത്തെ കരുണയുടെ തൂവൽ സ്പർശമാകാൻ പ്രത്യേകിച്ച് മൗണ്ട് ബഥനി സ്കൂൾ കുമ്പഴ, മാർ ഈവാനിയോസ് സി.ബി.എസ്.സി. സ്കൂൾ കലയപുരം, ബഥനി നവജീവൻ ഇൻസ്റ്റിറ്റ്യൂഷൻസ് വേങ്കോട്, സെന്റ് മാർത്താ സി.ബി.എസ്.സി. സ്കൂൾ പഞ്ചാബ്, മൗണ്ട ബഥനി & എച്ച്.എസ്.എസ്. മൈലപ്ര ഒപ്പം പഠിച്ചിറങ്ങിയ കുഞ്ഞുങ്ങളെയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും മാതാപിതാക്കളെയും ഏവരെയും നന്ദിയോടെ ഓർക്കുന്നു.

മാതാപിതാക്കളുടെ അസാന്നിദ്ധ്യത്തിൽ സ്നേഹവും കരുതലും നല്കി ബഥനിയുടെ ശുശ്രൂഷ ദൈവിക കരുണയുടെ ബഹിർസ്ഫുരണമെന്ന് അനുഭവവേദ്യമാകും വിധം പ്രവർത്തിക്കുവാൻ ലഭിച്ച അവസരമായിരുന്നു ബോർഡിംഗ് മാസ്റ്റർ അവിടെ എന്നെ സ്നേഹിച്ച എല്ലാവർക്കും നിറഞ്ഞ മനസ്സോടെ നന്ദി.

ശുശ്രൂഷാജീവിതത്തിൽ കൂടെയുണ്ടായിരുന്ന എല്ലാ വൈദിക സഹോദരങ്ങൾക്കും പ്രത്യേകിച്ച് സുപ്പീരേ്യഴ്സിനും ഏറെ സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു.

എന്നെ സ്നേഹിച്ച, കരുതിയ... ബന്ധുമിത്രാദികൾ, ഉപകാരികൾ, ചാർച്ചക്കാർ, സ്നേഹിതർ, ഗുരുക്കന്മാർ, അയൽക്കാർ എന്നിവരെയെല്ലാം നന്ദിയോടെ ഓർക്കുന്നു.

ജനറൽ കോ-ഓർഡിനേറ്റേഴ്സിനെയും പ്രൊവിൻഷ്യൽ കൗൺസിലേഴ്സിനെയും നന്ദിയോടെ സ്മരിക്കുന്നു.

ക്രൈസ്തവ സന്ന്യാസത്തിന്റെ അടിസ്ഥാനം
ദൈവപുത്രനായ യേശുമിശിഹായുടെ മനുഷ്യാവതാരവും
കുരിശിന്മേൽ നിർവ്വഹിച്ച യാഗവുമാകുന്നു

*- ആർച്ച് ബിഷപ് മാർ ഈവാനിയോസ്*

www.malankaralibrary.com

# Fr. Yesudas: an extraordinarily ordinary person

**John Christopher OIC**

Any jubilee celebration is not just the celebration of the person who is completing a milestone of twenty-five or fifty or seventy-five years of significance in the particular way of life they have chosen; it is also the time to celebrate and exalt the graces which the Almighty has showered upon that person and also to thank God for all the goodness that God has manifested through that person. As Fr. Yesudas Kallampotta OIC is completing twenty-years of his religious profession, let us also thank the Holy Trinity for being with Fr. Yesudas and for making him an instrument of divine love, graces and gifts.

Religious life in Bethany Ashram is a counter culture and a much-needed corrective to the world view of the present times wherein fame and popularity reign supreme. There is a longing to be seen, to be heard, to stand out from the crowd – to be extraordinary. It is in this milieu that religious life in the Order of the Imitation of Christ becomes challenging as the charism of Bethany Ashram is to follow the footsteps of Jesus Christ – an extraordinarily ordinary person – in his prayer and active life. When we thank God for Fr. Yesudas on his Silver Jubilee of religious profession, it is also important to congratulate Fr. Yesudas for courageously taking up this challenge – to follow and to emulate our Lord and God Jesus Christ through a life of ordinariness, simplicity and dedication. By taking up this challenge, this noble vocation, Fr. Yesudas is bearing witness to the infinite love and mercy of God and is striving to tirelessly proclaim and profess the Word of God.

As we all know, the call to religious life is not just about the individual initiative of the person who chooses this path of life. The initiative and the call come from God – “You did not choose me, but I chose you” (Jn15:16). Even though the response comes from the free will and individuality of the person, it is never a personal affair – every vocation has a communitarian and social aspect. Family plays an important role in shaping and nurturing the vocation of any religious. The family of Fr. Yesudas has a legacy of forming priests and religious – his own uncle being a priest (Fr. Hormis) and his own elder sister being a nun (Sr.Neetha SIC) are examples of this. Coming from a pious, devout and spiritually active family, Fr. Yesudas also is blessed with a strong spiritual and Catholic faith foundation even from his childhood. This foundation is well reflected in his spiritual, religious and ecclesial life. It is also worth mentioning that he is the first fruit of the labours of Bethany fathers, especially Fr. Francis Sales OIC, who worked diligently in the areas of Kanjiramkulam and Pinkulam.

www.malankaralibrary.com

It is said that Jesus went about doing good (Acts 10:38). True to the spirit of his master, Fr. Yesudas also is a person who always joyfully lends a helping hand to his fellow beings. Just as Jesus Christ reminds us to manifest the glory of God the Father through our good words, thoughts and deeds, Fr. Yesudas joyfully spreads the love of God and bears witness to the gospel through his helping mentality, kind words and attitudes. And as such, he is partaking in the ministry of the Son of God who came to the world to "give life and give it in abundance" (Jn 10:10).

As priest and a religious, Fr. Yesudas has worked as a pastor in various dioceses of the Syro Malankara Catholic Church. Being a religious priest, he could leave a unique mark in the parishes that he served. As a pastor, he strived to become the breath of God to the community, the sweet whispering of hope and the vision of a church renewed and restored, as Pope Francis has evangelized it, "a poor church for the sake of the poor." He always tries to be the face of Christ who had a preferential option for the poor.

Fr. Yesudas is blessed with many talents – he is an artist and a dancer. He is also a passionate learner who believes excellence in education is essential in the overall development of the individual and the society. With this in mind, he pursues education with hard work and determination and the many degrees he has secured is a great example for his passion for life-long learning. This thirst for knowledge has helped him to contribute a lot in the education ministry of Bethany Ashram, having worked in various educational institutions managed by Bethany Navajeevan Province.

A religious exists in the community to proclaim to the world that God is with us. There are many tasks that a religious priest must do. There is administration and leadership. There is planning, direction and counselling. There are baptisms and weddings and all sorts of reconciling moments to engage in. However, nothing identifies the priestly and religious character of these actions better than being the presence of God, being the breath of God, which gives life. And it is the sacred responsibility of a religious to manifest to the world Jesus Christ – the perfect presence of God – a simple Jesus, an ordinary Christ – One whom even the simplest person can imitate, the most ordinary person can bring once more to life day by day, word by word, bread by bread, cup by cup. This is also my prayer and wish for Fr. Yesudas OIC as he completes twenty-five years of religious life and look forward to many more blessed years like this to come.

Fr. Yesudas, Bethany is proud of you and may the Almighty God shower you with graces as you continue to the trace the footsteps of your Master and strive to share the wonders of His love.

www.malankaralibrary.com

## 2-6-1998 അശോകപുരം ബഥനി ആശ്രമം









www.malankaralibrary.com

# ബഥനിയുടെ ആദർശ ലക്ഷ്യങ്ങൾ ഈവാനിയൻ വാക്കുകളിൽ

**ഫാ. മത്തായി കടവിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് എം.ഡി. സെമിനാരിയുടെ പ്രിൻസിപ്പാൾ എന്ന നിലയിൽ പ്രവർത്തിച്ചപ്പോഴുണ്ടായ ചില അനുഭവങ്ങളാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. മലങ്കരസഭ ബാവാ കക്ഷി, മെത്രാൻകക്ഷി എന്നീ പേരുകളിൽ വിഭജിക്കപ്പെട്ട ചരിത്രനിമിഷങ്ങളുടെ നേർസാക്ഷിയായിരുന്നു മാർ ഈവാനിയോസ് പിതാവ്. കേവലം സാക്ഷി എന്നതിനേക്കാൾ സഭ പിളരണമെന്ന ആഗ്രഹത്തോടെയല്ലെങ്കിലും വിഭജനത്തിന് കാരണമായ പല സംഭവങ്ങളുടെയും സാക്ഷിയും പങ്കാളിയും എന്ന നിലയിൽ സഭയിലുണ്ടായ പിളർപ്പിന്റെ ഭാഗമായിരുന്നു. ഇത് അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചു. സെറാമ്പൂരിലേക്കുള്ള യാത്രയ്ക്ക് ഒരു പരിധിവരെ അദ്ദേഹത്തെ പ്രേരിപ്പിച്ചത് അദ്ദേഹമനുഭവിച്ച ഹൃദയവ്യഥകളായിരുന്നു. ഇതേക്കുറിച്ച് അദ്ദേഹം ആത്മകഥയിൽ കുറിച്ചു: "സമുദായ പ്രധാനന്മാരെന്ന് അഭിമാനിക്കുന്നവർ തമ്മിലുള്ള അസൂയയും മത്സരവും നാം വേണ്ടുവോളം കണ്ടു കഴിഞ്ഞിരിക്കുന്നു. പള്ളികളിലായ പള്ളികളിലെവിടെയും സമാധാനവും സന്തുഷ്ടിയും കാണപ്പെടുന്നില്ല. സംക്ഷിപ്തമായി പറയുന്ന പക്ഷം സ്വസമുദായമാകവെ കീറിയും വ്രണപ്പെട്ടുമിരിക്കുകയത്രെ" (ഗിരിദീപം (1980) 45). 1930-ൽ മുണ്ടൻമലയിൽ നടന്ന ബഥനിയോഗത്തിലും അദ്ദേഹം ഇതാവർത്തിച്ചു: "മെത്രാൻകക്ഷി വിഭാഗത്തിൽ ആദ്യകാലത്ത് ഉൾപ്പെടാൻ ഇടയായ നാം അതിന്റെ അഭിവൃദ്ധിയും ഉദ്ദേശത്തിനുമൊത്തവണ്ണം യഥാമതി പലതും പ്രവർത്തിച്ചുവെന്നും നമ്മുടെ ആ സമുദായസേവനം തന്നെയാണ് ഇദംപ്രഥമമായി യാക്കോബായ സഭയുടെ അടിത്തട്ടു കാണുവാൻ നമുക്കിടയാക്കിയതെന്നും അതിനാൽ മാത്രമാണ് സ്വദേശം വിട്ട് സെറാംപൂരിലേക്ക് പോയതും അവിടെവച്ചു യാക്കോബായ സഭയുമായി ബന്ധമില്ലാത്ത വിധം ബഥനി സ്ഥാപിപ്പാൻ നമുക്ക് ഇടവരുത്തിയതെന്നും നിങ്ങൾ വേണ്ടപോലെ അറിഞ്ഞിട്ടുള്ളതാണ്" (ബഥനിയോഗം (2017), 49). സെറാംപൂർ കാലഘട്ടത്തിൽ (1913-'19) ബഥനി ആശ്രമം സ്ഥാപിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ബഥനിയുടെ ആദർശ ലക്ഷ്യങ്ങളെക്കുറിച്ച് 1919-1930 കാലയളവിൽ പറഞ്ഞതും എഴുതിയതുമായ ഏതാനും ചിന്തകൾ പിതാവിന്റെ തന്നെ വാക്കുകളിലൂടെ ഇവിടെ അവതരിപ്പിക്കുന്നു.

### 1. പ്രഥമനിയമം

സെറാമ്പൂരിൽനിന്നും മുണ്ടൻമലയിൽവന്ന് ആരംഭിച്ച ബഥനിയുടെ പ്രഥമബാച്ചിൽപ്പെട്ട പി.റ്റി.ഗീവർഗീസച്ചനും, അലക്സിയോസച്ചനും, യാക്കോബ് ശെമ്മാശനും, കോശിശെമ്മാശനും ചേർന്ന് 1919 ആഗസ്റ്റ് 23-ന് (1095 ചിങ്ങം 7) തയ്യാറാക്കുകയും 1920 മാർച്ച് 9-ാം തീയതി അൾത്താരയിൽ സമർപ്പിക്കുകയും ചെയ്ത ബഥനി ആശ്രമത്തിന്റെ പ്രഥമ നിയമത്തിൽ ദൈവതിരുനാമ മഹത്വത്തിനും ദൈവരാജ്യസ്ഥാപനത്തിനും, പാപത്തിൽ നിന്നും കഷ്ടതകളിൽ നിന്നും മനുഷ്യരെ വിമോചിക്കുന്നതിനുമായി ബഥനി സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുന്നു. പ്രാർത്ഥനാ ജീവിതത്തെയും ശുശ്രൂഷാജീവിതത്തെയും സമന്വയിപ്പിച്ചുകൊണ്ട്

www.malankaralibrary.com

ഉപവി പ്രവർത്തനങ്ങളിലൂടെ മിഷൻ പ്രവർത്തനം നടത്താനാഗ്രഹിക്കുന്നതായും വിശദീകരിക്കുന്നു. ഇതിന് സഹായകമായ വിധത്തിൽ ബഥനിയുടെ ജീവിതശൈലി എപ്രകാരമായിരിക്കുമെന്ന് തുടർന്നുള്ള പേജുകളിൽ വ്യക്തമാക്കുന്നു.

**2. മെത്രാഭിഷേകാനന്തര പ്രസംഗം**

1925-ൽ മെത്രാഭിഷേകാനന്തരം പിതാവ് നടത്തിയ പ്രസംഗത്തിൽ ബഥനിയുടെ ആരംഭവും ദർശനവും വിശദമാക്കുന്നുണ്ട്. ബാലനായിരിക്കുമ്പോൾതന്നെ മനസ്സിൽ അങ്കുരിച്ച സന്ന്യാസമോഹം സമുദായത്തിലുണ്ടായ കലഹങ്ങളുടെ പശ്ചാത്തലത്തിൽ സുപ്രതിഷ്ഠിതമാകാനിടയായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗമാരംഭിച്ചത്. സെറാമ്പൂർകാലഘട്ടത്തിൽ "എന്റെ ശിഷ്യന്മാരും സ്നേഹിതന്മാരുമായ ചില യുവാക്കന്മാർ എന്നെപ്പോലെ സന്ന്യാസ ജീവിതത്തിനായി വിളിക്കപ്പെടുന്നുണ്ടെന്ന് എനിക്ക് ബോദ്ധ്യം വരികയും ഞങ്ങളെല്ലാവരും ചേർന്നുള്ള ഒരാശ്രമമുണ്ടാക്കുന്നത് ഞങ്ങളുടെ ആത്മീയാഭിവൃദ്ധിക്കും ഞങ്ങളെക്കൊണ്ട് മറ്റുള്ളവർക്ക് പ്രയോജനം വരുന്നതിനും ഉചിതമായ മാർഗമായിരിക്കുമെന്ന്, ബോദ്ധ്യപ്പെടുകയും ചെയ്തു. ഇങ്ങനെയാണ് ബഥന്യാശ്രമം സ്ഥാപിപ്പാൻ ഞങ്ങൾ ഉദ്യമിക്കുന്നതിന് സംഗതിയായത്" (വിശ്വാസ ധോരണി (2010), 49). അദ്ദേഹത്തിന്റെ വാക്കുകളിൽ: "ബഥനി ഇൻഡ്യയിൽ എവിടെയും വ്യാപിക്കത്തക്ക ഒരു സന്ന്യാസാശ്രമമാണ്" (വിശ്വാസ ധോരണി 50). ബഥനിയുടെ നാല് ഘടകങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. പുരുഷന്മാർക്കുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രഥമാശ്രമവും സ്ത്രീകൾക്കായി ആരംഭിച്ച ദ്വിതീയ ആശ്രമവും കുടുംബജീവിതം നയിക്കുന്നവർക്കായി വിഭാവന ചെയ്തിട്ടുള്ള തൃതീയ ആശ്രമവും ചേരുന്നതാണ് ബഥനിയെന്നും മൂന്ന് ആശ്രമപദങ്ങൾ കൂടാതെ ബഥനി വകയായി ഇടവകപ്പള്ളികളും ആരംഭിച്ചു വരുന്നതായും അദ്ദേഹം അറിയിച്ചു (വിശ്വാസ ധോരണി, 50-51).

ബഥനി ആശ്രമസ്ഥാപകനായ പിതാവ് മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ ആശ്രമ ശുശ്രൂഷയിൽ മെത്രാൻ സ്ഥാനത്തിന്റെ സാംഗത്യത്തെക്കുറിച്ച് നല്കിയ വിശദീകരണവും പ്രസക്തമാണ്. "ബഥനി ഒരു സന്ന്യാസാശ്രമമാണ്. ബഥനി മെത്രാൻ സന്ന്യാസാശ്രമത്തിലെ എപ്പിസ്കോപ്പയുമാണ്'' (വിശ്വാസധോരണി പേജ്.52). പൂർവ്വകാലങ്ങളിൽ സന്ന്യാസാശ്രമങ്ങളുടെ അദ്ധ്യക്ഷന്മാരിൽനിന്നും എപ്പിസ്കോപ്പാമാരായ മാർ ഗ്രിഗോറിയോസ്, മാർ ബസേലിയോസ് തുടങ്ങിയ പിതാക്കന്മാർ സ്ഥാപിച്ച സഭാഭരണ സംവിധാനത്തോടാണ് ബഥനി ആശ്രമത്തിന്റെ എപ്പിസ്കോപ്പ നിയമനത്തെ അദ്ദേഹം വിശദീകരിക്കുന്നത്. ഭാരതീയ പാരമ്പര്യപ്രകാരം ആശ്രമ എപ്പിസ്കോപ്പാമാരെ മഹർഷിമാരോടും രൂപതാമെത്രാന്മാരെ രാജർഷികളോടും അദ്ദേഹം ഉപമിച്ചു (വിശ്വാസധോരണി, 50-54). മാർ ഈവാനിയോസ് പിതാവ് മെത്രാൻപദം സ്വീകരിച്ചത് തന്നെ ബഥനി ആശ്രമത്തിന്റെ വളർച്ചയ്ക്ക് വേണ്ടിയാണ് എന്ന് അദ്ദേഹം അവകാശപ്പെടുന്നു. "ഞാൻ തന്നെയും ഈ ഘട്ടത്തിൽ മെത്രാൻ സ്ഥാനം സ്വീകരിക്കുന്നതിന് സമ്മതിച്ചത് ബഥന്യാശ്രമപദം സംബന്ധിക്കുന്ന കാര്യങ്ങൾ നിർവിഘ്നമായി ഐശ്യര്യപ്പെടുവാൻ അത് സഹായിക്കുമെന്ന് ബോദ്ധ്യം വന്നതുകൊണ്ട് മാത്രമാണ്'' (വിശ്വാസധോരണി, 69). പ്രത്യേകിച്ചും കന്യകാമഠത്തിന്റെ വളർച്ചയ്ക്ക് ഇത് അനിവാര്യമായിരുന്നു (മദർ സൾഗായുടെ ഓർമ്മക്കുറിപ്പുകൾ, 39-40).

സാമുദായികാഭിവൃദ്ധിയെക്കാൾ സഭയിൽ ഭക്തി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബഥനിയെ സ്ഥാപിച്ചതെന്ന് അദ്ദേഹം അവകാശപ്പെടുന്നു. വട്ടശ്ശേരിൽ

www.malankaralibrary.com

തിരുമേനിയെ മുടക്കിയ അവസരത്തിൽ കാതോലിക്കാ സ്ഥാപനമുൾപ്പെടെയുള്ള കാര്യങ്ങൾക്കായി യത്നിച്ച കാര്യം അനുസ്മരിച്ചുകൊണ്ടദ്ദേഹം പറഞ്ഞു:

> ഇപ്രകാരമുള്ള പ്രയത്നംകൊണ്ട് നമ്മുടെ സഭയ്ക്കുണ്ടാകാവുന്ന ഐശ്വര്യത്തേക്കാൾ കൂടുതലായി നമ്മുടെ സഭയ്ക്കും ഈ നാട്ടിൽ എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമുള്ളത് ജനങ്ങളിൽ യഥാർത്ഥ ഭക്തിയാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. അതിനാൽ അതു വർദ്ധിപ്പിക്കാൻ തക്ക ശ്രമങ്ങൾ ചെയ്യുന്നത് എന്റെ പ്രഥമകൃത്യമാണെന്ന് ഞാൻ തീർച്ചയാക്കി. സന്ന്യാസജീവിതത്തിന് എനിക്ക് ബാല്യംമുതലെ ഉണ്ടായിരുന്ന അഭിരുചിയും ആകാംക്ഷയും കരുണാനിധിയായ ദൈവത്തിന്റെ കൃപയാൽ പ്രബലപ്പെടുത്തുകയും ഞാൻ സാമുദായിക ശ്രമങ്ങളെ ഏകാഗ്രതയോടെ പരിശ്രമിക്കുകയും ചെയ്യുവാൻ ദൈവം സംഗതിയാക്കി. ഏറ്റം നിർമ്മലമായ ഉത്തമ മനഃസാക്ഷിയോടും എന്നെക്കൊണ്ട് ദൈവത്തിന് കഴിയുന്നത്ര മഹത്വം വരുത്തണമെന്നുള്ള ഏകോദ്ദേശത്തോടും തന്നിമിത്തം നമ്മുടെ സമുദായത്തിനും ഈ രാജ്യത്തിനും പൂർവ്വാധികം ദൈവാനുഗ്രഹം ഉണ്ടാകുമെന്നുള്ള ഉത്തമ വിശ്വാസത്തോടും കൂടിയാണ് ഞാൻ സമുദായ സംബന്ധമായ ശ്രമങ്ങളിൽനിന്ന് പിന്മാറുകയും ബഥന്യാശ്രമം സംബന്ധിച്ചുള്ള കാര്യങ്ങളിൽ ശ്രദ്ധ പതിക്കുകയും ചെയ്തിട്ടുള്ളത്. മേലിൽ സമുദായ കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞ് ബഥന്യാശ്രമപദം സംബന്ധിക്കുന്ന കാര്യങ്ങളിൽ ഏകാഗ്രതയോട് ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത് സാധിക്കുന്നതിന് ഈ വന്ദ്യതിരുമേനികളും മഹാജനങ്ങളെ, നിങ്ങളും എന്നെ സഹായിക്കുകയും, കഴിയുന്നത്ര സഹകരിക്കുകയും ചെയ്യണമെന്നും സമുദായ കാര്യങ്ങളിലേക്ക് എന്നെ ഒട്ടും ക്ഷണിക്കരുതെന്നും അപേക്ഷിച്ചുകൊള്ളുന്നു (വിശ്വാസധോരണി 66-67).

സഭയുടെ വളർച്ചയിൽ സന്ന്യാസത്തിനുള്ള സ്ഥാനത്തെക്കുറിച്ച് പിതാവ് വിശദീകരിച്ചു.

> ക്രിസ്തീയ സഭയെ മനുഷ്യശരീരത്തോട് ഉപമിക്കുന്ന പക്ഷം സന്ന്യാസാശ്രമത്തെ മനുഷ്യശരീരത്തിലുള്ള ചങ്കിനോട് ഉപമപ്പെടുത്താം. ചങ്കുകൊണ്ട് മനുഷ്യശരീരത്തിനുള്ള ഉപയോഗം ദൈവഭക്തിയുള്ള സന്ന്യാസാശ്രമത്തെക്കൊണ്ട് ക്രിസ്തീയ സഭയ്ക്കുണ്ടാകുന്നു എന്ന് വേദപാരംഗതന്മാർ അഭിപ്രായപ്പെടുന്നു. നമ്മുടെയിടയിൽ സർവ്വപ്രധാനമായ കുറവ് ദൈവഭക്തിയുടെ അഭാവമാണെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ സമുദായത്തിന്റെ ജീവിതോദ്ദേശ്യം സർവ്വോപരി ദൈവത്തെ സ്നേഹിക്കുകയും ചുറ്റുമുള്ള സമുദായങ്ങളെയും ആളുകളെയും കർത്താവേശുമിശിഹായെ പ്രതി ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യുക എന്നുള്ളതായി തീരണം. കഴിഞ്ഞ കാലത്ത് നമ്മുടെ സമുദായം സ്വീകരിച്ചിട്ടുള്ളതായി പറയാവുന്ന ആദർശങ്ങളെക്കാൾ പരിശുദ്ധവും ക്രിസ്തീയ ത്യാഗപൂരിതവും സ്നേഹസമ്പൂർണ്ണവുമായ ആദർശങ്ങളെ നമ്മുടെ സമുദായവും ഈ നാട്ടിലുള്ള എല്ലാ ക്രിസ്തീയ സമുദായങ്ങളും സ്വീകരിക്കേണ്ടതാവശ്യമാണ് (വിശ്വാസധോരണി 72-73).

ദൈവാത്മാവിനാൽ പ്രചോദിതമായി സ്ഥാപിക്കപ്പെട്ട ബഥനി ദൈവകൃപയിൽ മാത്രം ആശ്രയിച്ചുകൊണ്ടാണ് ദൈവജനത്തെ ശുശ്രൂഷിക്കുന്നതെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com

> നമ്മുടെ സഭയെയും ഈ നാട്ടിലുള്ള മറ്റു സഭകളെയും നമ്മുടെ കർത്താവേശു മിശിഹായുടെ അത്യുൽകൃഷ്ടമായ പരമാദർശങ്ങളിലേക്ക് ആകർഷിപ്പാൻ ദൈവത്തിന്റെ അളവറ്റ കരുണയാൽ ബഥന്യാശ്രമാംഗങ്ങളായ ഞങ്ങൾ പഠിപ്പിലും, പ്രാപ്തിയിലും, ദൈവഭക്തിയിലും കുറവുള്ളവരാണെങ്കിലും നമ്മുടെ കർത്താവേശുമിശിഹായെ സർവ്വോപരി സ്നേഹിക്കണമെന്നുള്ള ആഗ്രഹം ദൈവം ഞങ്ങൾക്ക് ദൃഢമായി തന്നിട്ടുണ്ട്. ഈ ആഗ്രഹം നിറവേറ്റുവാൻ ദൈവത്തിന്റെ പരിശുദ്ധ റൂഹാ ഞങ്ങളെ അനുഗ്രഹിക്കുകയും സഹായിക്കുകയും ചെയ്യാത്ത പക്ഷം ബഥന്യാശ്രമം കൊണ്ടുണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്ന നന്മ ഉണ്ടാകയില്ലെന്നും ഞങ്ങൾക്ക് നന്നായി അറിയാം. ഞങ്ങളുടെ സ്വന്തം നന്മയിലോ ഭക്തിയിലോ ഞങ്ങൾ ലവലേശം ആശ്രയിക്കുന്നില്ല. സത്യാന്തരത്തോടുകൂടി ദൈവത്തോടപേക്ഷിക്കുന്നവർക്ക് അവർ അർഹിക്കുന്ന കൃപകളെ കരുണാ നിധിയായ ദൈവം കൊടുക്കുമെന്നു നാം വിശ്വസിക്കുന്നുണ്ടല്ലോ. അതിനാൽ അനർഹന്മാരായ ഞങ്ങളെ അതിപരിശുദ്ധമായ ഈ സന്ന്യാസ ജീവിതത്തിലേക്ക് വിളിച്ചിട്ടുള്ളവനായ ദൈവം ഞങ്ങൾ അർഹിക്കുന്ന കൃപകളെ തന്റെ കൃപാ ബാഹുല്യത്തിൽ തന്നു ഞങ്ങളെ അനുഗ്രഹിക്കുന്നതു കൂടാതെ ഞങ്ങൾ വഴിയായി കൂടെയും ഈ സമുദായത്തെയും ഈ നാട്ടിലെ എല്ലാ ക്രിസ്തീയ സമുദായങ്ങളെയും അനുഗ്രഹിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ കൃപ ഒരുനാളും കുറഞ്ഞുപോകുന്നതല്ല" (വിശ്വാസധോരണി 73-74).

ബഥനിവഴി സഭയ്ക്കുണ്ടായ നന്മകൾക്ക് ദൈവത്തിന് നന്ദി അർപ്പിച്ചതോടൊപ്പം പിതാവ് എല്ലാവരോടും പ്രാർത്ഥനാസഹായം അപേക്ഷിക്കുകയും ചെയ്തുകൊണ്ടാണ് പ്രസംഗം ഉപസംഹരിച്ചത്.

> ദൈവം മഹത്വപ്പെടണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടിയാണ് ഞങ്ങൾ ബഥന്യാശ്രമത്തിന് പുറപ്പെട്ടത്. ഞങ്ങളിൽ എത്രയെല്ലാം ബലഹീനതകളും കുറവുകളും ഉണ്ടായിരുന്നാലും അവയെ പരിഹരിച്ച് ഞങ്ങളെ അനുഗ്രഹിക്കുകയും നിസ്സാരന്മാരായ ഞങ്ങളെപ്പോലും ദൈവത്തിന്റെ തൃക്കൈയ്യിൽ തിരുനാമ മഹത്വത്തിനുപയുക്തങ്ങളായ ആയുധങ്ങളായി വിനിയോഗിപ്പാൻ ഇതുവരെ തിരുവിഷ്ടം തോന്നുകയും ചെയ്തവനായ കരുണാനിധിയായ ദൈവം മേലാലും ഉത്തരോത്തരം അനുഗ്രഹിക്കുകയും ദൈവത്തിന്റെ അളവറ്റ മഹത്വത്തിനും ഈ രാജ്യത്തുള്ള എല്ലാ സമുദായങ്ങളുടെയും ആദ്ധ്യാത്മികമായ അഭിവൃദ്ധിക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നതിന് ദൈവം സഹായിപ്പാനായി ഈ വന്ദ്യ തിരുമേനികളും, മഹാജനങ്ങളും പ്രാർത്ഥിക്കണമെന്നപേക്ഷിച്ചുകൊണ്ടാണ് പ്രസംഗം ഉപസംഹരിച്ചത് (വിശ്വാസധോരണി, 74-75).
>
> തലേദിവസം വാഴിക്കപ്പെട്ട കാതോലിക്കായെ അനുമോദിച്ചതോടൊപ്പം മാർത്തോമ്മാ ക്രിസ്ത്യനികളുടെ യോജിപ്പിനായി പ്രവർത്തിക്കുക എന്നതായിരിക്കണം ബാവായുടെ പ്രഥമദൗത്യമെന്ന് ഓർമ്മപ്പെടുത്താനും ഈ പ്രസംഗത്തിലൂടെ അദ്ദേഹത്തിന് കഴിഞ്ഞു.

www.malankaralibrary.com

**3. ഗിരിദീപം**

1929-ൽ പ്രസിദ്ധീകരിച്ച മാർ ഈവാനിയോസ് പിതാവിന്റെ ആത്മകഥയായ ഗിരിദീപം ബഥനി ആശ്രമത്തിന്റെ ആരംഭത്തെക്കുറിച്ചും ആദ്യത്തെ പത്തു വർഷത്തെ ജീവിതത്തെക്കുറിച്ചുമുള്ള ചരിത്രമാണ്. ഗിരിദീപത്തെ ബഥനിയുടെ കണ്ണാടിയെന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത് (ഗിരിദീപം 153). ബാല്യകാലം മുതൽ മനസ്സിലുണ്ടായ സന്ന്യാസ താല്പര്യം സഭയിലെ പിളർപ്പിനെ തുടർന്ന് സെറാംപൂരിലേക്ക് പോയശേഷം ഉണ്ടായ ദൈവിക ഇടപെടലിലൂടെ വളരുവാനിടയായ സാഹചര്യങ്ങൾ ഹൃദയസ്പർശിയായി ഇതിൽ വിശദീകരിക്കുന്നു.

ബഥനി ആശ്രമസ്ഥാപനത്തെക്കുറിച്ച് നടത്തുന്ന ആലോചനകളുടെ മൂന്ന് ഘട്ടങ്ങൾ ആരംഭത്തിൽതന്നെ വിശദീകരിക്കുന്നു. സെറാംപൂരിലെത്തിയ മാർ ഈവാനിയോസ് പിതാവ് എം.ഡി.സെമിനാരി സ്കൂളിനെ ഒരു സർവ്വകലാശാലാ തലത്തിലേക്കുയർത്തുക, ഒരു വൈദിക വിദ്യാലയം സ്ഥാപിക്കുക എന്നീ ലക്ഷ്യത്തോടെയാണ് പ്രവർത്തനമാരംഭിച്ചത്. ഇതിന് സഹായകമായ ആൾ വിഭവശേഷി ക്രമീകരിക്കുന്നതിനായി മലങ്കരയിലെ വിദ്യാസമ്പന്നരായ ധാരാളം പേരെ വിവിധ സർവ്വകലാശാലകളിലയച്ച് ഉന്നതവിദ്യാഭ്യാസം നല്കി. എന്നാൽ സഭയുടെ ഉയർച്ചയ്ക്ക് കേവലം വിദ്യാഭ്യാസപരമായ വളർച്ച മാത്രം മതിയോ എന്നദ്ദേഹം ആശങ്കപ്പെട്ടു. സഭാമക്കൾക്ക് ഉന്നത വിദ്യാഭ്യാസം നല്കുന്നതോടൊപ്പം മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ലഭിച്ച സുവിശേഷമാകുന്ന നിധി മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനുള്ള ഉത്തരവാദിത്വത്തെക്കുറിച്ചായി അദ്ദേഹത്തിന്റെ അടുത്ത ചിന്ത. വിദ്യാഭ്യാസ മേഖലയിൽ ചെയ്യേണ്ട ശുശ്രൂഷകളുടെ പ്രാധാന്യത്തെ അവഗണിക്കാതെ തന്നെ സുവിശേഷ പ്രചാരണ ലക്ഷ്യത്തോടെ "സമുദായത്തിലുണ്ടായിട്ടുള്ള വ്രണങ്ങൾ കരിയുമാറ് ഇടവകകൾതോറും സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്തുക, അവിടെയുള്ള ആത്മീയാസ്വസ്ഥ്യങ്ങൾക്കും പരിഹാരമുണ്ടാക്കുക; സൺഡേസ്കൂളുകൾ വർദ്ധിപ്പിച്ച് ബാലികാബാലന്മാരിൽ ആത്മീയബോധം കൈവരുത്തുക; വിജാതീയരുടെയിടയിൽ സുവിശേഷം അറിയിച്ചുകൊണ്ട് അവരെ സത്യവിശ്വാസികളാക്കി തീർക്കുക" തുടങ്ങിയ ചിന്തകൾ അദ്ദേഹത്തെ മഥിച്ചു" (ഗിരിദീപം 56-57). തത്ഫലമായി, മിഷനറി സമൂഹങ്ങളെക്കുറിച്ച് പഠിക്കുകയും ഇത് സംബന്ധിച്ചുള്ള ദൈവഹിതം അറിയുവാനായി വ്രതങ്ങളും നിഷ്ഠകളും പാലിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. കുറച്ചുനാളുകൾക്കുശേഷം മിഷനറി സമൂഹമെന്ന ചിന്തയെക്കാളുപരി സന്ന്യാസമെന്ന ദർശനത്തിലേക്ക് അദ്ദേഹം കടന്നു. താമസിയാതെ സകലതുമുപേക്ഷിച്ച് യേശുവിനെ പിന്തുടർന്ന അപ്പസ്തോലന്മാരെപ്പോലെ സർവ്വസംഗ പരിത്യാഗികളായി യേശുവിനെ അനുധാവനം ചെയ്യുന്ന സന്ന്യാസത്തിലൂടെ മലങ്കര സഭയെ ശക്തിപ്പെടുത്തുന്നതിനും വളർത്തുന്നതിനുമുള്ള തീരുമാനത്തിലേക്ക് അദ്ദേഹം എത്തി. (ഗിരിദീപം 58-62).

മലങ്കരസഭയുടെ ഉദ്ധാരണത്തിനായി സന്ന്യാസപദം സ്വീകരിക്കുവാനുള്ള തീരുമാനത്തിന്റെ അനുക്രമമായ വളർച്ചയെ നാമിവിടെ കാണുന്നു. ദൈവതിരുനാമ മഹത്വത്തിനും, ദൈവരാജ്യം സ്ഥാപിക്കുന്നതിനുംവേണ്ടിയുള്ള പ്രവർത്തനത്തിൽ വിദ്യാഭ്യാസത്തിനും മിഷനറി സമൂഹത്തിനും സന്ന്യാസ സമർപ്പണത്തിനുമുള്ള സാംഗത്യം പരിചിന്തന വിഷയമാക്കിയ പിതാവ് ഒന്നിനെയും തമസ്കരിച്ചില്ല. അദ്ദേഹത്തിന്റെ ചിന്തകൾ ഓരോ ഘട്ടവും പിന്നിടുമ്പോൾ അദ്ദേഹം കുറിച്ച പ്രാർത്ഥനകൾ ഇത് വ്യക്തമാക്കുന്നു (ഗിരിദീപം 54, 58, 62).

മലങ്കര സഭയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സന്ന്യാസത്തിന്റെ അനിവാര്യത അദ്ദേഹം എടുത്തുകാട്ടി. "ദൈവസേവനത്തെ ജീവിതപ്രമാണമാക്കിയവരായി ദൈവഭക്തിയിൽ

www.malankaralibrary.com

പരിപോഷിക്കപ്പെടുന്നവരായുള്ളവരെ തിരഞ്ഞെടുത്തു രൂപീകരിക്കപ്പെടുന്ന ഒരു സ്ഥാപനം കൊണ്ടു മാത്രമേ സുറിയാനി സമുദായത്തിന് യഥാർത്ഥമായ അഭ്യുദയവും സുവിശേഷ പ്രചാരണവേലയ്ക്ക് വാസ്തവമായ ഫലപ്രാപ്തിയും ഉണ്ടാകയുള്ളു" (ഗിരിദീപം, 59). "സുകൃതങ്ങൾ സുകൃതരിൽ നിന്നുമാത്രമെ സംജാതമാവുകയുള്ളു. പുണ്യപ്രവർത്തികളേക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് പുണ്യജീവിതത്തിനത്രെ. ലോകരെ ദൈവത്തിങ്കലേക്ക് തിരിക്കണ മെങ്കിൽ യഥാർത്ഥമായ ദൈവഭക്തിയും ദൈവസ്നേഹവുമുള്ള സുവിശേഷകന്മാർ ഉണ്ടായിരിക്കണം" (ഗിരിദീപം, 60).

"ദൈവസേവനത്തെക്കാൾ അത്യുത്തമമല്ലയോ ദൈവസമ്പാദന" (ഗിരിദീപം 61) മെന്ന ചിന്ത ആപ്തവാക്യമായി സ്വീകരിക്കുന്നതാണ് തുടർന്നു നാം കാണുന്നത്. ദൈവസമ്പാദനത്തിന് സകലതുമുപേക്ഷിച്ച് യേശുവിനെ അനുഗമിച്ച അപ്പസ്തോലന്മാരുടെ വഴിത്താരയും അദ്ദേഹം നിർദ്ദേശിക്കുന്നു.

> വിശ്വാസത്താൽ മനുഷ്യൻ ദൈവവുമായി ബന്ധപ്പെടണം. ദൈവീകമായ ശരണ ത്തിൽ മാത്രമെ അവൻ അവലംബിക്കപ്പെടാനും പാടുള്ളു. ദൈവസ്നേഹമല്ലാതെ മറ്റൊരു ചൈതന്യവുമവനുണ്ടായിരുന്നു കൂടാ. ഈ മനഃസ്ഥിതിയിലെത്തുന്നതിന്റെ മാർഗ്ഗദർശി ത്യാഗമായിരിക്കും. ത്യാഗം കൊണ്ടല്ലാതെ അനന്യസാധാരണമായ ദൈവസാമീപ്യം ലഭിക്കാവതല്ല. ദൈവവുമായി വളരെയടുത്തു നില്ക്കണമെന്നു ള്ളവൻ സകലത്തിലും യേശുമിശിഹായെത്തന്നെ അനുകരിച്ചേ മതിയാവൂകയുള്ളു. ഗോഗുൽത്താ മലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അച്ഛസ്ഫടികമായ മാതൃക അവന്റെയുള്ളിൽ പ്രതിഫലിക്കപ്പെടണം. സ്വകുടുംബത്തെയെന്നല്ല, സ്വരാജ്യത്തെയെന്നല്ല ലോകത്തെ തന്നെ അവർ ഉപേക്ഷിക്കണം. അവനെപ്പോലും പരിത്യജിക്കണം. ലോകത്തിനു മരിക്കുകയെന്നുള്ളതും സ്വയപരിത്യാഗമെന്നു ള്ളതും ഒന്നുതന്നെയാണ്. യേശുമിശിഹായുടെ ശ്ലീഹന്മാർ സ്വയപരിത്യാഗികളായി രുന്നു. 'സകലതും ഉപേക്ഷിച്ചുകൊണ്ട് ഞങ്ങൾ നിന്റെ പിന്നാലെ വന്നിരിക്കുന്നു' എന്ന് പറയാൻ തക്കവണ്ണം മനഃശക്തിയും ദൈവാനുഗ്രഹവും ലഭിച്ച അവരത്രെ ദൈവത്തെ സമ്പാദിച്ചവർ; അവരത്രെ യഥാർത്ഥ സുവിശേഷകന്മാർ; അവരാലത്രെ ലോകത്തിന് യേശുമിശിഹായെ അറിയാൻ കഴിഞ്ഞിട്ടുള്ളതും. സന്ന്യാസപദം പ്രാപിക്കുന്ന ഒരാളാൽ ഇവയൊക്കെ സാധിക്കാവുന്നതാണ്. പരിത്യാഗത്തെ അതിന്റെ അക്ഷരപ്രകാരം ആഭ്യന്തരമായും ബാഹ്യമായും നിവൃത്തിക്കുവാൻ അയാൾക്കു മാത്രമെ കഴിവുണ്ടാകയുള്ളു. ഒരു സന്ന്യാസിക്ക് ധനം, ബഹുമതി, പൊതുജനസമ്മതം എന്നീ പദങ്ങൾ അപമാനം, ദാരിദ്ര്യം, ദുഷ്കീർത്തി എന്നിവയുടെ പര്യായങ്ങൾ മാത്രമത്രെ. ലോകദൃഷ്ടിയിൽ ബുദ്ധിഹീനനും ഭ്രാന്തനുമായിത്തീരുമ്പോൾ ഒരു സന്ന്യാസി പരമാനന്ദം അനുഭവിക്കുന്നു.
>
> 'ലോകം താത സഹോദരർ ജാതിയതും തറവാടും
> ആകെയുപേക്ഷിച്ചേശുവിനായ്' മരിക്കുവാനും ജീവിക്കുവാനും സന്നദ്ധരായവർക്ക് ത്യാഗവും ദാരിദ്ര്യവും കണ്ഠാഭരണങ്ങളത്രെ. സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സന്ന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടതെന്നും, ദൈവതിരുവിഷ്ടം അതാണെന്നും, അതിനാൽ അതാണ് ജീവിതാദർശിയായിരിക്കേണ്ടതെന്നും, അതിനായിട്ടുവേണം ശിഷ്ടായു

www.malankaralibrary.com

സ്സിനെ വിനിയോഗിപ്പാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ട് നിശ്ചയിച്ചു. ഒട്ടധികം ദിവസങ്ങളിലെയും മാസങ്ങളിലെയും പര്യവേക്ഷണങ്ങളുടെയും പര്യാലോചനകളുടെയും പ്രാർത്ഥന, വി.കുർബാന എന്നിവയുടെ ഫലമായി ദൈവത്തിൽ നിന്നു ലഭിക്കപ്പെട്ട പ്രസ്തുത ആദർശത്തെ നാം ഒരു അമൂല്യ നിധിയെന്നവണ്ണം വിലമതിക്കുകയും അതിനെ വ്യാപാരം ചെയ്യാനുള്ള പരിജ്ഞാനത്തെ തേടുവാൻ ഉദ്യമിക്കുകയും ചെയ്തു" (ഗിരിദീപം 61-62).

ആശ്രമം തുടങ്ങാൻ തീരുമാനിച്ചതോടൊപ്പം സ്ത്രീകൾക്കായി സന്ന്യാസിനിസമൂഹം തുടങ്ങാനും തീരുമാനിച്ചു. സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി ഏതാനും പേരെ കല്ക്കത്തായ്ക്ക് ആരംഭത്തിൽ കൊണ്ടുപോയെങ്കിലും സന്ന്യാസ പ്രസ്ഥാനം തുടങ്ങണമെന്ന് തീരുമാനിച്ചതോടെ സന്ന്യാസത്തോട് താല്പര്യമുള്ളവരെ കണ്ടെത്തി അവരെ പരിശീലിപ്പിക്കാനുള്ള ശ്രമങ്ങൾ ബാരിസോൾ കേന്ദ്രീകരിച്ച് അദ്ദേഹം ആരംഭിച്ചു. സന്ന്യാസിനി സമൂഹം ആരംഭിക്കുന്നതിനെക്കുറിച്ചുള്ള ചിന്തകളെ സമാഹരിച്ചു കൊണ്ടദ്ദേഹം എഴുതി:

ആയുശ്ശേഷം മുഴുവനും ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെടുന്ന പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകൾക്കും കന്യകകളായിരിപ്പാൻ ക്രിസ്തീയ സഭയിൽ പുരാതനകാലം മുതലേ സൗകര്യം നല്കപ്പെട്ടിട്ടുള്ളതിനാൽ ഇന്നും പൂർവ്വികമായ പാശ്ചാത്യ പൗരസ്ത്യ സഭകളിൽ കന്യകാമഠങ്ങളെക്കൊണ്ടു സാധിച്ചുവരുന്ന മഹത്തരങ്ങളായ സുകൃതവേലകളെ ഗൗനിക്കുമ്പോൾ മലങ്കരസഭയിൽ കന്യകാമഠപ്രസ്ഥാനത്തിനു സ്ഥാനമുണ്ടാകുക ആവശ്യമാണെന്നും നമുക്കു തോന്നി. സുവിശേഷ പ്രചരണാർത്ഥം സന്ന്യാസിമാരുടെ പ്രവേശനവും സഹകരണവും നിവൃത്തിയില്ലാത്തിടത്തു സന്ന്യാസിനികൾക്ക് സൗകര്യമുണ്ടായിരിക്കുമെന്നുള്ളതിനാൽ മാത്രമല്ലാ, ഒരു ഗൃഹത്തിന്റെയും വിശുദ്ധ സഭയുടെയും ഉള്ളറയിൽ ദൈവജനത്തിനുള്ള സ്ഥാനം സ്ത്രീജനങ്ങളുടെ മനോഗതിയുടെ ആനുകൂല്യമനുസരിച്ചാകയാൽ, തങ്ങളെത്തന്നെ ദൈവത്തിനായി നല്കിയിട്ടുള്ള കന്യാസ്ത്രീകൾ ഉണ്ടായിരിക്കുന്നതു മലങ്കര സഭയുടെ പുരോഗതിക്ക് അത്യാവശ്യമാണെന്ന് നാം വിചാരിച്ചു (ഗിരിദീപം, 65-66).

മലങ്കരയിൽ സന്ന്യാസസമൂഹം ആരംഭിക്കാൻ തീരുമാനിച്ച പിതാവ് കത്തോലിക്കാ സഭയിലെയും ആംഗ്ലിക്കൻ ഹൈചർച്ചിലെയും വിവിധ ആശ്രമങ്ങൾ സന്ദർശിക്കുകയും പഠിക്കുകയും ചെയ്തതോടൊപ്പം വട്ടശ്ശേരിൽ തിരുമേനിയുടെ അനുമതിയോടെ സന്ന്യാസ പരിശീലന ചർച്ചകൾ സെറാംപൂരിൽ വച്ചുതന്നെ ആരംഭിച്ചു. അതനുസരിച്ച് അനുഷ്ഠിച്ച സന്ന്യാസ പരിശീലനത്തെക്കുറിച്ച് അദ്ദേഹം എഴുതി:

സന്ന്യാസപരമായ ജീവിതത്തിൽ എത്രയോ നിസാരങ്ങളും ലഘുതരങ്ങളായ ഏതാനും ചില അനുഷ്ഠാനങ്ങളും വ്രതങ്ങളും മാത്രമെ അപ്പോൾ പാലിച്ചു വന്നിരുന്നുള്ളു. കൃത്യസമയങ്ങളിലുള്ള നമസ്കാരത്തിന് ആരും ഉപേക്ഷ വരുത്താൻ പാടില്ലെന്നും, ധ്യാനം, ജീവിതശോധന - ഇവ ദിവസംതോറും നിർവിഘ്നം നടത്തിക്കൊള്ളണമെന്നും, സൂത്താറാ നമസ്കാരം കഴിഞ്ഞാൽ പ്രഭാത പ്രാർത്ഥനയും, ധ്യാനവും കഴിഞ്ഞതിനുമേൽ മാത്രമെ പരസ്പരം

www.malankaralibrary.com

> സംസാരിക്കാവൂ എന്നും മറ്റുമായിരുന്നു ശെമ്മാശന്മാർ അനുവർത്തിച്ച വന്ന നിയമങ്ങളെന്നും പറയാം (ഗിരിദീപം 67).

ആത്മകഥയിലെ ഏകദേശം 70 പേജുകൾ ആശ്രമജീവിതത്തിലെ വിവിധ സംഭവങ്ങളെക്കുറിച്ചു വിവരിക്കുവാനായി മാറ്റിവച്ചിട്ടുണ്ട്. ഓരോ സംഭവങ്ങളെക്കുറിച്ചുള്ള വർണ്ണനകളിൽ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമത്തിലൂടെ വിഭാവന ചെയ്ത സന്ന്യാസ മൂല്യങ്ങളെ കുറിച്ചുള്ള സൂചനകളാണ് നല്കുന്നത്.

1920-ലെ പെന്തിക്കോസ്തി നാളിൽ പ്രഥമാംഗങ്ങൾ വ്രതവാഗ്ദനം നടത്തിയ അവസരത്തിൽ സന്ന്യാസ സമർപ്പണത്തെ സർവ്വാംഗഹോമയാഗത്തോടുപമിച്ച് നടത്തിയ പ്രസംഗം സന്ന്യാസസമർപ്പണത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകളുടെ നേർസാക്ഷ്യമാണ്.

ബഥനിയുടെ പ്രേഷിത ശുശ്രൂഷകളെ സംബന്ധിച്ച ഗിരിദീപത്തിലെ വിവരണങ്ങളും പ്രസക്തമാണ്. "നിങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി സർവ്വജാതികളോടും ഏവൻഗേലിയോൻ പ്രസംഗിപ്പിൻ" എന്നുള്ള നമ്മുടെ രക്ഷകനായ മിശിഹാ തമ്പുരാന്റെ അന്ത്യശാസനത്തെ നിറവേറ്റുന്നതിൽ യഥാമതി ബഥനിയും ഉത്സാഹിക്കുന്നുണ്ട്" (ഗിരിദീപം 147). മതപരിവർത്തനത്തെ സംബന്ധിച്ച പിതാവിന്റെ കാഴ്ചപ്പാടും ഗിരിദീപത്തിൽ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്.

> അധഃകൃതവർഗ്ഗങ്ങളുടെ സാമൂഹികാഭിവൃദ്ധിയേക്കാൾ ആത്മീയമായി അവരുടെ അസ്വാസ്ഥ്യത്തെയാണ് ബഥനി വിജാതീയ മിഷൻ കൂടുതലായി ഗൗനിച്ചിട്ടുള്ളത്. ജാതൈക്യമായതന്ത്ര്യകാംക്ഷയാലോ പ്രലോഭനങ്ങൾ മൂലമോ യാതൊരുവനും ക്രിസ്ത്യാനിയായി തീരുവാൻ സംഗതി വരുമാറാവരുത്. ക്രിസ്തുമതത്തിന്റെ നന്മയും മേന്മയും ബാഹ്യമായ അതിന്റെ പരിപുഷ്ടിയെ ഒരുനാളും ആശ്രയിച്ചിരിക്കാൻ പാടുള്ളതല്ല.
>
> ബഥനി വിജാതീയമിഷൻ ക്രിസ്തുമതപരിവർത്തനത്തിനായി ആരേയും പ്രേരിപ്പിക്കുന്നില്ല. സാമൂഹികമായ അഭിവൃദ്ധിയെയോ സഹായ സഹകരണങ്ങളെയോ അത് വാഗ്ദാനം ചെയ്യുന്നുമില്ല. ക്രിസ്ത്യാനിയാവണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് മിശിഹാതമ്പുരാന്റെ തൃപ്പാദമണയുന്നവർക്ക് തദ്വിഷയത്തിന്റെ പരിശീലനം നല്കത്തക്കവണ്ണം അതിൽ സൗകര്യമുണ്ടായിട്ടുണ്ടെന്ന് മാത്രമേയുള്ളു. ക്രിസ്തുമതത്തിന്റെ ധർമ്മസിദ്ധാന്തങ്ങൾ, ഉപദേശങ്ങൾ, ഒരു ക്രിസ്ത്യാനിയുടെ ദിവ്യചര്യകൾ ഇവയെപ്പറ്റി ഏതാനുംകാലം പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തതിന്റെശേഷം വി.മാമ്മോദീസാമൂലം അയാളെ ക്രിസ്ത്യാനിയാക്കി തീർത്തുകൊണ്ട് യേശുമിശിഹായുടെ വിലമതിക്കാവതല്ലാത്ത വിശുദ്ധ തിരുശരീരരക്തങ്ങൾ അയാൾക്ക് പ്രദാനം ചെയ്യുന്നു. ഈ വിധത്തിൽ ക്രിസ്ത്യാനികളായി തീരുന്നവരുടെ ആത്മീയഔഷധാലയം തന്നെയാണ് ബഥനി വിജാതീയ മിഷൻ എന്ന് പറയാം. ആത്മരോഗികളായവർ ഈ ഔഷധശാലയെ സ്വയമേവ അറിഞ്ഞുകൊള്ളും (ഗിരിദീപം, 148).

ബഥനി ആശ്രമത്തിന്റെ ആരംഭത്തിലും നടത്തിപ്പിലും അനുഭവപ്പെട്ട ദൈവകൃപയുടെ അനുഭവം പുസ്തകത്തിലുടനീളം കാണാനാകും. ഇത് പ്രത്യേകം പരാമർശിച്ചുകൊണ്ടാണ് ഗിരിദീപം അവസാനിപ്പിക്കുന്നത്.

www.malankaralibrary.com

ബഥന്യാശ്രമത്തിന്റെ സ്ഥാപകൻ എന്ന നിലയിൽ യാതൊരുവക പ്രശംസയ്ക്കും നാം അർഹനല്ല. ഏതെങ്കിലും തരത്തിലുള്ള അഭിനന്ദനത്തിനും നാം യോഗ്യനുമല്ല. ഒരു കാര്യം നമുക്ക് അനുഭവവേദ്യമായിട്ടുണ്ട്. ബഥന്യാശ്രമം മുഖേന ദൈവത്തിന്റെ കൃപയും സ്നേഹവും നമുക്ക് കൂടുതലായി കാണാൻ കഴിഞ്ഞു. കേവലം ഈയൽ പോലെയുള്ളവരായ ആശ്രമസ്ഥരന്മാരെക്കൊണ്ട് യാതൊന്നും സ്വയമേവ സാധ്യമല്ലല്ലോ. എല്ലാറ്റിന്റെയും അടിസ്ഥാനം ദൈവകരുണ തന്നെ. അവിടുന്ന് തുടങ്ങി, അവിടുന്ന് നടത്തി, നാമൊന്നും ചെയ്തിട്ടില്ല, ചെയ്യിച്ചുമില്ല. പത്തു കൊല്ലത്തിനുള്ളിൽ ബഥനിക്ക് ലഭിച്ച പ്രോത്സാഹനാനുഗ്രഹങ്ങൾ സീമാതീതങ്ങളത്രെ. ബഥന്യാശ്രമം അതിന്റെ മുഴങ്കാൽ മടക്കിയത് മിശിഹാതമ്പുരാന്റെ മുമ്പിലായിരുന്നു. അപ്രതീക്ഷിതമായി ബഥനിക്കുണ്ടായ പല പല പരിവർത്തനങ്ങളെയും നാം ഇപ്പോൾ ഓർത്തു നോക്കുന്നുണ്ട്. ആഗ്രഹിക്കാതെയും അപേക്ഷിക്കാതെയും അതിന്റെ നിലനില്പിനും അഭിവൃദ്ധിക്കുമായി ദൈവം ചെയ്ത വിസ്മയാവഹങ്ങളായ സഹായങ്ങൾ ആർക്കും ദൃശ്യങ്ങൾ തന്നെയത്രെ. ബഥന്യാശ്രമത്തിൽ നിന്നു മേല്പട്ടക്കാരൻ ഉണ്ടാകണമെന്ന് നാം ആഗ്രഹിച്ചിട്ടില്ല. ബഥനി വകയായി പള്ളികൾ വേണമെന്നും നാം ആശിച്ചിരുന്നില്ല. പരിശുദ്ധ റൂഹായായ ദൈവം പരിശുദ്ധ പിതാക്കന്മാർ വഴിയായി ബഥനിക്കു മേല്പട്ടക്കാരെ അഭിഷേകം ചെയ്തു. അവിടുന്നുതന്നെ പലയിടങ്ങളിലായി ചുരുക്കം ചില പള്ളികളും ഉണ്ടാക്കിപ്പിച്ചു. സന്ന്യാസപരമായ മഹൽ പ്രതിജ്ഞയും സമാന്യ പ്രതിജ്ഞയും ചെയ്തിട്ടുള്ള സ്ത്രീപുരുഷന്മാരെ ആശ്രമസ്ഥരായി ഏർപ്പെടുത്തിയതും അവിടുന്നുതന്നെ. തുറന്നു കിടക്കുന്ന ആശ്രമത്തിലേക്ക് സ്ത്രീ പുരുഷ ഭേദമെന്യേ ഓരോരുത്തർ പ്രവേശിക്കുന്നുണ്ടെ ങ്കിൽ അതും ദൈവവ്യാപാര ഫലം തന്നെ. ബഥനിയുടെ ഭാവിയെക്കുറിച്ച് നമുക്കെന്നും തന്നെ ഭാരപ്പെടേണ്ടതില്ല. യാതൊന്നിനാലും നാം ഭയപ്പെടുന്നില്ല (ഗിരിദീപം 153-154).

1929-ൽ പ്രസിദ്ധീകരിച്ച ഗിരിദീപം നല്കുന്ന സൂചനയനുസരിച്ച് 1928 ജൂണിൽ അദ്ദേഹം ഗ്രന്ഥരചന ആരംഭിച്ചുവെന്ന് വേണം കരുതാൻ. അതുകൊണ്ടുതന്നെ 1928 ജൂലൈ 4-ാം തീയതി വട്ടശ്ശേരിൽ തിരുമേനിക്ക് അനുകൂലമായി ഉണ്ടായ കോടതിവിധിക്കുശേഷം മലങ്കര സഭയുടെ സ്വത്വബോധത്തിലുണ്ടായ മാറ്റം ഇതിൽ പ്രതിഫലിക്കുന്നില്ല. മറിച്ച്, ബഥനിയിലൂടെ സഭയിൽ നടക്കുന്ന നവീകരണവും സുവിശേഷപ്രഘോഷണദൗത്യത്തെയും കുറിച്ചുള്ള വിവരണങ്ങളാണ് നാമിതിൽ കാണുന്നത്.

**4. ബഥനിയോഗം**

1930 ഫെബ്രുവരി 20-ാം തീയതി (1105 കുംഭം 9) പെരുന്നാട് ബഥനി ആശ്രമത്തിൽ ചേർന്ന ബഥനി യോഗത്തിലും ബഥനി ആശ്രമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ അദ്ദേഹം വിശദമായി അവതരിപ്പിക്കുന്നുണ്ട്. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനുള്ള പരിശ്രമങ്ങൾ പുരോഗമിക്കുന്ന അവസരത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെയും ബഥനിയെയും പുനരൈക്യവഴിയിൽ നിന്നും പിന്തിരിപ്പിക്കുവാനുള്ള ശ്രമങ്ങളുടെ പശ്ചാത്തലത്തിലാണ് ബഥനിയോഗം വിളിച്ചു ചേർത്തത്. ഇക്കാരണത്താൽ ബഥനിയുടെ സ്വതന്ത്രനിലയെക്കുറിച്ചാണ് പിതാവ് പ്രധാനമായും സംസാരിച്ചത്. മലങ്കര പള്ളികളുടെ അവകാശത്തെ സംബന്ധിച്ച് ബാവാകക്ഷിയും മെത്രാൻകക്ഷിയും തമ്മിൽ നടക്കുന്ന

www.malankaralibrary.com

വഴക്കുകളുടെ പശ്ചാത്തലത്തിൽ വട്ടശ്ശേരി തിരുമേനിയുടെ അനുമതിയോടെ ബഥനിയെ ഒരു സ്വതന്ത്രസഭയായി സ്ഥാപിക്കാനിടയായ സാഹചര്യം ആരംഭത്തിൽ വിശദീകരിക്കുന്നു. എന്നാൽ വട്ടിപ്പണക്കേസിന്റെ റിവിഷൻ അപ്പീൽ വിധിയിൽ (4-7-1928) വട്ടശ്ശേരി തിരുമേനിയുടെ മുടക്ക് അസാധുവാണെന്ന് സ്ഥാപിക്കപ്പെട്ടതോടെ ബഥനിയെ ഓർത്തഡോക്സ് സഭയിൽ ലയിപ്പിക്കണമെന്ന ചിന്ത വട്ടശ്ശേരി തിരുമേനിയിലുണ്ടായി. വട്ടശ്ശേരി തിരുമേനിയുടെ സമീപനത്തിലുണ്ടായ മാറ്റം ബഥനിയുടെ സ്വതന്ത്രനിലയെ കുറിച്ച് വിശദീകരിക്കാൻ അദ്ദേഹത്തെ നിർബന്ധിച്ചു. ഇതിന്റെ ഭാഗമായി ബഥനിയെ ഒരു ട്രസ്റ്റായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ആലോചനകളും പിതാവ് നടത്തി. ഈ പശ്ചാത്തലത്തിൽ ബഥനി ഒരു ധർമ്മസ്ഥാപനമെന്ന ചിന്തയ്ക്ക് ഊന്നൽ നല്കപ്പെട്ടു.

> യാക്കോബായ സഭയുമായി ബന്ധമുള്ള വിധം ബഥനിയെ സ്ഥാപിച്ചാൽ നിശ്ചയമായും അത് ഭാവിയിൽ വഴക്കിനും വ്യവഹാരത്തിനും അധീനമാകുമെന്നു നമുക്ക് പരിപൂർണ്ണമായ ബോദ്ധ്യമുണ്ടായിരുന്നു. ദൈവമഹത്വത്തെ ഉദ്ദേശിച്ച് പരോപകാരാർത്ഥങ്ങളായ പുണ്യവേലകൾ ചെയ്യാനാണ് നാം ബഥനി സ്ഥാപിച്ചത്. യാക്കോബായ സഭയിൽ ചെയ്യപ്പെടുന്ന ഏതൊരു പ്രവൃത്തിയും യാക്കോബായ പാത്രിയാർക്കീസിന് അധീനമാകുന്നു. യാക്കോബായ പാത്രിയാർക്കീസിന് അധീനമായ ഏതൊരു സ്ഥാപനവും നിലനിൽക്കുകയോ ഐശ്വര്യപ്പെടുകയോ ചെയ്യാൻ എളുപ്പമല്ലായെന്നും, യാക്കോബായ സഭയിലെ അനവരതമായ വഴക്കുകളും വ്യവഹാരങ്ങളും സാന്മാർഗ്ഗികമായും ആത്മീയമായും അതിലെ അംഗങ്ങൾക്ക് നാനാതരത്തിലുള്ള ദോഷങ്ങൾ വരുത്തി കൂട്ടുന്നുണ്ടെന്നും, ആ സഭയിലെ ഭരണഘടനയുടെ സമ്പ്രദായംതന്നെ വഴക്കുകകളെയും വ്യവഹാരങ്ങളെയും ഉത്ഭവിപ്പിക്കത്തക്ക വിധത്തിലുള്ളതാണെന്നും നാം മനസ്സിലാക്കിയെങ്കിൽ അത് അത്ഭുതകരമല്ലല്ലോ. അതിനാൽ യാക്കോബായ സഭയ്ക്കാകട്ടെ യാക്കോബായ പാത്രിയാർക്കീസിനാകട്ടെ, യാക്കോബായ സഭയിൽ ഭരണാധികാരമുള്ള ഏതെങ്കിലും സ്ഥാനിക്കോ വ്യക്തിക്കോ സമൂഹത്തിനോ ആകട്ടെ യാതൊരു കർതൃത്വവും ബന്ധവുമില്ലാത്തവിധത്തിലും സ്വതന്ത്ര സ്ഥാപനമായിരിക്കത്തക്ക നിലയിലും വേണം ബഥനിയെ ഉണ്ടാക്കുന്നതെന്ന് നാം ആദ്യമെ നിശ്ചയിച്ചിരുന്നു (ബഥനി പ്രസംഗം 18-19).

സാമുദായികവും വിശ്വാസപരവുമായ കാര്യങ്ങളിലെന്നപോലെ പൊതു സമൂഹത്തിന് കൂടി പ്രയോജനപ്പെടുന്ന ഒരു ധർമ്മസ്ഥാപനമെന്ന നിലയിലാണ് ബഥനിയെ സ്ഥാപിച്ചതെന്ന് അദ്ദേഹം സൂചിപ്പിച്ചു.

> ജാതിമതഭേദമെന്യേ പരോപകാർത്ഥം പുണ്യവേലകൾ ചെയ്യണമെന്ന് നാം അക്കാലത്ത് ഉദ്ദേശിച്ചു. യാക്കോബായ സഭയിൽ നിന്നും വേർപെട്ടതും യാക്കോബായ സഭയ്ക്കും സഭാധ്യക്ഷന്മാർക്കും യാതൊരു വക ബന്ധവും കർത്തവ്യവും ഇല്ലാത്തതുമായ ഒരു ധർമ്മസ്ഥാപനമുണ്ടാക്കണമെന്നും ആ ധർമ്മസ്ഥാപനം സമസൃഷ്ടങ്ങളായ ഏവർക്കും നന്മ ചെയ്യുന്ന ഒരു പുണ്യസ്ഥാപനമായിരിക്കണമെന്നായിരുന്നു നമ്മുടെ അഭിലാഷം. യാക്കോബായ പാത്രിയർക്കീസിനോ തൽസഭയിലെ ഇതര അദ്ധ്യക്ഷന്മാർക്കോ അധീനമായ ഒരു സ്ഥാപനമോ അവരുടെ അധികാരത്തിൻ കീഴിലുള്ള ഏതെങ്കിലും പുണ്യവേലകളോ

www.malankaralibrary.com

ഐശ്വര്യപ്പെടുകയില്ലെന്നും നമുക്ക് ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ട്, ബഥനിയെ സ്വതന്ത്രമായ ധർമ്മസ്ഥാപനമായിട്ടേ നാം കരുതുകയും രൂപവല്കരിക്കുകയും ചെയ്കയുണ്ടായുള്ളു (ബഥനിയോഗം, 19–20).

ബഥനി ഒരു ധർമ്മസ്ഥാപനമെന്ന നിലയിൽ "ബഥനി സ്ഥാപനാനന്തരം അതിനോടു ഘടിപ്പിച്ച് ആദ്യമായി നാം ഒരു അനാഥശാലയാണ് ഏർപ്പെടുത്തുകയുണ്ടായത്. ക്രമേണ ഒരു ധർമ്മാശുപത്രിയാക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ ഒരു ഔഷധശാല (Dispensary) സ്ഥാപിക്കപ്പെട്ടു. തദനന്തരം ഒരു ആശ്രമം രൂപീകരിച്ചു" (ബഥനിയോഗം, 22). ആശ്രമ രൂപീകരണത്തിനുശേഷമാണ് മഠത്തിന്റെ സ്ഥാപനം. മഠവും ഒരു സ്വതന്ത്രസ്ഥാപനമായിട്ടാണ് അദ്ദേഹം സ്ഥാപിച്ചത്. "നാം ഇദംപ്രഥമമായി സ്ഥാപിച്ച ബഥനിയുമായി പ്രത്യേക ബന്ധമില്ലാത്ത പ്രകാരത്തിലാണ് നാം ഈ കന്യകാമഠം സ്ഥാപിക്കുകയുണ്ടായതെന്നുള്ളത് സ്മർത്തവ്യംതന്നെ" (ബഥനിയോഗം, 22–23).

യാക്കോബായ സഭയിൽ നിന്നും ഓർത്തഡോക്സ് സഭയിൽനിന്നും തികച്ചും വ്യത്യസ്തമായി സ്ഥാപിക്കപ്പെട്ട ബഥനി ആശ്രമത്തിന്റെ വളർച്ചയുടെ ഘട്ടത്തിൽ മെത്രാനും, മെത്രാപ്പോലീത്തായുമായി അവരോധിക്കപ്പെട്ടപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് ഏതെങ്കിലും ഒരു രൂപതയുടെ മെത്രാനായോ, തെരഞ്ഞെടുപ്പിലൂടെയോ, ഉടമ്പടി പ്രകാരമോ അല്ല തെരഞ്ഞെടുക്കപ്പെട്ടതെന്ന് അദ്ദേഹം വ്യക്തമാക്കി. മാത്രവുമല്ല, മെത്രാഭിഷേക ശുശ്രൂഷയിൽ ലെയോ മാർപ്പാപ്പായെ ശപിക്കുന്നതുപോലെയുള്ള പദപ്രയോഗങ്ങൾ അദ്ദേഹം ഒഴിവാക്കുകയും ചെയ്തു. മെത്രാനായശേഷം 1925 മുതൽ ബഥനിപ്പള്ളികൾ ആരംഭിക്കുകയും അതിനെ ബഥനി മെത്രാന്മാരുടെ കീഴിൽ ഒരു സ്വതന്ത്രസഭയായി വളർത്തിയതിനെക്കുറിച്ചും അദ്ദേഹം വിശദീകരിക്കുന്നു (ബഥനിയോഗം, 31–33).

പിതാവിന്റെ നേതൃത്വത്താൽ നടക്കുന്ന പുനരൈക്യ പരിശ്രമങ്ങളെക്കുറിച്ചുള്ള സംശയ നിവാരണത്തോടെയാണ് പിതാവ് പ്രസംഗം അവസാനിപ്പിച്ചത്. ആഗോള സഭയിലെയും കേരള സഭയിലെയും പിളർപ്പുകളെക്കുറിച്ച് സൂചിപ്പിച്ചശേഷം ക്രൈസ്തവ സഭയുടെ സാക്ഷാൽ ഉടൽ കത്തോലിക്കാസഭയാണെന്നും അതിനോട് യോജിക്കാനായി കേരളസഭയിൽ പിളർപ്പുണ്ടായ പ്പോൾ മുതൽ നടന്ന പരിശ്രമങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു (ബഥനിയോഗം, 48–53). കത്തോലിക്കാസഭയുമായ നടന്നുവരുന്ന പുനരൈക്യ പരിശ്രമങ്ങളുടെ പശ്ചാത്തലത്തിൽ ബഥ നിയെ സ്വതന്ത്രമായി നിലനിർത്തുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ ചേർന്ന യോഗത്തിന്റെ ലക്ഷ്യത്തെ വിശദീകരിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ അദ്ധ്യക്ഷപ്രസംഗം അവസാനിപ്പിച്ചത്.

> ബഥനി സ്വത്തുക്കൾ യാക്കോബായ സഭയ്ക്കാകട്ടെ, റോമൻ കത്തോലിക്കാ സഭയ്ക്കാകട്ടെ, കാതോലിക്കോസിനാകട്ടെ നാം ഒരുനാളും അധീനമായി കൊടുക്കുന്നതല്ലെന്നും നിങ്ങൾ ഗ്രഹിച്ചിരിക്കണം. ബഥനിയെ നാം സ്വതന്ത്രമായി സ്ഥാപിച്ചു. അവ്വണ്ണം അത് എന്നെന്നും സ്വതന്ത്രമായിത്തന്നെ നിന്നുകൊണ്ട് അതിന്റെ സ്ഥാപനോദ്ദേശ്യത്തിനനുസരണമായ പരോപകാര പ്രവൃത്തികൾ ചെയ്യത്തക്കവണ്ണം ബഥനി സ്വത്തുക്കൾ വിനിയോഗിക്കപ്പെടണമെന്നു മാത്രമാണ് നമുക്ക് ഇപ്പോഴുള്ള അഭിലാഷം. നാം ബഥനിയുടെ സ്ഥാപകനാണെന്ന് വരികിലും പല വിധത്തിൽ അതിനെ സഹായിച്ചിട്ടുള്ള നിങ്ങളുമായി ആലോചിച്ച് ഇത് സംബന്ധമായി പ്രവർത്തിക്കണമെന്ന് ഉദ്ദേശിച്ചത്രെ നിങ്ങളെ നാം ഇവിടെ ക്ഷണിച്ചു വരുത്തിയിട്ടുള്ളത് (ബഥനിയോഗം, 53).

www.malankaralibrary.com

കക്ഷിവഴക്കുകളിൽ നിന്നുമകന്ന് സ്വതന്ത്രമായി സ്ഥാപിക്കപ്പെട്ട ബഥനിയെ ഒരു സ്വതന്ത്ര സഭയായിട്ടാണ് പിതാവ് ഇവിടെ അവതരിപ്പിക്കുന്നത്. പുനരൈക്യത്തെ അനുകൂലിച്ച ഓർത്തഡോക്സ് നേതൃത്വം പിൻവാങ്ങിയപ്പോൾ ബഥനിമെത്രാപ്പോലീത്തായുടെയും ബഥനി എപ്പിസ്കോപ്പായുടെയും നേതൃത്വത്തിൽ ബഥനി ആശ്രമവും ബഥനി മഠവും ബഥനി പള്ളികളുമുൾപ്പെടുന്ന ബഥനി സഭ പുനരൈക്യപ്പെടുന്നതിന്റെ സൂചനകൾ നമുക്കിവിടെ കാണാൻ കഴിയും. പുനരൈക്യത്തെ തുടർന്ന് 1932-ൽ ഹയരാർക്കി സ്ഥാപിക്കുന്നതുവരെ മാർ ഈവാനിയോസ് പിതാവ് ബഥനിയുടെ ആർച്ച്ബിഷപ്പ് എന്ന പേരിലാണറിയപ്പെട്ടതെന്ന വസ്തുതയും ഇവിടെ സ്മരണീയമാണ്.

ഉച്ചയ്ക്കുശേഷം ചേർന്ന യോഗത്തിൽ ബഥനിയുടെ കണക്കുകൾ അവതരിപ്പിച്ചു. പ്രസ്തുത യോഗത്തിലും ബഥനിയുടെ സ്ഥാപനോദ്ദേശ്യവും ലക്ഷ്യവും പിതാവ് വിശദീകരിക്കുകയുണ്ടായി.

"ബഥനിയും ബഥന്യാശ്രമവും മറ്റ് ധർമ്മസ്ഥാപനങ്ങളും സ്ഥാപിക്കണമെന്ന് നാം ആലോചിക്കുകയും നിശ്ചയിക്കുകയും ചെയ്തത് സെറാംപൂർ കോളേജിൽ പ്രൊഫസറായിരുന്ന കാലത്തായിരുന്നു. ഇത് ദൈവനടത്തിപ്പിനനുസരിച്ചുണ്ടായ ഒരു പ്രവൃത്തിയെന്നാണ് ഇന്നും നാം വിശ്വസിക്കുന്നത്" (ബഥനിയോഗം 55).

ഈ സമ്മേളനത്തിലും മലങ്കരസഭയുടെ അഭിവൃദ്ധിക്കുവേണ്ടി സന്ന്യാസസമൂഹം തുടങ്ങുന്നതിനെക്കുറിച്ചുള്ള തീരുമാനത്തിലെത്താനിടയായ സാഹചര്യത്തെ വിശദീകരിക്കുന്നുണ്ട്. എം.ഡി.സെമിനാരിയുടെ പ്രിൻസിപ്പൽ സ്ഥാനംവിട്ട് സെറാംപൂരിലേക്ക് പോയത് ആശ്രമം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നില്ല. മറിച്ച്, വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകേണ്ട വളർച്ചയെക്കുറിച്ചാണ് ആദ്യം ചിന്തിച്ചത്. അദ്ദേഹത്തിന്റെ വാക്കുകളിൽ: "മലങ്കര സഭയുടെ നാനാമുഖമായ അഭിവൃദ്ധി പട്ടക്കാരുടെ അഭിവൃദ്ധിയാണെന്ന് നാം വിചാരിച്ചു." ഈ ലക്ഷ്യത്തോടെ അനേകം യുവജനങ്ങളെ പഠിപ്പിക്കുവാൻ ചെയ്ത പരിശ്രമങ്ങളെ വിശദീകരിച്ചശേഷം അദ്ദേഹം തുടർന്നു. തന്റെ ശ്രമഫലമായി ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരെ

> എന്തിനായി ഉപയോഗപ്പെടുത്തണമെന്നായിത്തീർന്നു തൽസംബന്ധമുണ്ടായ നമ്മുടെ ആലോചന. നാട്ടിൽ വന്നു പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു നടത്തുകയെന്ന കാര്യത്തിൽ നമുക്കപ്പോൾ വേണ്ടുന്നത്ര തൃപ്തി തോന്നിയില്ല. സുവിശേഷ പ്രചരണാർത്ഥം എല്ലാവരും കൂടി മിഷനറിമാരായി അങ്ങിറങ്ങിയാലോ എന്ന് നമുക്കു തോന്നി. പിന്നീടുണ്ടായ ആലോചനകളുടെയും പ്രാർത്ഥനയുടെയും ഫലമായി നാം നിശ്ചയിച്ചതു ലോകത്തോടുള്ള സർവ്വവിധ ബന്ധങ്ങളെയും കൈവെടിഞ്ഞ് ദൈവത്തെ ധനവും സമ്പാദ്യവുമായി കരുതിയിറങ്ങുന്ന സന്ന്യാസപരമായ ജീവിതമായിരിക്കും അത്യുത്തമം എന്നത്രെ. ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും ഇത് ഏറ്റവും സൗകര്യപ്രദവും ശ്രേഷ്ഠവുമായ മാർഗ്ഗമെന്നത്രെ നമ്മുടെ ബോദ്ധ്യം (ബഥനിയോഗം, 55-56).

ഈ ബോദ്ധ്യം മനസ്സിലുദിച്ചതോടെ അതിനായി അദ്ദേഹം മുന്നിട്ടിറങ്ങുകയും തന്റെ കൂടെയുണ്ടായിരുന്ന വൈദിക വിദ്യാർത്ഥികളിൽ മനസ്സും വിളിയുമുള്ളവർ മാത്രം ഇതിനോട്

www.malankaralibrary.com

ചേരണമെന്ന് ഉപദേശിക്കുകയും ചെയ്തു. താമസിയാതെ സെറാംപൂരിൽ അദ്ദേഹം ഇതിനോടു താല്പര്യമുള്ള ഏതാനും പേരോടു ചേർന്ന് ശൈശവാശ്രമം രൂപീകരിച്ചു (ബഥനിയോഗം, 56).

സെറാംപൂരിൽ ആരംഭിച്ച ശൈശവാശ്രമത്തിന്റെ തുടർ പ്രവർത്തനത്തെ കുറിച്ചുള്ള ആരംഭകാല ചിന്തയും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ശൈശവാശ്രമം ആരംഭിച്ചതോടെ ഇതിൽ പങ്കാളികളായവർ "എങ്ങോട്ടുപോയി എന്തു ചെയ്യുകയാണ് വേണ്ടതെന്ന് ചിന്തിക്കുവാൻ ആരംഭിച്ചു. പഞ്ചാബ് രാജ്യത്തിൽ ഒരിടത്ത് ചെന്ന് അവിടെയുള്ള പാവപ്പെട്ടവരുടെയിടയിൽ താമസിച്ചു സുവിശേഷ പ്രചരണം നടത്തി സന്ന്യാസിമാരായി ജീവിക്കാമെന്ന് നാം ആലോചിച്ചു" (ബഥനിയോഗം, 56). പഞ്ചാബിൽ ആശ്രമം സ്ഥാപിക്കാനുള്ള ആഗ്രഹം ഇലഞ്ഞിക്കൽ മി.ജോൺ വക്കീലിന്റെ ഇടപെടൽ വഴിയാണ് പെരുന്നാട്ടിലെ മുണ്ടൻമലയിലെത്തിയതെന്നും അദ്ദേഹം അനുസ്മരിച്ചു (ബഥനിയോഗം, 56). അബ്ദുള്ള ബാവാ കേരളത്തിലെത്തുകയും വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുകയും ചെയ്ത കാലയളവിലാണല്ലോ മാർ ഈവാനിയോസ് പിതാവ് കേരളം വിട്ട് സെറാംപൂരിലേക്ക് യാത്ര തിരിച്ചത്. ഈ പശ്ചാത്തലത്തിൽ മലങ്കരസഭയെ ചൂഴ്ന്നുനിൽക്കുന്ന വ്യവഹാര മനഃസ്ഥിതിയെക്കുറിച്ചുള്ള ആകുലത നിമിത്തം പിതാവ് ബഥനിയെ സ്വതന്ത്രമായി സ്ഥാപിക്കുവാനിടയായി: മലങ്കര യാക്കോബായ സഭയിൽ

> എവിടെയും വ്യവഹാരവും കലഹവുമേ കാണപ്പെട്ടിരുന്നുള്ളു. കഴിഞ്ഞ പല തലമുറകളായി മലങ്കര യാക്കോബായ സുറിയാനി സഭ വഴക്കിലും വ്യവഹാരത്തിലുമാണ് കഴിഞ്ഞു കൂടിയിട്ടുള്ളതെന്നും ഇപ്പോഴും ആ സ്ഥിതിയിൽ കിടക്കുന്നുവെന്നും അതു ഭേദപ്പെടുവാൻ ഭാവികാലത്തും എളുപ്പമില്ലെന്നും നമുക്ക് തോന്നി. അതിനാൽ സാമുദായികമായ ഏതു തരം വഴക്കിലും വ്യവഹാരത്തിലും ഉൾപ്പെടാതിരിക്കത്തക്കവണ്ണം അവയുടെ ഫലങ്ങൾ ബാധിക്കാതിരിക്കത്തക്ക വിധത്തിലും ആശ്രമം സ്ഥാപിക്കണമെന്നും ആശ്രമത്തിനും തൽസംബന്ധമായ സ്ഥാപനങ്ങൾക്കും 'ബഥനി' എന്ന് നാമകരണം ചെയ്യണമെന്നും നാം സെറാംപൂർ വച്ച് പത്തുപതിനാലു സംവത്സരങ്ങൾക്കു മുമ്പേ തന്നെ തീർച്ചപ്പെടുത്തി. ഈ വണ്ണം ബഥനി സ്വതന്ത്രമായിരുന്നില്ലെങ്കിൽ നിശ്ചയമായും നാനാപ്രകാരത്തിലുള്ള ഹേമങ്ങൾ അതിനുണ്ടായേക്കാമെന്ന് ആശ്രമസ്ഥരായി ചേരാനൊരുങ്ങിയ പലരും നമ്മെ പിന്താങ്ങുകയും ചെയ്തു (ബഥനിയോഗം, 57).

നാളിതുവരെ ലഭിച്ച ദൈവകൃപകളെ അദ്ദേഹം പ്രത്യേകമായി അനുസ്മരിച്ചു.

> ബഥനി കേവലം സ്വതന്ത്രമായ ഒരു സ്ഥാപനമത്രെ. അതിന്റെ ആദർശാനുസാരമായ ആത്മീയവേലകൾ നിർവിഘ്നം നടന്നുപോകുന്നതിന് ഒരു മേല്പട്ടക്കാരൻ അത്യന്താപേക്ഷിതമായി തീർന്നപ്പോൾ ദൈവകൃപയാൽ നാം എപ്പിസ്കോപ്പാ യായി വാഴിക്കപ്പെട്ടു. അന്നു വട്ടിപ്പണക്കേസും തോറ്റുകിടക്കുന്ന കാലമായിരുന്നു. മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഭരണസംബന്ധമായ കാര്യങ്ങളിൽ ഉൾപ്പെടത്തക്കവണ്ണം ആ ട്രസ്റ്റിൽ അകപ്പെടാതെയും അന്ത്യോക്യാ മേലധികാര ത്തെയോ മറ്റോ സമ്മതിക്കുന്ന വിധത്തിൽ പതിവുള്ള പ്രകാരം ശൽമൂസോ ഉടമ്പടി എഴുതാതെയും മലങ്കര യാക്കോബായ അസോസിയേഷന്റെയോ പൊതുജനങ്ങളു ടെയോ തിരഞ്ഞെടുപ്പുമൂലം മലങ്കര സുറിയാനി യാക്കോബായ സഭയുമായി നിയമ ദൃഷ്ട്യാ ബന്ധപ്പെടാതെയും നാം ബഥനിയുടെ എപ്പിസ്കോപ്പായായി വാഴിക്ക പ്പെടുകയും അനന്തര കാലത്തിൽ ബഥനിയുടെ മത്രാപ്പോലീത്തായായി

www.malankaralibrary.com

അവരോധിക്കപ്പെടുകയും ബഥന്യാശ്രമസ്ഥനായ യാക്കോബ് റമ്പാൻ ബഥനിയുടെ എപ്പിസ്കോപ്പയായി വാഴിക്കപ്പെടുകയും ചെയ്തതു ദൈവത്തിന്റെ കാരുണ്യാതിരേകത്തിലാണെന്നു മാത്രമേ നമുക്ക് പറവാനുള്ളു (ബഥനിയോഗം, 59).

ബഥനിയുടെ മൂലധനത്തിൽ നൂറും അതിലധികവും സംഭാവന തന്നിട്ടുള്ളവരെ ഒരുമിച്ച് കാണാനിടയായതിലുള്ള സന്തോഷം പങ്കുവെച്ചുകൊണ്ട് വരവ് ചിലവുകൾ അവതരിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ അംഗങ്ങളുടെ താല്പര്യമനുസരിച്ച് ഒരു ട്രസ്റ്റിനെ ഏല്പിക്കുന്നതിനുള്ള സന്നദ്ധതയും പിതാവ് യോഗത്തെ അറിയിച്ചു. ബഥനിയെയും അനുബന്ധ സ്ഥാപനങ്ങളെയും മൂന്ന് വകുപ്പായി തിരിച്ചാണ് കണക്ക് തയ്യാറാക്കിയത്. ഇതനുസരിച്ചുള്ള മൂന്നു വകുപ്പുകൾ:

1. ബഥനി അനാഥശാലയും ബഥന്യാശ്രമവും തൽസംബന്ധമായ സ്ഥാപനങ്ങളും
2. ബഥനി കന്യകാമഠവും കന്യാസ്ത്രീകളുടെ വക ഇതര സ്ഥാപനങ്ങളും
3. ബഥനി ഭദ്രാസന ഇടവകയും അതിനോട് ചേർന്നുള്ള പള്ളികളും

ഈ മൂന്ന് ഗണത്തിൽ ഒന്നാമത്തേതിന്റെ കണക്ക് മാത്രമാണ് യോഗത്തിൽ അവതരിപ്പിച്ചത്. മഠം സംബന്ധമായത് മഠാധിപയുടെ നേതൃത്വത്തിലും ഭദ്രാസനം സംബന്ധിച്ചത് പിതാക്കന്മാരുടെ ചുമതലയിൽ ഇടവക കേന്ദ്രീകരിച്ചാണ് കൈകാര്യം ചെയ്യുന്നതെന്ന് പിതാവ് അറിയിച്ചു. ഒന്നാമത്തെ കണക്കിൽ തന്നെ 1095 കർക്കിടകത്തിനുശേഷം ധർമ്മനിധി ഫണ്ടും പത്രമേനിഫണ്ടും വേർതിരിച്ചാണ് ഓഡിറ്റ് ചെയ്തിരിക്കുന്നതെന്നും രണ്ടു കണക്കും അവതരിപ്പിക്കാനായി കൊണ്ടുവന്ന വിവരവും പ്രസ്താവിച്ചശേഷം കണക്കവതരണത്തിലേക്ക് നീങ്ങി (പേജ് 61-62).

ഈ യോഗത്തിൽ വച്ച് ബഥനി ധർമ്മസ്ഥാപനമെന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിക്കുകയും അതിന്റെ ഭാരവാഹികളെ നിശ്ചയിക്കുകയും ചെയ്തുവെന്നതും (ബഥനിയോഗം, 68-82) സ്മരണീയമാണ്.

**ഉപസംഹാരം**

ബഥനിയുടെ ആദർശലക്ഷ്യങ്ങളെക്കുറിച്ച് സമൂഹസ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വി.നിയമത്തിലും, ബഥനിയുടെ പത്തുവർഷത്തെ ചരിത്രത്തെ ആത്മകഥയായി അവതരിപ്പിക്കുന്ന ഗിരിദീപത്തിലും ബഥനിയുടെ പ്രഥമദശകത്തിലെ രണ്ട് പ്രധാനപ്പെട്ട അവസരങ്ങളിലായി നടത്തിയ മൂന്ന് പ്രസംഗങ്ങളിലുമായി നല്കുന്ന വിവരണമാണ് നാം കണ്ടത്. 1925-ലെ മെത്രാഭിഷേകത്തെ തുടർന്നുള്ള പ്രസംഗവും, ബഥനിയുടെ പത്താംവർഷത്തിൽ (1919-'29) എഴുതിയ ഗിരിദീപവും ദൈവകൃപയുടെ അനുഭവത്തിൽ ബഥനിയ്ക്കുണ്ടായ വളർച്ചയുടെ സാക്ഷ്യപ്പെടുത്തലാണ്. ബഥനിയുടെ ആദർശലക്ഷ്യങ്ങൾ അവതരിപ്പിക്കുന്നതോടൊപ്പം ബഥനി യോഗത്തിലെത്തുമ്പോൾ ബഥനിയെ ഓർത്തഡോക്സ് സഭയിൽ ലയിപ്പിക്കുവാൻ നടക്കുന്ന ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ ബഥനിയുടെ സ്വാതന്ത്രനിലയെ സംബന്ധിച്ച വിളംബരമായി അത് മാറുന്നു. അതേസമയം തന്നെ സംഭാവന തന്നവരുടെ താല്പര്യമനുസരിച്ച് പലതും വിട്ടുകൊടുക്കുന്നതിനും പിതാവ് തയ്യാറാകുന്നു. മുണ്ടൻമലയും തെയോഫിലോസ് തിരുമേനി തിരുവല്ലായിൽ താമസിച്ചിരുന്ന ബഥനി അരമനയും പള്ളിയും പുനരൈക്യത്തിന് മുമ്പ് ആരംഭിച്ച ബഥനി പള്ളികൾ പലതും വിട്ടുകൊടുത്തതും ഇവിടെ സ്മരണീയമാണ്.

www.malankaralibrary.com

# സിനഡാത്മക അജപാലനം: നൂതനമാർഗങ്ങൾ

ഫാ. മനു വർഗീസ് ഒ.ഐ.സി.

(സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയുടെ (മംഗലപ്പുഴ) നവതി ആഘോഷത്തോടനുബന്ധിച്ച് വൈദികർക്കായി നടത്തിയ പ്രബന്ധരചനയിൽ ഒന്നാം സ്ഥാനം നൽകിയ പ്രബന്ധം)

**ആമുഖം**

പരസ്പര ബന്ധിതമായിരിക്കുന്ന മനുഷ്യ സമൂഹം ഐക്യപ്പെട്ടിരിക്കുന്നതിനേക്കാൾ ഭിന്നിക്കപ്പെട്ടിരിക്കുന്നതായി പ്രവൃത്തിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ആഗോളവൽക്കരിക്കപ്പെട്ട ലോകത്തിൽ, പലതരം വെല്ലുവിളികളിൽക്കൂടി നാം യാത്ര ചെയ്യുമ്പോൾ ഒറ്റ സഭയായി ക്രൈസ്തവസാക്ഷ്യം നൽകുന്നതിനുള്ള മാർഗ്ഗമായി ഫ്രാൻസിസ് മാർപാപ്പ സിനഡാലിറ്റിയെ അവതരിപ്പിക്കുന്നു. സിനഡാലിറ്റി എന്നത് പങ്കാളിത്തത്തെയും, വ്യക്തിപരമായും, സംഘാതമായും നാം സഭാത്മകമായി ഒന്നായി ചിന്തിക്കേണ്ടതും, പ്രവർത്തിക്കേണ്ടതുമായ ക്രിസ്ത്യൻ ജീവിത ക്രമത്തെ സൂചിപ്പിക്കുന്നു. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും, മുഴുവൻ ദൈവജനവും ഒരുപോലെ പങ്കാളികളാകുന്ന അവസ്ഥയാണിത്. അല്മായരുൾപ്പെടെ വിശ്വാസി സമൂഹത്തിന്റെയൊന്നാകെ പങ്കുവെയ്ക്കലുകളും നിർദ്ദേശങ്ങളും സ്വീകരിച്ച് സഹയാത്രിക സഭയായി കത്തോലിക്കാ സഭയെ മൂന്നാം സഹസ്രാബ്ദത്തിൽ മുന്നോട്ടു നയിക്കുകയെന്നതാണ് സിനഡാത്മക സഭ: പങ്കാളിത്തം, കൂട്ടായ്മ, ദൗത്യം എന്ന മുഖ്യവിഷയത്തിലൂടെ ഫ്രാൻസിസ് പാപ്പ ലക്ഷ്യമിടുന്നത്. ഇത് ഒരു പരിവർത്തനത്തിന്റെ പാതയാണ്. ഇതിന് ആത്മീയമായതും, അജപാലനപരവുമായ ഒരു ജീവിതക്രമം ആവശ്യമാണ്. അജപാലനശുശ്രൂഷയിൽ സിനഡാത്മക അജപാലനം സാധ്യമാകുന്ന ഏതാനും ചിന്തകൾ ഈ ലേഖനത്തിലൂടെ പങ്കുവയ്ക്കുന്നു.

**മുന്നൊരുക്കം**

2023-ലെ സിനഡാലിറ്റിയെക്കുറിച്ചുള്ള ബിഷപ്പുമാരുടെ സിനഡിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുമ്പോൾ, ഒരു സിനഡൽ സഭയാകുന്നതിനുള്ള പ്രായോഗിക വഴികൾ അവതരിപ്പിക്കേണ്ടത് അനിവാര്യമാണ്. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും മുഴുവൻ ദൈവജനത്തിന്റെ പങ്കാളിത്തവും, പ്രവർത്തനചാരുതയും സിനഡാലിറ്റി സൂചിപ്പിക്കുന്നുവെങ്കിൽ നമുക്ക് എല്ലാവരേയും കേൾക്കാനുള്ള പ്രായോഗികരീതികൾ ആവശ്യമാണ്.[1] കാലത്തിന്റെ അടയാളങ്ങൾ സത്യസന്ധമായി വായിച്ചുകൊണ്ട് ക്രിയാത്മകവും ധീരവുമായ ആത്മീയപരിവർത്തനത്തിന്റെ പാതകൾ ക്രമീകരിക്കാനും, ക്രിസ്തുവിനെ ഒന്നായി പ്രഘോഷിക്കുവാനും നമുക്ക് ഇതിലൂടെ സാധിക്കണം. ‘‘മൂന്നാം സഹസ്രാബ്ദത്തിൽ, കൃത്യമായും ഈ സിനഡലിറ്റിയുടെ പാതയാണ് ദൈവം പ്രതീക്ഷിക്കുന്നത്” എന്ന് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിക്കുന്നു.[2] അത് കേൾക്കപ്പെടേണ്ടവ കേൾക്കാനും, അംഗീകരിക്കപ്പെടേണ്ടവ അംഗീകരിക്കുവാനും, ചേർത്തുനിർത്തപ്പെടേണ്ടവ ചേർത്തുനിർത്താനും ഉള്ള ആഹ്വാനമാണ്. ഈ ലേഖനത്തിൽ പ്രധാനമായും അഞ്ചുകാര്യങ്ങൾ ചർച്ചചെയ്യുന്നതിന് ആഗ്രഹിക്കുന്നു.

**1. അടിസ്ഥാനവും ദർശനവും**

ഉറപ്പുള്ള അടിസ്ഥാനവും, ആത്യന്തികമായ ഒരു ദർശനവും ഒരു സിനഡൽ സമൂഹത്തിന്റെ രൂപീകരണത്തിന് അടിത്തറയിടുന്നത്. ഇത് ആരംഭിക്കുന്നത് ഒരു കൂട്ടായ പ്രവർത്തനത്തിലൂടെ

www.malankaralibrary.com

ആണ്. ഒരു ഇടയന്റെ വിവേചനാധികാരവും തീരുമാനവും ഉൾകൊള്ളുന്ന ഒരു കൂട്ടായ്മായും, അതോടൊപ്പം പങ്കാളിത്തത്തിന്റെ നന്മ ഉൾകൊണ്ട് പ്രവർത്തിക്കുന്ന വിശ്വാസികളും കൂടിച്ചേർന്ന ഒരു ചിട്ടയായ അവതരണത്തോടെ ഇത് പ്രാവർത്തികമാക്കാം. ഇത് തികച്ചും ആരാധനാ കേന്ദ്രീകൃതമാണ്; പ്രത്യേകിച്ച് വി. കുർബാന കേന്ദ്രീകൃതമാണ്.[3] വി. കുർബാന അർപ്പണത്തിനു ഒരുമിച്ച് കൂടുമ്പോൾ 'രക്ഷകന്റെ ശരീരത്തിലെ ഓരോ അവയവങ്ങൾആണ് നാമോരോരുത്തരും' എന്ന ബോധ്യത്താൽ നാം നിറയുന്നു. ഇതിനെ 'യൂക്കരിസ്റ്റിക് സിനാക്സിസ്'[4] എന്നാണ് പാപ്പാ ഓർമിപ്പിക്കുന്നത്. ഇതിന് ആവശ്യമായ ഘടകം എന്നത് 'ആരാധനാക്രമത്തിന്റെ മതബോധന'[5] പ്രക്രിയയാണ്. വി. കുർബാനയിലൂടെ സാധ്യമാകുന്ന രക്ഷയുടെ അവതരണം പ്രതീകങ്ങളിലൂടെ സഭ അവതരിപ്പിക്കുന്നത് ദൈവജനനത്തിന് മനസ്സിലാകാതെ പോകുന്നുണ്ടെങ്കിൽ അത്മതബോധന പ്രക്രിയയുടെ പാളിച്ചയാണ് എന്ന് തിരിച്ചറിയണം. വി.കൂദാശകളിലൂടെ ദൈവത്തെ കണ്ടുമുട്ടുന്നു എന്ന് പറയുന്ന അനുഭവത്തിൽ എത്തി നിൽകുവാൻ ഉതകുന്ന വിശ്വാസ പരിശീലനം പ്രസക്തമായതാണ്.

വിദ്യാഭ്യാസത്തിന്റെയും ആത്മീയതയുടെയും അടിസ്ഥാന അടിത്തറയോടെ, ദൈവജനത്തിന് ദൈവാനുഭവം നല്കാൻ ശ്രമിക്കുന്ന മൂർത്തമായ ലക്ഷ്യങ്ങൾ നിർവ്വചിക്കുകയും കൂട്ടായ്മയുടെ ചാലകശക്തികൾ, കാരിസങ്ങൾ, വളർച്ചയുടെ മേഖലകൾ എന്നിവയെ കണ്ടെത്തി പരിപോഷിപ്പിക്കപ്പെടുകയും ചെയ്യണം. അപ്രകാരം ദൈവജനം ക്രിസ്തുവിന്റെ ഒരു ശരീരത്തിലെ അംഗങ്ങളാണെന്നും ഏറ്റവും ദരിദ്രരെയും, പാർശ്വവത്ക്കരിക്കപ്പെട്ടവരെയും, സമൂഹത്തിലെ എല്ലാവരെയും കേൾക്കുന്നതിന് നാമോരോരുത്തരും അയക്കപ്പെട്ടിരിക്കുന്നു എന്ന ചിന്ത ആഴത്തിൽ വേരൂന്നണം.

**2. ധ്യാനാത്മകതയും, പരസ്പരം കേൾക്കുന്ന അനുഭവവും**

രണ്ടു വ്യത്യസ്ത തലങ്ങളാണ് രണ്ടാമത്തെ ഘട്ടം. ധ്യാനത്മകമായ ജീവിതശൈലി എന്നത് ദൈവവചനത്തിന്റെ വെളിച്ചത്തിൽ ജീവിത സാഹചര്യങ്ങളെ വിലയിരുത്തുന്ന പ്രക്രീയയാണ്. മാറ്റമില്ലാത്ത വചനം, മാറിക്കൊണ്ടിരിക്കുന്ന ജീവിത സാഹചര്യങ്ങളിൽ എപ്രകാരം മനുഷ്യമനസ്സിനെ സ്വാധീനിക്കുന്നു എന്നത് വ്യക്തമായി പഠിപ്പിക്കുന്ന വചനവിചിന്തനങ്ങൾ നല്കപ്പെടണം. ഇത് ഒരു ധ്യാനാത്മകമായ പ്രാർത്ഥനയാണ്.[6] വചനം പഠിക്കുവാനും, മനസ്സിലാക്കുവാനും ഉതകുന്ന പാഠ്യപദ്ധതികൾ പ്രയോജനപ്പെടുത്താൻ ദൈവജനത്തെ ഉത്തേജിപ്പിക്കുകയും, വചനവിചിന്തനങ്ങൾ തയ്യാറാക്കുന്നതിന് അവർക്ക് മാർഗ്ഗനിർദ്ദേശം നൽകി പ്രോത്സാഹിപ്പിക്കുവാൻ ഇടയൻ ശ്രദ്ധാലു ആയിരിക്കണം.[7] നിയന്ത്രണവിധേയമായി ഇത് പരിപോഷിപ്പിക്കപ്പെടുന്നതിന് വേദികൾ ഒരുക്കുക എന്നത് ഇടയന്റെ ക്രിയാത്മകതയെ ആശ്രയിച്ചിരിക്കുന്നു. പങ്കാളിത്തം നൽകി ജനത്തെ സജ്ജമാക്കാൻ ഇത് ഉപകരിക്കുന്നു. ആത്മീയ വ്യായാമങ്ങൾപോലെ, ഇവിടെയും ലക്ഷ്യം സ്വയം അവബോധം വളർത്തിയെടുക്കുക, സ്വയംവിലയിരുത്തുക, സ്വയംപ്രാപ്തരാക്കുക എന്നതാണ്. ദൈവത്തിന്റെ കൃപയുടെ വെളിച്ചത്തിൽ, ഈ കൃപയിലേക്ക് നമ്മെത്തന്നെ തുറക്കാൻ. കുറ്റബോധം, വേദന, ലജ്ജ, ഒപ്പം ശക്തിയില്ലായ്മ തുടങ്ങിയവയ്ക്കെതിരെ ക്രിയാത്മകമായി പ്രതികരിക്കുവാൻ സാധിക്കുവാൻ തുറവിയും, അംഗീകരിക്കുന്നതിന്റെ പാഠവും ഉണർത്തുപാട്ടാവണം. "ആത്മീയവും അജപാലനവുമായ പരിവർത്തനത്തെയും സാമുദായികവും സഭയുടെ ആധികാരിക സിനഡൽ അനുഭവത്തിന് ആവശ്യമായ അപ്പസ്തോലിക വിവേചനാധികാരത്തെയും" പറ്റി സിനഡാലിറ്റിയുടെ നാലാംഅധ്യായം ഓർമിപ്പിക്കുന്നു.[8]

www.malankaralibrary.com

കിണറ്റിന്റെ കരയിലിരുന്ന് കേൾക്കുകയും, കണ്ണ് തുറന്ന് കാണാൻ പഠിപ്പിക്കുകയും ചെയ്തതുപോലെ (യോഹ: 4 / 1 ff) ഉള്ളതും, എമ്മാവൂസിലേക്ക് പോയവരുടെ മുൻപിൽ, ഒന്നുമറിയാത്തവനെപ്പോലെ കേൾക്കുന്നവനായി, അവരെ പരിവർത്തനത്തിന് വിധേയമാക്കിയവൻ (ലൂക്ക: 24 / 1 ff) നമ്മിലൂടെ ജീവിക്കണം.

**3. ക്രിസ്തുവിന്റെ മാതൃക**

വിനയമുള്ളവനായി, അനുസരണം അഭ്യസിച്ചവൻ വിനയത്തിന്റെ മാതൃക പിൻചെല്ലുന്നതിന് വീണ്ടും നമ്മെ ക്ഷണിക്കുന്നു. സിനഡാത്മകതയിലൂടെ ഇതു തന്നെയാണ് ലക്ഷ്യം വയ്ക്കുന്നത്. സിനഡൽ സംഭാഷണത്തിലെ അനിവാര്യമായ മനോഭാവമായി വിനയത്തെ പരി. പിതാവ് അവതരിപ്പിക്കുന്നു.[9] അതോടൊപ്പം 'സഭയുമായി യോജിച്ച് പ്രവർത്തിക്കുകയും, എല്ലാവരെയും മനസ്സിലാക്കുകയും ഒരുമിച്ചുള്ള ഒരു പ്രയാണം സുസാധ്യമാക്കുകയും ചെയ്യുക'[10] എന്ന ശൈലി അവലംബിക്കുമ്പോൾ വളർച്ച സാധ്യമാകുന്നു. പരോഹിത്യ ധർമ്മത്തിനെതിരായ ചില മേല്കോയ്മകളെ എതിർക്കുന്നതോടൊപ്പം ആടിന്റെ മണമുള്ള ഇടയന്മാർ ആകുന്നതിന് മാർപ്പാപ്പ ആഹ്വാനം ചെയ്യുമ്പോൾ സിനഡാലിറ്റി രൂഢമൂലമായ ഒരു ജീവിതക്രമമായി അദ്ദേഹത്തിൽ വളർന്നിട്ടുണ്ടാവണം. മാർപ്പാപ്പയായതു മുതൽ ലോകം ആ ജീവിതത്തിലൂടെ മനസ്സിലാക്കിയതും, അദ്ദേഹത്തിന്റെ കണ്ണുകളിൽ നോക്കി ക്രിസ്തുവിനെ കാണുന്നതും സിനഡാലിറ്റി എന്ന ആശയം അദ്ദേഹത്തിൽ മാറ്റങ്ങൾ വരുത്തുന്നു എന്ന് മനസ്സിലാക്കിയാണ്. സമൂഹത്തിൽ വേരോടിയ ആഴത്തിലുള്ള ധ്രുവീകരണം ഇന്നിന്റെ വെല്ലുവിളിയാണ്. വിനയം മുഴുവനായി ആവാഹിച്ച് കാൽവറിയുടെ മകുടത്തിൽ പുത്രൻ ബലിയായി തീരുമ്പോൾ, അതിനു സാക്ഷ്യം വഹിച്ച പരി. മറിയത്തിന്റെ വിനയാന്വിതവും, പ്രത്യാശാഭരിതവുമായ ജീവിതം ഒരു കൂട്ടായ്മയുടെ അനുഭവം പ്രദാനം ചെയ്യുന്നു. വിഭാഗീയതയുടെയും, ലക്ഷ്യം നഷ്ടപ്പെട്ട ജീവിതസാഹചര്യത്തിലും, പരി. ആത്മാവിനെ സ്വീകരിക്കാൻ തക്കവണ്ണം ഒരു കൂട്ടായ്മ രൂപീകരിക്കുന്നതിൽ പരി. അമ്മയുടെ പങ്ക് സിനഡാലിറ്റിയെപ്പറ്റിയുള്ള രേഖയിലും ചിത്രീകരിക്കപ്പെടുന്നു.[11] പുരാതന ക്രൈസ്തവ സഭ അപ്രകാരം ഒരു ജീവിതക്രമം അനുസരിച്ച് ജീവിച്ചെങ്കിൽ അതിൽനിന്നു വ്യത്യസ്തമായി ചിന്തിക്കുന്നത് ബുദ്ധിയല്ല. ദൈവജനത്തെ അവരുടെ സിനഡൽ തീർത്ഥാടനത്തിൽ പരിശുദ്ധാത്മാവ് അവരെ അനുഗമിക്കുന്നു എന്ന ഓർമ്മപ്പെടുത്തലാണ് നമ്മെ ഇപ്പോൾ ശക്തിപ്പെടുത്തുന്നത്.

**4. സിനഡാലിറ്റിയിലേക്കും, ആഴങ്ങളിലേക്കും**

ഒരു സിനഡൽ യാത്രയിൽ പങ്കെടുക്കാൻ മാർപ്പാപ്പ മുഴുവൻ സഭയോടും ആവശ്യപ്പെടുന്നു. 'സിനഡ്' എന്നപദം ഒരു ഗ്രീക്ക് പദത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞത്, ഒരുമിച്ച് യാത്രചെയ്യുക എന്നാണ് ഇതിന്റെ അർഥം. കർത്താവ് വീണ്ടും വരുന്നതുവരെ മുഴുവൻ സഭയും ഒരുമിച്ചുള്ള യാത്രയിലാണെന്ന് തിരിച്ചറിയാൻ മാർപ്പാപ്പ നമ്മെ ക്ഷണിക്കുന്നു. അതിനുള്ള മാർഗങ്ങളും പരി. പിതാവ് ഓർമിപ്പിക്കുന്നു. ഈ പ്രാർത്ഥനാപൂർവ്വമായ ശ്രവണ വ്യായാമപ്രക്രിയ മൂന്ന് പ്രധാന തലക്കെട്ടുകൾക്ക് കീഴിൽ സഭയുടെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാനും ആളുകൾക്ക് ഒത്തുചേരാനുള്ള ക്ഷണവുമാണ്.

- കൂട്ടായ്മ – ദൈവത്തിന്റെ വിശുദ്ധ ജനമെന്ന നിലയിൽ നാം ഒരുമിച്ച് പങ്കിടുന്ന വിശ്വാസ ജീവിതം, സഭയുടെ ഭാഗമാകുക എന്നതിന്റെ അർത്ഥം.

www.malankaralibrary.com

• പങ്കാളിത്തം - സഭയുടെ ജീവിതത്തിൽ നാം സജീവമായി പങ്കെടുക്കുന്ന രീതി,

• ദൗത്യം - സഭ ക്രിസ്തുവിനെ അവതരിപ്പിക്കുകയും മറ്റുള്ളവരിലേക്ക് സുവാർത്ത എത്തിക്കുകയും ചെയ്യുന്ന രീതി.

കൂട്ടായ്മ എന്നത് പൊതുവായ പങ്കുവെയ്ക്കലും പങ്കുചേരലുമാണ്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഇതിന് കൂടുതൽ ശക്തമായ അർത്ഥമുണ്ട്. മുറിക്കപ്പെടുന്ന അപ്പത്തിൽ യേശുവിനെ തിരിച്ചറിയാനും അത് മറ്റുള്ളവരുമായി പങ്കിടാനുമുള്ള ധൈര്യം സിനഡൽ യാത്രയിൽ കൂടുതൽ ശാക്തീകരിക്കപ്പെടുന്നു. അപ്പം മുറിക്കപ്പെട്ടാൽ അത് പങ്കിടേണ്ടതുണ്ട്. അവിടെ അത് പൂർണമാവുകയുള്ളു. നമ്മുടെ സങ്കുചിതത്വം, വർഗീയത, സ്വാർത്ഥത, വ്യതിരിക്തത എന്നിവയെ മറികടക്കാനുള്ള കൃപയാണ് കൂട്ടായ്മ. എല്ലാവരും എന്റെ സഹോദരി സഹോദരന്മാരാണെന്ന് തിരിച്ചറിയാനുള്ള തുറന്ന മനസ്സാണിത്. ഇത് എല്ലാ ദൈവജനത്തിനും വേണ്ടിയുള്ള ഒരു സിനഡാണ് - ആരെയും ഒഴിവാക്കാതെ ഒരുമിയ്ക്കാനും പങ്കുവയ്ക്കാനും ഒരുമിച്ച് യാത്ര ചെയ്യാനും.

നിങ്ങൾ ഒരു ജിഗ്സോ പസിലിന്റെ ഒഴിച്ചു കൂടാനാവാത്ത ഭാഗമാണെന്ന് തിരിച്ചറിയുന്നതാണ് പങ്കാളിത്തം. 'ഞാനും' 'നീയും' ഇല്ലാതെ ചിത്രം പൂർണമാകില്ല. യേശു സിനഗോഗിൽ ചുരുൾ തുറന്ന് യെശയ്യാ പ്രവാചകനിൽ നിന്ന് വായിക്കുന്നതു മുതൽ, തന്റെ ദൗത്യം എന്താണെന്ന് അദ്ദേഹം വ്യക്തമായി വ്യക്തമാക്കുകയും അതിൽ പങ്കെടുക്കാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. അങ്ങനെ ചെയ്യാൻ എളുപ്പമായിരുന്നില്ല. സഭ വൈദികമാണെങ്കിലും പുരുഷാധിപത്യം വേരൂന്നി നിൽക്കുന്നു. ഒരു അടിത്തട്ടിൽ നിന്നുള്ള സമീപനമാണ് രണ്ടാമത്തെ വത്തിക്കാൻ സിനഡും വിഭാവനം ചെയ്തിരിക്കുന്നത്. അകത്തുനിന്ന് പൂട്ടിയ ജനലുകളും വാതിലുകളും തുറക്കാനുള്ള ധൈര്യം ഉള്ളിലുള്ളവർക്ക് (പ്രത്യേകിച്ച് ബിഷപ്പുമാരും വൈദികരും) ഇല്ലെങ്കിൽ ഇത് വെറും വാക്കുകളായി തരം താഴ്ത്തപ്പെടും. പുരോഹിതർക്ക് അവകാശപ്പെടുന്ന പൗരോഹിത്യ ധർമ്മങ്ങൾ മാറ്റി എഴുതണം എന്നല്ല; മറിച്ച് 'ക്ലറിക്കലിസത്തിന്റെ' തിന്മകൾ ഉപേക്ഷിക്കണം എന്നതാണ് അർത്ഥമാക്കുന്നത്. മറ്റുള്ളവർക്ക് പ്രവേശിക്കാൻ അവസരം നൽകുമ്പോൾ മാത്രമേ യഥാർത്ഥ പങ്കാളിത്തം ഉണ്ടാകൂ.

അയയ്ക്കപ്പെടുമ്പോൾ മുന്നോട്ട് പോകുവാനാണ് നമ്മുടെ ദൗത്യം നമ്മെ പ്രേരിപ്പിക്കുന്നത്. നാമെല്ലാവരും ഏറ്റെടുക്കാൻ വിളിക്കപ്പെട്ട ഒരു യാത്രയാണിത്. നമ്മിൽ നിന്ന് പുറത്തുപോകാൻ: നമ്മുടെ സഭാ കോമ്പൗണ്ടുകൾക്കപ്പുറം, ആചാരങ്ങൾക്കപ്പുറം, നമ്മുടെ ഭിന്നിപ്പും വിവേചനപരമായ മനോഭാവത്തിനപ്പുറം, നമ്മുടെ അഹങ്കാരവും ആക്രമണാത്മകതയും മാറ്റിവച്ച്, മുന്നോട്ട് പോകാൻ ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ദൗത്യം. മതിലുകളേക്കാൾ പാലങ്ങൾ പണിയാൻ, സുഖപ്പെടുത്താനും മുറിവേൽപ്പിക്കാതിരിക്കാനും സ്നേഹിക്കാനും വെറുക്കാതിരിക്കാനും, നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, സ്നേഹം, സന്തോഷം, സമാധാനം എന്നിവ എല്ലാവരുടെയും അവകാശങ്ങളാകുന്ന ഒരു പൊതു ഭവനത്തിനായി ഒരുമിച്ച് യാത്ര ചെയ്യുന്നതാണ് ദൗത്യം. യാത്രയ്ക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകും. എന്നാൽ ഭൂമിയിലെ നമ്മുടെ തീർത്ഥാടനം അവസാനിക്കുന്നതുവരെ അതിൽ പങ്കാളികളായി തുടർന്നു കൊണ്ടുപോകുവാൻ നാം സജ്ജരാകണം. ഇത് അനുദിനം തുടരുന്ന പ്രക്രിയ ഒരു ചാക്രികമായ പ്രക്രിയയാണ്.

www.malankaralibrary.com

**ഉപസംഹാരം**

2023 ഒക്ടോബറിലേക്ക് ഒരുമിച്ചുള്ള യാത്രയുടെ ആത്മീയതയിൽ, സഭ മുഴുവൻ മനുഷ്യ കുടുംബവുമായുള്ള നമ്മുടെ ബന്ധത്തിൽ നാം വളരുന്നതിന് ആഹ്വാനം ചെയ്യുന്നു. സഭ നമ്മുടെ ക്രിസ്ത്യൻ സമൂഹങ്ങൾക്കുള്ളിൽ നമ്മുടെ ജീവിതക്രമവും, ഉത്തരവാദിത്തങ്ങളും നിർവഹിക്കുന്നതിൽ പുതിയ മാനങ്ങൾ മെനയുന്നു. കൂട്ടായ്മയിലും പങ്കാളിത്തത്തിലും ദൗത്യത്തിലും ഒരുമിച്ചുള്ള യാത്രയിൽ, 'സിനഡലിറ്റി'യെക്കുറിച്ചുള്ള സിനഡ് നിസ്സംശയമായും കേൾക്കാനും, പഠിക്കാനും, സ്നേഹിക്കാനും, ജീവിക്കാനും, ദൈവത്തെ മുറുകെപ്പിടിക്കാനുമുള്ള നിയോഗമാണ്. യാത്ര ആരംഭിച്ചു: പിന്നോട്ടില്ല. നമ്മൾ ഇപ്പോൾ ജനലുകളും വാതിലുകളും തുറക്കണം. മുന്നോട്ട് യാത്ര ചെയ്യണം. പരിശുദ്ധാത്മാവ് എല്ലായിടത്തും ഉണ്ട്. അതുകൊണ്ട് ഈ അനുഭവത്തിലൂടെ നാം കൂടുതൽ സിനഡൽ സഭയായി മാറുമെന്ന് നമുക്ക് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം. ഇന്ന് ദൈവം നമ്മോട് എന്താണ് ആവശ്യപ്പെടുന്നത് എന്ന് ചിന്തിച്ചുകൊണ്ട് ഒരുമിച്ച് യാത്ര ചെയ്യുമ്പോൾ, കൂട്ടായ്മയും പങ്കാളിത്തവും ദൗത്യവുംകൊണ്ട് സവിശേഷമായ ഒരു സഭയായി ക്രമേണ നാം മാറുന്നു.

---

[1]International Theological Commission, Synodality in the Life and Mission of the Church, March 2, 2018, https://www.vatican.va/roman_curia/congregations/cfaith/cti_documents/rc_cti_ 20180302_ sinodalita_en.html Hereby abbreiviated as ITC)

[2]Pope Francis, Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops, October

17, 2015, https://www.vatican.va/content/francesco/en/speeches/2015/october/documents/ papafrancesco_20151017_50-anniversario-sinodo.html

[3]International Theological Commission documents (hereby abbreviated as ITC), Synodality, 6, 47, 70, 77, 108, 109.

[4]ITC, Synodality, 108. സിനാക്സിസ് എന്നത് ഒരു സന്യാസസമൂഹത്തിന്റെ നിയമനിർമാണ സഭയും, ഭാവി പ്രവർത്തനങ്ങളെ മുൻപോട്ട് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്ന ഉന്നത ക്രമീകരണമാണ്. വി. കുർബാന കേന്ദ്രീകൃതമായ ജീവിതശൈലിക്ക് പരി. പിതാവ് അത്രമാത്രം പ്രാധാന്യം കല്പിക്കുന്നു എന്ന് വിവക്ഷ.

[5]Liturgical Catechesis. Kindly refer the liturgical catechetical movements in modern era initiated by Gabriel Parsch and Tom Odo Castel in the west

[6]Cf: Can. 767§1, CCEO

[7]Cf: Can. 766, CCEO

[8] ITC, Synodality, 10

[9] ITC, Synodality, 112

[10] International Theological Commission, SensusFidei in the Life of the Church, June 2014, 90, https:// www.vatican.va/roman_curia/congregations/cfaith/cti_documents/rc_cti_20140610_sensus-fidei_en.html.

[11] ITC, Synodality, 121

www.malankaralibrary.com

# പാപിനി കഥ പറയുന്നു

ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.

എനിക്ക് അത്ര അഭിലഷണീയമായ ഭൂതകാലമില്ല, അതു തുറന്നുപറയുന്നതിൽ എനിക്കൊട്ടു ഖേദവുമില്ല. കാരണം, എന്റെ കാഴ്ചപ്പാടുകൾ ഇപ്പോൾ പഴയതുപോലെയല്ല, നസ്രായൻ ഈശോ അതൊക്കെ പുതുക്കിപ്പണിതിരിക്കുന്നു.

ഉള്ളതു പറയാമല്ലോ, ചെറുപ്പം മുതലുള്ള എന്റെ ആഗ്രഹമായിരുന്നു ധാരാളം പണം സമ്പാദിക്കുക എന്നത്. ധനികരുടെ മാളികകളും അവരുടെ ആഡംബര ജീവിതവും കാണുമ്പോൾ എനിക്കും ഇങ്ങനെയൊക്കെയാകണം എന്ന് ഏറെ മോഹം തോന്നിയിട്ടുണ്ട്. എന്റെ കുടുംബ ത്തിന്റെ ദരിദ്ര ചുറ്റുപാടുകളിൽ മോഹങ്ങളൊക്കെ കരിഞ്ഞു പോകുമെന്നറിയാമായിരുന്നു.

യൗവ്വനയുക്തയായപ്പോൾ ഞാനതു തിരിച്ചറിഞ്ഞു. ഞാനൊരു അസൂയാപാത്രവും കാഴ്ചവസ്തുവും ആയിരിക്കുന്നു. പെണ്ണിന്റെ പ്രധാന ശത്രു പെണ്ണുതന്നെയാണല്ലോ. എന്റെ നീളൻമുടിയെയും നീണ്ടുവിടർന്ന കണ്ണുകളെയും നുണക്കുഴികളെയുംപറ്റി ചിലർ കുശുമ്പു കുത്തുന്നത് നേരിട്ട് കണ്ടിട്ടുണ്ട്. ചിലരൊക്കെ വെറുതെ അപവാദങ്ങളും പറഞ്ഞു പരത്തുന്നുണ്ടായിരുന്നു. ഞാൻ പുരുഷന്മാരെ വശീകരിക്കാൻ നടക്കുന്നവളാണെന്നും മറ്റും...

ആണുങ്ങൾ എന്നെ കൗതുകത്തോടെ നോക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഓ..., ആ നോട്ടം ചിലപ്പോൾ മാനഭംഗം പോലെ അനുഭവപ്പെട്ടിട്ടുണ്ട്. വികടമായ ചിരിയും പഞ്ചാര വർത്തമാനവുമൊക്കെയായി എന്നെ സമീപിച്ചവരെ ഞാൻ ആട്ടിപ്പായിച്ചിട്ടുണ്ട്.

പിന്നെ ഞാനോർത്തു, ഞാൻ മാത്രമായി എന്തിനു വിശുദ്ധ ചമയണം. ഒരു കുഴപ്പത്തിനും പോകാതിരുന്നിട്ടും പഴി കേൾക്കുന്നുണ്ടുതാനും. ക്രമേണ എന്നിൽ മാറ്റം വന്നതുപോലെ. കണ്ണാടിയിൽ എന്റെ പ്രതിരൂപം കണ്ട് എനിക്കുതന്നെ വലിയ അഭിമാനം തോന്നി. സ്ത്രീകൾ അസൂയപ്പെടുന്നതും പുരുഷന്മാർ കൊതിക്കുന്നതുമായ ഈ ശരീരം തന്നെയാണ് എന്റെ വിലപ്പെട്ട സമ്പത്ത്.

എനിക്കു നാർദ്ദീൻ സുഗന്ധതൈലം വാങ്ങണം; വിലപ്പെട്ട ആഭരണങ്ങൾ അണിയണം; മോടിയുള്ള വീടുണ്ടാക്കണം; വീടിന്റെ പ്രാരാബ്ധങ്ങൾ അകറ്റണം. ഞാൻ എന്റെ ശരീരം വിറ്റു തുടങ്ങി. എനിക്ക് എന്റെ തത്വശാസ്ത്രമുണ്ടായിരുന്നു. എനിക്കൊരു മനോഹര ശരീരം ഉണ്ട്. ആളുകൾ അതിഷ്ടപ്പെടുന്നുണ്ടെങ്കിൽ എന്താ കുഴപ്പം? ഞാൻ ആരെയും വശീകരിക്കുന്നില്ല; ആരെയും നിർബന്ധിക്കുന്നില്ല. എന്നെ തേടി വരുന്നവർക്കു ഞാൻ എന്നെ പങ്കിടുന്നു. എന്റെ തൊഴിലിൽ ഞാൻ നൂറുശതമാനം സത്യസന്ധതാണ്. ആരെയും വഞ്ചിച്ചല്ലല്ലോ ഞാൻ പണമുണ്ടാക്കുന്നത്. എത്രയോ മനുഷ്യർ അന്യായമായ വിധത്തിൽ ഓരോന്നു സമ്പാദിക്കുന്നു!

എന്റെ ഇടപാടുകാരിൽ അങ്ങു കൊമ്പത്തെ ആളുകൾ മുതൽ സാധാരണ ആട്ടിടയന്മാർ വരെ ഉണ്ടായിരുന്നു. പരട്ടക്കിളവന്മാർ മുതൽ മീശ മുളച്ചുവരുന്ന പയ്യന്മാർ വരെ ഉണ്ടായിരുന്നു. എല്ലാവരെയും സ്വീകരിച്ചില്ല. എനിക്കതിന്റെ ആവശ്യമുണ്ടായിരുന്നില്ല. എന്നിട്ടും എനിക്കു

www.malankaralibrary.com

കൈനിറയെ പണം കിട്ടി. ചില പ്രമാണിമാർ വിവാഹാലോചനയുമായി വന്നെങ്കിലും ഞാൻ, 'അതേ' എന്നോ 'അല്ല' എന്നോ ഉത്തരം പറഞ്ഞില്ല. എനിക്കറിയാമായിരുന്നു അവർ എന്നെയല്ല, എന്റെ ശരീരത്തെയാണ് ആഗ്രഹിക്കുന്നതെന്ന്. ആരെയും പിണക്കാതെയും എന്നാൽ എല്ലാവർക്കും ആശ കൊടുത്തും ഞാൻ ജീവിതം ആസ്വദിച്ചു. എന്റെ കക്ഷികൾ അംഗപ്രത്യംഗം എന്റെ സൗന്ദര്യത്തെ വർണിച്ചപ്പോൾ എന്റെ അഹങ്കാരം ആകാശം മുട്ടി.

എന്റെ തൊഴിലിലെ അപകടം അറിയാഞ്ഞിട്ടല്ല; പല മാന്യന്മാരും എന്റെ ഇടപാടുകാരായതിന്റെ ബലത്തിൽ ഞാൻ ജീവിച്ചു. കയ്യോടെ പിടികൂടി രണ്ടു സാക്ഷികൾ മൊഴി നൽകിയാൽ കല്ലെറിഞ്ഞു തുലയേണ്ടതായ ജീവിതമാണ് എന്റേതെന്ന് അറിയാമായിരുന്നിട്ടും എനിക്കു നല്ല ധൈര്യമുണ്ടായിരുന്നു; ആ നേതൃമ്മന്യന്മാർ എന്നെ പിടികൂടില്ല. എന്നോടൊപ്പം ശയ്യ പങ്കിട്ടവർ എനിക്കെതിരെ തിരിയുന്നതെങ്ങനെ?

എന്നിട്ടും അതു സംഭവിച്ചു. ഒരു ദിനം എന്റെ ശരീരപങ്കാളിയും ഞാനും കയ്യോടെ പിടിക്കപ്പെട്ടു. ഏതോ ചതികൊണ്ടല്ലാതെ അങ്ങനെ സംഭവിക്കില്ല. എന്റെ ഒപ്പമുണ്ടായിരുന്നവൻ ഓടി രക്ഷപെട്ടു. രക്ഷപെട്ടതല്ല, അവർ രക്ഷിച്ചതാണ്. അല്ലെങ്കിലും പണ്ടേ അങ്ങനെയാണ്. പുരുഷന് ഒരു നീതി, സ്ത്രീക്ക് മറ്റൊന്ന്. പിടിക്കപ്പെട്ടവൻ എവിടെയെന്ന് ആരും ചോദിക്കാറില്ല. ശിക്ഷ സ്ത്രീക്കു മാത്രം. നേരത്തെ ഒരുക്കി നിറുത്തിയതുപോലുള്ള ആൾക്കൂട്ടത്തിന്റെ മുമ്പിലേക്ക് ഞാൻ ആനയിക്കപ്പെട്ടു. പരിസരപ്രദേശം പാറകൾ നിറഞ്ഞതായിരിക്കുന്നതിനാൽ വന്നവരെല്ലാം കല്ലുകൾ കയ്യിലെടുത്തു.

ലോകം കീഴ്മേൽ മറിയുന്നതായി എനിക്കു തോന്നി. ഞാൻ അഭിമാനിച്ചിരുന്ന ഈ ശരീരം ക്ഷണനേരംകൊണ്ട് കല്ലേറാൽ വികൃതമാകും. അതിവേദനയാൽ പുളഞ്ഞു ഞാൻ മരിക്കും.

ചുറ്റും നിൽക്കുന്നവർ എന്നെ പുലഭ്യം പറയുകയും എനിക്കു നേരേ മോശമായ ചേഷ്ടകൾ കാണിക്കയും ചെയ്യുന്നുണ്ട്. അതുവഴി കടന്നുപോയ ചില സ്ത്രീകൾ, 'പുരുഷന്മാരെ വഴി പിഴപ്പിക്കുന്നവൾ' എന്ന് പറഞ്ഞ് നിലത്തു കാർക്കിച്ചു തുപ്പി. അക്കൂട്ടത്തിൽ കുശുമ്പുകാരികളും അപവാദം പറഞ്ഞുപരത്തിയവരുമൊക്കെ ഉണ്ടായിരുന്നു. എന്നെ അമ്പരപ്പിച്ചത് അതൊന്നുമായിരുന്നില്ല – കല്ലെറിയാൻ നിന്നവരുടെ കൂട്ടത്തിൽ എന്റെ പതിവുസന്ദർശകരിൽ പലരുമുണ്ടായിരുന്നു. അതിനു പ്രായഭേദമൊന്നും ഉണ്ടായിരുന്നില്ല.

ഞാൻ കൊലനിലത്തിലേക്ക് ആനയിക്കപ്പെട്ടു. ചുറ്റും നിന്നവരുടെ കൂക്കുവിളിയും ചീത്തപറച്ചിലും അസഹ്യമായി. ഏതു നിമിഷവും എന്റെ ശരീരത്തിൽ കല്ലു പതിപ്പിക്കുവാൻ ആളുകൾ ക്രൂദ്ധരായി നിൽക്കുമ്പോൾ ഒരു ഫരിസേയ പ്രമുഖൻ ജേതാവിന്റെ മുഖഭാവത്തോടെ മുന്നോട്ടു വന്നിട്ടു പറഞ്ഞു: "കല്ലെറിയാൻ വരട്ടെ, ഒരു കവണയേറിൽ രണ്ടു പക്ഷികളെ വീഴ്ത്താൻ ഒരവസരം വന്നിരിക്കുന്നു. 'ഈശോ' എന്നു പേരുള്ള ഒരുത്തനുണ്ടല്ലോ, നസ്രത്തിൽ നിന്നുള്ള തച്ചന്റെ മകൻ. പാവങ്ങൾക്കായി പൂങ്കണ്ണീർ ഒലിപ്പിക്കുകയും പാപികളെ കെട്ടിപ്പിടിക്കുകയും ചെയ്യുന്ന മഹാൻ. അവനിപ്പോൾ ദേവാലയ നടപ്പുരയിൽ പഠിപ്പിച്ചുകൊണ്ടിരിക്കയാണ്. അവനെ കുടുക്കാൻ ഇതുതന്നെ പറ്റിയ അവസരം.

"അതിന് ഇയാൾ എന്തോ ഒണ്ടാക്കാനാ പോകുന്നത്?" ആൾക്കൂട്ടത്തിൽനിന്ന് ഒരാൾ ചോദിച്ചു.

www.malankaralibrary.com

“അതു നീ നോക്കിക്കോ. നമ്മൾ ഈ തേവിടിശ്ശിയെ അവന്റെ മുമ്പിൽ എത്തിക്കും. എന്നിട്ടും ചോദിക്കും, “വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഇവളെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ് മോശ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നത്. നീ എന്തു പറയുന്നു?”

“കൊല്ലണ്ട എന്നു പറഞ്ഞാലോ?”

“എടോ പോഴാ, കൊല്ലണ്ടാ എന്ന് അയാൾ പറഞ്ഞാൽ അതു മോശയുടെ കല്പനക്ക് എതിരല്ലയോ? പിന്നെ ജനം അവനെ വെറുതെ വച്ചേക്കുമോ?”

“എന്നാൽ, കൊല്ലാൻ പറയുന്നെങ്കിലോ?”

“അപ്പഴല്ലേ നമ്മൾ അവനെ പൊളിച്ചടുക്കുന്നത്. പാപികളോടുള്ള അവന്റെ സ്നേഹം എവിടെപ്പോയി എന്ന് ചോദിച്ച് ജനം അവനെ വിസ്തരിച്ച് തൊലിയുരിക്കും.”

‘‘നിങ്ങളുടെ കുരുട്ടുബുദ്ധി അപാരം തന്നെ’’ എന്നു പറഞ്ഞ് ആദ്യത്തേയാൾ പിന്നെയൊന്നും ചോദിക്കാൻ മുതിർന്നില്ല. അവർ ഈശോയെപ്പറ്റി പറഞ്ഞതുകേട്ടപ്പോൾ എനിക്ക് ആകാംക്ഷയും ഉദ്വേഗവുമായി. കുറേ നാളായി വിചാരിക്കുന്നതാണ് അവനെ അടുത്തുചെന്ന് ഒന്നു കാണണമെന്ന്. അവനെ അകലെ നിന്നു കണ്ടിട്ടുണ്ട്.

അവന് ആറടിയോളം പൊക്കം വരും. മനോഹരമായ നേത്രങ്ങൾ. നീണ്ട മുഖം. സ്വർണ നിറമുള്ള അല്പം ചുരുണ്ട മുടിയും കറുത്ത അർദ്ധചന്ദ്രാകൃതിയിലുള്ള പുരികങ്ങളും. നെറ്റിക്കു നടുവിലൂടെ മുടി വകഞ്ഞിട്ടുണ്ട്. അവന്റെ അമ്മയെപ്പോലെതന്നെ സൗന്ദര്യമുള്ളവൻ. അവനു നല്ല മുഖശ്രീയുണ്ട്. അവന്റെ നെറ്റിത്തടം മിനുസവും പ്രശാന്തവുമാണ്. എപ്പോഴും ശോഭ നിറഞ്ഞു നിൽക്കുന്നു; ചുളിവോ കലയോ ഇല്ലാത്ത മുഖം. മനോഹരമായ നാസികയും ചുണ്ടുകളും. തലമുടിപോലെതന്നെ താടിമീശ നിബിഡമാണ്. അതിന് അധികം നീളമൊന്നുമില്ല. തികച്ചും നിഷ്കളങ്കമായ നോട്ടം. ആ മുഖത്തേക്കു നോക്കുന്നവർ അറിയാതെ അവനെ സ്നേഹിച്ചു പോകത്തക്കവിധം എന്തോ മാസ്മരികത ആ മുഖത്തുണ്ട്. ശാന്തതയും സ്നേഹവും സന്തോഷവും സ്ഫുരിച്ചു നിൽക്കുന്നതാണ് അവന്റെ മുഖം. അവന്റെ കരങ്ങൾ അത്യന്തം സുന്ദരങ്ങളാണ്.*

അവനൊരു സാധാരണ റബ്ബിയല്ലെന്നാണ് ജനസംസാരം. സ്ത്രീകളോട് അവന് ആദരവും സ്നേഹവുമാണത്രെ. ഒരു സമരായ സ്ത്രീക്കുവേണ്ടി അവൻ യാക്കോബിന്റെ കിണറ്റിനരികെ കാത്തിരുന്നെന്നും ശെമഓന്റെ വീട്ടിൽചെന്ന ഒരു പാപിനി അവന്റെ പാദം സുഗന്ധലേപത്താൽ പൂശിയപ്പോൾ അവൻ വിലക്കിയില്ലെന്നുമൊക്കെ ആളുകൾ പറയുന്നുണ്ട്.** ഇപ്പോൾ എവിടെയും അവനാണ് സംസാരവിഷയം.

എന്നെ അവർ ഈശോയുടെ മുമ്പിലേക്ക് വലിച്ചിഴച്ച് എത്തിച്ചപ്പോൾ അവൻ ആളുകളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. നിയമജ്ഞരും ഫരിസേയരും പുച്ഛഭാവത്തോടെ അവിടെ നിന്നു. എനിക്കെതിരെ അല്പം മുമ്പു ശബ്ദിച്ച ഫരിസേയ പ്രമുഖൻ പറഞ്ഞു.

“ഗുരോ, ഇവൾ വ്യഭിചാര കുറ്റത്തിൽ പിടിക്കപ്പെട്ടവളാണ്. അതിനു സാക്ഷികൾ ഉണ്ട്. മോശയുടെ നിയമം അനുശാസിക്കുന്നത്, ഇവറ്റകളെ കല്ലെറിഞ്ഞു കൊല്ലണമെന്നാണല്ലോ. അങ്ങ് എന്തു പറയുന്നു?”

www.malankaralibrary.com

യേശുവിന്റെ മുഖത്തെ കൂസലില്ലായ്മയും ശാന്തതയും ഞാൻ ശ്രദ്ധിച്ചു. അവൻ ദേവാലയ മുറ്റത്തെ മണലിൽ എന്തോ കാര്യമായി കുറിക്കുന്നതു കണ്ടു. പക്ഷേ, മറുപടി പറഞ്ഞില്ല. അവൻ ഉത്തരം നൽകുന്നില്ലെന്നുകണ്ട് അയാൾ ചോദ്യം ആവർത്തിച്ചു. ഇക്കുറിയും അവൻ ഉത്തരം പറഞ്ഞില്ല. വീണ്ടും ചോദ്യം ഉയർന്നപ്പോൾ അവൻ മെല്ലെ എഴുന്നേറ്റു. വന്നവരുടെ ഓരോരുത്തരുടെയും മുഖങ്ങളിലേക്ക് അവൻ നോക്കി. തുളച്ചുകയറുന്നതുപോലെയുള്ള നോട്ടം. എന്തോ തെരഞ്ഞു കണ്ടുപിടിക്കുംപോലെയുള്ള ആ നോട്ടം അവസാനത്തെ ആളിന്റെമേലും പതിപ്പിച്ചശേഷം അവൻ ശാന്തഗംഭീരമായി എല്ലാവരോടുമായി പറഞ്ഞു.

"നിങ്ങളിൽ പാപം ചെയ്യാത്തവർ ഇവളെ കല്ലെറിയട്ടെ." അവൻ നിലത്ത് എന്തോ വീണ്ടും എഴുതാൻ തുടങ്ങി.

ആദ്യകല്ല് നിലത്തു വീഴുന്നതു ഞാൻ കണ്ടു. ഏറ്റം പ്രായമേറിയ, എന്റെ ആദ്യത്തെ ഇടപാടുകാരൻ. പിന്നെ തുരുതുരാ കല്ലുകൾ നിലംപതിച്ചു.

ഒടുവിൽ ഞാനും ഈശോയും മാത്രം. അവനെ അടുത്തു കാണണമെന്ന് ഞാൻ ഏറെ ആഗ്രഹിച്ചിരുന്നതാണെങ്കിലും ഇപ്പോൾ എനിക്കു പേടിയായി. ഇവൻ ഇനി എന്തു ശിക്ഷയാണ് എനിക്കു നൽകാൻ പോകുന്നത്?

ആ മുഖത്തേക്കു നോക്കാൻ ഭയപ്പെട്ട് ഞാൻ ദൃഷ്ടി അകലങ്ങളിൽ പായിച്ചു. അവൻ എന്നോടു ചോദിച്ചു: "സ്ത്രീയേ, അവർ എവിടെ? ആരും നിന്നെ വിധിച്ചില്ലേ?"

ആ സ്വരത്തിൽ ഒട്ടും പാരുഷ്യമില്ലെന്നും മറിച്ച് അതു കരുണാർദ്രമാണെന്നും ഞാൻ അറിഞ്ഞു. ധൈര്യപൂർവ്വം ഞാൻ ആ മുഖത്തേക്കു നോക്കി. ഞാൻ കണ്ട ആണുങ്ങളുടെ മുഖമായിരുന്നില്ല അവന്റേത്. കാമത്തിന്റെ അംശംപോലും ആ മുഖത്തില്ല. കോപത്തിന്റെ ലാഞ്ഛന അവിടെയില്ല. കാരുണ്യം ചിത്രം വരച്ചതായിരുന്നു ആ മുഖവും സംസാരവും.

ഏങ്ങലടിച്ചു ഞാൻ പറഞ്ഞു: "ഇല്ല കർത്താവേ, ഇല്ല." ആ പാദങ്ങളിൽ ഞാൻ കമിഴ്ന്നു വീണു. അവൻ എന്റെ കരം പിടിച്ചുയർത്തുമ്പോൾ സ്നേഹപ്രവാഹം എന്നിലേക്കൊഴുകുന്നതു ഞാനറിഞ്ഞു.

അവൻ എന്നോടു പറഞ്ഞു: "ഞാനും നിന്നെ വിധിക്കുന്നില്ല. സമാധാനത്താലെ പോവുക. ഇനിമേൽ പാപം ചെയ്യാതിരിക്കുക."

ആ സംഭവം കഴിഞ്ഞ് അനേകം വർഷങ്ങൾ പിന്നിട്ടു. ഞാൻ സത്യം പറയട്ടെ. പിന്നെ ഞാൻ വഴിപിഴച്ചിട്ടില്ല. ഒരു മോഹവും എന്നെ കീഴ്പ്പെടുത്തിയിട്ടില്ല. എന്റെ ജീവിതതീരത്തെ മാലിന്യങ്ങളെല്ലാം നീക്കിക്കളഞ്ഞ സ്നേഹക്കടലായി എന്നും അവൻ എന്റെ ഉള്ളിലുണ്ട്. എനിക്ക് അതുമാത്രം മതി. അത്രമാത്രം.

---

* ജോസിഫസ്, ഫ്ളാവിയൻ എന്നിവർ യേശുവിനെപ്പറ്റി നൽകിയ വിവരങ്ങളിൽ നിന്ന്

** യഹൂദ റബ്ബിമാർ പൊതു സ്ഥലങ്ങളിൽവച്ച് സ്ത്രീകളോട് അടുത്ത് ഇടപഴകുകയോ സംസാരിക്കുകയോ ഇല്ല.

www.malankaralibrary.com

# ബഥനിയുടെ ഗുരുശ്രേഷ്ഠൻ മാർ തെയോഫിലോസ് ഓർമ്മകളിൽ

ഫാ. ജോൺ ബോസ്കോ കുറ്റിയിൽ ഒ.ഐ.സി.

**1. സഹനം**

1956 ജൂൺ 28-ന് മാർ തെയോഫിലോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷയിൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് നടത്തിയ ചരമ പ്രഭാഷണത്തിൽ ഇപ്രകാരം സൂചിപ്പിക്കുകയുണ്ടായി "ഏതാണ്ട് ഇരുപത് വർഷങ്ങൾ മാർ തെയോഫിലോസ് പിതാവ് അനുഷ്ഠിച്ച ദീർഘകാലമൗനവും സഹനവും നിമിഷങ്ങളും പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് മാറ്റുകൂട്ടിയിട്ടുണ്ട്.

**2. ത്യാഗപ്രവർത്തികളുടെ (mortifications) എണ്ണം**

വർഷങ്ങൾക്കുമുമ്പ് അഭിവന്ദ്യ പിതാക്കന്മാരുടെ നാമഹേതുകതിരുന്നാൾ വേളകളിൽ ജ്ഞാനഷ്പമഞ്ചരി (Spriritual Boquet) ചെറുപടങ്ങളിൽ എഴുതി അവർക്കു സമർപ്പിക്കുക പതിവുണ്ടായിരുന്നു. ഒരിക്കൽ ആശ്രമത്തിൽ പരിശീലനത്തിലിക്കുന്ന വിദ്യാർത്ഥികൾ അങ്ങനെയൊരു പടം മാർ തിയോഫിലോസ് പിതാവിനു സമർപ്പിച്ചു. അദ്ദേഹമതു സ്വീകരിച്ചിട്ട് 'ത്യാഗപ്രവർത്തികളുടെ - mortifications' എണ്ണം എത്രയുണ്ടെന്നു നോക്കിയിട്ട് ആ ചറുപട്ടം അവരെ തിരികെ ഏൽപ്പിച്ചു.

**3. വിശുദ്ധ കുർബാന ഭക്തി**

വിശുദ്ധ കുർബാനയർപ്പണ വേളയിൽ കാർമ്മികൻ കുർബാന സ്വീകരിക്കുന്ന മുഹൂർത്തത്തിന് മുമ്പ്, പട്ടക്കാർ ആരെങ്കിലും മദ്ബഹായിലുണ്ടെങ്കിൽ പിതാവ് അവരിൽ നിന്ന് ഹൂസോയോ പാപ വിമോചന ആശീർവാദം സ്വീകരിച്ചിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്.

**4. മൗനനിഷ്ഠ**

നമ്മുടെ ജീവിതത്തിൽ ചില പ്രത്യേക അവസരങ്ങളിൽ നാം സംസാരിക്കരുത്. ഉദാഹരണമായി വാഹനം ഡ്രൈവ് ചെയ്യുന്നവരോടും മുടിവെട്ടുന്നവരോടും.

**5. ഔദാര്യം**

യാത്രയിൽ ലഘുതുകകൾ നാണയങ്ങൾ നാം കരുതിയിരിക്കണം, ഭിക്ഷ ചോദിക്കുന്നവർക്കു കൊടുക്കാൻ.

www.malankaralibrary.com

# ഉടപ്പിറപ്പ്

ബ്ര. സിജോ അലോഷ്യസ് ഒ.ഐ.സി.

"സഹോദരർ ഏകമനസായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷ പ്രദവുമാണ്" (സങ്കീ 133-1).

**ആരാണ് എന്റെ സഹോദരൻ?**


സഹോദരൻ എന്ന വാക്കിന്റെ അർത്ഥം സഹ ഉദരം പങ്കുവയ്ക്കുന്നവൻ എന്നാണ്. അപ്പോൾ സന്ന്യാസിമാരാകുന്ന നാം എപ്രകാരമാണ് സഹോദരരാകുന്നത് എന്ന ചോദ്യം ഉയരാം. ഇവിടെയാണ് ബഥനി അമ്മയായി മാറുന്നത്. ഒരു മാതാവിന്റെ ഉദരം പങ്കുവയ്ക്കുന്നവർ എപ്രകാരം സഹോദരരാകുന്നുവോ അപ്രകാരം സന്ന്യാസിമാരാകുന്ന നാം ബഥനിയാകുന്ന അമ്മയിൽ സഹോദരരായി മാറുന്നു. ഇപ്രകാരം സഹോദരരായി മാറുന്ന നാം ഏകമനസോടെ അമ്മയുടെ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ വേണ്ടി പ്രവർത്തിക്കുന്നു. ഇതുപോലൊരു അവസരത്തിലാണ് നിയമജ്ഞർ യേശുവിനോട് ആരാണ് എന്റെ അയൽക്കാരൻ എന്ന് ചോദിക്കുന്നത്. ഇവിടെയാണ് യേശു നല്ല സമരിയാക്കാരന്റെ ഉപമ പറയുന്നത്. ഈ ഉപമയിൽ ഒരു നല്ല സഹായകനെ നാം കണ്ടുമുട്ടുന്നുണ്ട്. ഇതിനർത്ഥം, നമ്മെ സഹായിക്കുന്ന ഏതൊരുവനും നമ്മുടെ അയൽക്കാരനാണ്. നിലം ഉഴുന്നവൻ തുടങ്ങി കടയിൽ സാധനങ്ങൾ വിൽക്കുന്നവൻവരെ നമ്മെ സഹായിക്കുന്നവരാണ്. പലരും നമ്മെ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സഹായിക്കുന്നവരാണ്. അപ്പോൾ നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും കണ്ടുമറയുന്ന ഓരോ വ്യക്തിയും നമ്മുടെ അയൽക്കാരനാണ്. കാരണം, ചില അവസരങ്ങളിൽ നാം അറിയാതെ തന്നെ അവർ നമ്മെ സഹായിച്ചിരിക്കും. ഇവയ്ക്കെല്ലാമുപരി, ഓരോ വ്യക്തിയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവീകഛായയിലാണ്. ദൈവീകഛായയിൽ സൃഷ്ടിക്കപ്പെട്ടവർ എന്റെ സഹോദരരാണ്. ഇരട്ട സഹോദരങ്ങളെ കണ്ടാൽ ഒരു മടിയും കൂടാതെ നമുക്ക് പറയുവാൻ സാധിക്കും അവർ സഹോദരങ്ങളാണെന്ന്. കാരണം അവരുടെ ബാഹ്യമായ ഛായ ഒരുപോലെയാണ്. ഇതുതന്നെയാണ് ദൈവീകഛായയിൽ സൃഷ്ടിക്കപ്പെട്ടവരും. "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉത്പത്തി 1:26). ഇതാണ് ദൈവീകസ്നേഹത്തിന്റെ ഛായ. ഈ ദൈവീകഛായയിൽ സൃഷ്ടിക്കപ്പെട്ടവരായ നാം ദൈവത്തിന്റെ സഹോദരങ്ങൾ അല്ലെ. "സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെ കൂടാതെയുണ്ടായില്ല" (യോഹ 1:3). ഈ വചന വെളിച്ചത്തിൽ ഭൂമിയിലെ സമസ്ത ജീവജാലങ്ങളും എന്റെ സഹോദരരാണ്. ദൈവത്താൽ സൃഷ്ടിക്കപ്പെടുന്ന സർവവും എന്റെ സഹോദരങ്ങളാണ്.

**ഞാൻ എപ്രകാരം സഹോദരനെ സ്നേഹിക്കണം?**

"സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15:13), "സഹോദരരെ സ്നേഹിക്കുന്നതുകൊണ്ട് നമ്മൾ മരണത്തിൽ നിന്നും ജീവനിലേക്ക് കടക്കുന്നു" (1 യോഹ 3:14), "നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും" (1യോഹ 4:12), "ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി

www.malankaralibrary.com

കരുതണം" (ഫിലി 2:3). ഇവയാണ് യഥാർത്ഥ ദൈവസ്നേഹത്തിന്റെ ഭാവങ്ങൾ. ക്രിസ്തുവിന്റെ ഈ ഭാവമാണ് സഹോദരനോടുള്ള എന്റെ സ്നേഹം. സഹോദരൻ തെറ്റു ചെയ്യുമ്പോൾ അവനോട് ആത്മാർത്ഥതയോട് ക്ഷമിക്കുന്നവനാരോ അവനാണ് യഥാർത്ഥ സ്നേഹിതൻ. ഇതാണ് പൂർവ്വപിതാവായ യാക്കോബിന്റെയും അവന്റെ സഹോദരൻ ഏസാവിന്റെയും ജീവിതത്തിൽ നാം കാണുന്നത്. യാക്കോബ്, ഏസാവിന്റെ ജ്യേഷ്ഠാവകാശവും അനുഗ്രഹവും തട്ടിയെടുത്ത് നാടുവിടുകയും വർഷങ്ങൾക്കുശേഷം തിരിച്ചുവരുകയും ചെയ്യുന്നു. അവൻ തിരിച്ചുവരുമ്പോൾ ഏസാവ് അവനോട് ക്ഷമിച്ച് അവനെ സ്നേഹത്തോടെ സ്വീകരിക്കുന്നു. ഇതാണ് ക്ഷമിക്കുന്നവനായ സഹോദരൻ. ഈ ക്ഷമയിലൂടെയാണ് സ്നേഹം വെളിപ്പെടുന്നത്. ഇതിനാൽ ക്രിസ്തു പറഞ്ഞിരിക്കുന്നത് "സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന്'' (യോഹ 15:13). ഇപ്രകാരം സ്നേഹിക്കുന്നവനു മാത്രമേ ദൈവസ്നേഹവും പരസ്നേഹവും മനസിലാക്കുന്നവനും അനുഭവിക്കാൻ കഴിയൂ. സ്നേഹത്തിൽ വസിക്കുന്നവനു മാത്രമേ ദൈവത്തിൽ വസിക്കുവാൻ കഴിയൂ, ഇതാണ് ക്രിസ്തു നമുക്ക് കാണിച്ചു തന്നത്. അവിടുന്ന് നമ്മോടുള്ള സ്നേഹത്തെപ്രതി ക്രൂശിൽ മരണം വരിച്ചു. ഇതാണ് യഥാർത്ഥ സ്നേഹിതന്റെയും സഹോദരന്റെയും ചുമതല. ഇതാണ് നാം അനുകരിക്കേണ്ടത്. സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്ന ശ്രേഷ്ഠമായ ബലി.



www.malankaralibrary.com

# വിണ്ണിലെ മാലാഖ

ബ്ര. ജിജോ ജെ.എസ്. ഒ.ഐ.സി.

മണ്ണിനും വിണ്ണിനും ഒരുപോലെ കൗതുകം നൽകുന്നതും ഇലകൾ തളിർക്കുന്നതുമായ കാലം യേശുവിന്റെ ജനനത്തിനായി.

പച്ച നിറത്തിൽ കുടപോലെ വിടർന്നു നിൽക്കുന്ന മരങ്ങൾ. കുണുങ്ങി കുണുങ്ങി ഒഴുകുന്ന പമ്പയാറ്. എന്തുകൊണ്ടും അതിമനോഹരമായ കാലം. 1960 ഡിസംബർ 7, പത്തനംതിട്ട ജില്ലയിൽ റാന്നിക്കടുത്തുള്ള കരികുളമെന്ന സ്ഥലത്ത് ഏറത്തുവീട്ടിൽ ഗീവർഗീസ്-റേയ്ച്ചൽ ദമ്പതികൾക്ക് ഒരു കടിഞ്ഞൂൽ പുത്രൻ പിറന്നു.

കാഴ്ചയിൽ സുന്ദരൻ കോമള പുത്രൻ
ദൈവം തിരഞ്ഞെടുത്ത ദാസൻ
കരയുന്ന ഇന്ത്യയ്ക്ക് താങ്ങായി
അപ്പനായി മകനായി സോദരനായ്
ഭൂമിയിൽ വിരിയുന്ന പൂവാകാൻ

ഉത്തമ വിശ്വാസികളായ ദമ്പതികൾ അവർക്ക് ലഭിച്ച കടിഞ്ഞൂൽ പുത്രന് ബൈബിളിലെ പൂർവ്വപിതാവായ യാക്കോബിന്റെ പേരിട്ടു. മാമ്മോദീസാ മുങ്ങിയ അവൻ ചാക്കോ എന്നറിയപ്പെട്ടു. നാട്ടുകാരുടെയും വീട്ടുകാരുടെയും മോനച്ചനായി അവൻ വളർന്നു വന്നു. കരികുളം എൽ.പി.സ്കൂളിലും റാന്നി എൻ.സി. ഹൈസ്കൂളിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി.

മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെയറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു (ജെറ.1:5). ചെറുപ്രായത്തിൽത്തന്നെ ദൈവത്തോടും ദേവാലയത്തോടും ആഴമായ അടുപ്പം പ്രകടിപ്പിച്ച മോനച്ചന്റെ മനസിൽ പുരോഹിതനാകണമെന്നാഗ്രഹം തീയായി ആളിക്കത്തി തുടങ്ങി. ഈ ആഗ്രഹം കുടുംബക്കാർ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അങ്ങനെ 1975 ജൂൺ 16-ന് കോട്ടയം ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്നു. ആശ്രമത്തിലെ പരിശീലനം ബ്രദർ ചാക്കോയുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടമായിരുന്നു. ബഥാനിയൻ ആദ്ധ്യാത്മികതയും അതിന്റെ ചൈതന്യവും മൂല്യങ്ങളും അദ്ദേഹം സ്വായത്തമാക്കിയ കാലഘട്ടമായിരുന്നു അത്. അങ്ങനെ ദൈവത്തോടും ദൈവീക വിളിയോടും വിശ്വസ്തത കാണിച്ച അദ്ദേഹം 1979 മെയ് 31-ാം തീയതി വ്രതവാഗ്ദാനം നടത്തി.

തീരാത്ത സ്നേഹം മനസിൽ തിങ്ങി
യേശുവിനായി സമർപ്പിച്ചു ആ
ജീവിതം ഈശനായ് സമർപ്പിച്ചല്ലോ

അങ്ങനെ കാലങ്ങൾ കടന്നുപോയി. ഒരു പുരോഹിതനാകണമെന്ന ചാക്കോയുടെ സ്വപ്നം സഫലമായത് 02 ഒക്ടോബർ 1986. പൗരോഹിത്യത്തിന്റെ ആദ്യകാലഘട്ടങ്ങളിൽതന്നെ അദ്ദേഹത്തെ തേടി നിരവധി ഉത്തരവാദിത്വങ്ങൾ കടന്നുവന്നു. 2006 വരെ ബഥനി സമൂഹത്തിലെ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയറായി. തുടർന്ന് അദ്ദേഹം സന്ന്യാസത്തിന്റെ ഏറ്റവും

www.malankaralibrary.com

നിർണായക കാലഘട്ടമായ നോവിഷ്യേറ്റിൽ ഗുരുവായി നിയമിക്കപ്പെട്ടു. കുട്ടികളെ കരുതുകയും സ്നേഹിക്കുകയും ചെയ്ത അദ്ദേഹത്തിന് കുട്ടികളുടെ മനസ്സിൽ എന്നും അപ്പന്റെ സ്ഥാനമായിരുന്നു ഉണ്ടായിരുന്നത്.

സ്നേഹം തുളുമ്പുന്ന കണ്ണുകളിൽ
കമനീയ നീലിമ തങ്ങി നിൽപ്പൂ
എല്ലാവരെയും ഹൃത്തിലാക്കി
ആത്മാർത്ഥ സ്നേഹത്തിൻ പ്രതിപുരുഷൻ

സഭയ്ക്കുവേണ്ടി എത്രത്തോളം കഷ്ടതപ്പെട്ടുവോ അത്രത്തോളം ചുമതലകൾ അദ്ദേഹത്തെ തേടി വന്നു. 2007 ഫെബ്രുവരി 7-ന് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അദ്ദേഹത്തെ കേരളത്തിനു പുറത്തുള്ള മലങ്കര സഭാ മക്കളുടെ ചുമതല നിർവ്വഹിക്കാനുള്ള മേൽപ്പട്ട ശുശ്രൂഷാ നിയോഗം നൽകി. 2007 മാർച്ച് 7-ന് റമ്പാനായും മാർച്ച് 10-ന് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് ജേക്കബ് മാർ ബർണബാസ് എന്ന നാമത്തിൽ മെത്രാനായും അഭിഷിക്തനായി. അങ്ങനെ ഡൽഹി ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ മെത്രാനായി അദ്ദേഹം വാഴിക്കപ്പെട്ടു.

എനിക്കായ് ചെയ്യുന്ന ഏതൊരു കാര്യവും
ആപത്തിൽ ചെയ്യുക സ്നേഹമോടെ
മറ്റുള്ളോരിൽ കാണൂ എൻ രൂപം
അവരെ കരുതുക സ്നേഹമോടെ

അങ്ങനെ മറ്റുള്ളവർക്ക് ഒരു താങ്ങായി, തണലായി, സ്നേഹമായി ആ പൂവ് വിരിഞ്ഞു തുടങ്ങി. കരുണയുടെ പ്രവാചകൻ എന്നു വിളിക്കപ്പെടാൻ യോഗ്യനാണെന്ന് ജീവിതംകൊണ്ടു കാണിച്ചു തന്ന പിതാവ്. പാവങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും രോഗികൾക്കും ചേരിയിലെ കുരുന്നുകൾക്കും എന്നും അദ്ദേഹം താങ്ങായിരുന്നു. വലിയവനെന്നോ ചെറിയവനെന്നോ ഭേദമില്ലാതെ എല്ലാവരെയും ഒരു കുടക്കീഴിൽ നിർത്തിയ സ്നേഹദീപം. തന്റെ പ്രാർത്ഥനയും വിയർപ്പും കണ്ണീരും കഠിനാധ്വാനവുംകൊണ്ട് ഉത്തരേന്ത്യയിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയാകുന്ന തണൽ മരത്തെ വളർത്തി.

പരിമിതമാമീ ലോകത്തിൽ
കടമകളെല്ലാം തീരുന്നു
പരമപിതാവിൻ ചാരത്ത്
പുതിയൊരിടം ഞാൻ തേടുന്നു

അങ്ങനെ ആ ദീപം ഭൂമിയിൽ നിന്ന് എരിഞ്ഞു തീർന്നെന്ന് കരുതിയാലും നമ്മുടെ മനസിൽ ദീപം കൊളുത്തിയാത്മാവ് ദൈവത്തിന്റെ മടിയിലേക്ക് സംവഹിക്കപ്പെട്ടു. ആ ദീപം നമ്മുടെ മുന്നിൽ കാണിച്ചു തന്ന പ്രകാശത്തെ അണയാതെ ബഥാനിയൻ ആദ്ധ്യാത്മികതയിലൂടെ നമുക്കു പിൻതുടരാം.

അങ്ങനെ പീഠത്തിന്മേൽവച്ച ദീപമായി മറ്റുള്ളവർക്കു പ്രകാശമായി നമുക്കു മാറാം.

www.malankaralibrary.com

# ബഥനി നവജ്യോതി പ്രോവിൻസ് വാർത്തകൾ

**ഗിരിദീപം വോളിബോൾ ടൂർണ്ണമെന്റ്:** 2022 നവംബർ 19-ാം തീയതി മുതൽ 21-ാം തീയതി വരെ കോട്ടയം ഗിരിദീപത്തിൽ വച്ചു വോളിബോൾ ടൂർണ്ണമെന്റ് നടത്തപ്പെട്ടു.

**വ്രതനവീകരണം:** കോട്ടയം ഗിരിദീപം ബഥനി ആശ്രമത്തിൽ പരിശീലനത്തിലായിരിക്കുന്ന ബ്രദേഴ്സ് നിർമ്മൽ വർഗ്ഗീസ് പനംമ്പള്ളിൽ ഒ.ഐ.സി., ജോഷിൻ ജോയ് പള്ളിത്താഴത്തിൽ ഒ.ഐ.സി., ജിജിൻ ജോർജ്ജ് കണ്ണംമ്പള്ളിൽ ഒ.ഐ.സി. എന്നിവർ 2022 നവംബർ 28-ാം തീയതി പ്രൊവിൻഷ്യൽ കൗൺസിൽ ഡെലഗേറ്റ് റവ.ഫാ.ജോസഫ് നോബിൾ കണ്ണംകുളം ഒ.ഐ.സി.യുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ട വി.കുർബ്ബാനമധ്യേ വ്രതനവീകരണം നടത്തി.

**ക്രിസ്തുമസ് ആഘോഷം :** 2022 ഡിസംബർ 25-ാം തീയതി ക്രിസ്തുമസ് ദിനത്തോടനുബന്ധിച്ച് ദേശം ബഥനി പ്രൊവിൻഷ്യൽ ആശ്രമത്തിൽ ബഥനി മിത്രങ്ങളുടെ ഒരു സ്നേഹസംഗമം നടത്തുകയുണ്ടായി. വിവിധ കലാപരിപാടികളോടെ നടന്ന ആഘോഷത്തിൽ സമീപവാസികളുടെ ശ്രദ്ധേയമായ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

**ബി.വി.പി കൊളോക്കിയം**: 2023 ജനുവരി 6 മുതൽ 8 വരെ തീയതികളിൽ പൂനാ ബഥനി ആശ്രമത്തിൽ വച്ചു നടന്ന കൊളോക്കിയത്തിൽ ബഥനി ആശ്രമാംഗങ്ങളുടെ നിറസാന്നിദ്ധ്യം ഉണ്ടായിരുന്നു.

**ആദ്യവ്രതവാഗ്ദാനം:** ഒരു വർഷത്തെ നൊവിഷ്യേറ്റ് പരിശീലനത്തിനുശേഷം ഫാ. മാത്യു ജോയേൽ ചരിവുപുരയിടത്തിൽ ഒ.ഐ.സി. 2023 ജനുവരി 17-ാം തീയതി ദേശം പ്രൊവിൻഷ്യൽ ആശ്രമത്തിൽ വച്ച് തന്റെ ആദ്യവ്രതവാഗ്ദാനം നടത്തി. ബഥനി ആശ്രമ സുപ്പീരിയർ ജനറൽ വെരി റവ. ഫാ. മത്തായി കടവിൽ ഒ.ഐ.സി. വിശുദ്ധ ബലിക്ക് നേതൃത്വം നൽകി. പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ജോർജ്ജ് ജോസഫ് അയ്യനേത്ത് ഒ.ഐ.സി., ഫാ. സാമുവേൽ പനച്ചിവിള ഒ.ഐ.സി. എന്നിവർ സഹകാർമ്മികരായിരുന്നു.

**അവധിക്കാല മിനിസ്ട്രി:** പൂനാ ബ്രദേഴ്സിന്റെ നേതൃത്വത്തിൽ വിവിധ രൂപതകളിലെ ഇടവകകളിലായി BBS ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി. ഏപ്രിൽ 18 -ാം തീയതി മുതൽ മെയ് 17-ാം തീയതി വരെയാണ് ക്യാമ്പുകൾ നടക്കുക.

**വിദേശസന്ദർശനം:** 2023 ഫെബ്രുവരി 12-ാം തീയതി മുതൽ 16-ാം തീയതി വരെ സാൽസ്ബുർഗിൽ വച്ചു നടത്തപ്പെട്ട 'ബഥനി മീറ്റ് യൂറോപ്പിൽ' പെരി ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി. സംബന്ധിച്ചു. തുടർന്ന് സ്വിറ്റ്സർലണ്ടിൽ ഇടവകശുശ്രൂഷ നടത്തുകയും അവിടെയുള്ള അഭ്യുദയകാംക്ഷികളെ സന്ദർശിക്കുകയും ചെയ്തു. ഏപ്രിൽ 12-ാം തീയതി തിരിച്ചെത്തി.

**അഭിനന്ദനങ്ങൾ:** ബൽജിയം ലുവൈൻ യൂണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റ് പഠനത്തിൽ ഏർപ്പെട്ടിരുന്ന ഫാ. ജോസഫ് സിപ്രിയാൻ ഒ.ഐ.സി. പഠനം വിജയകരമായി പൂർത്തിയാക്കി തിരിച്ചെത്തി. ഇപ്പോൾ പൂനാ ആശ്രമത്തിലെ റസിഡന്റ് പ്രൊഫസർ, സ്പിരിറ്റ്ചൽ ഫാദർ എന്നീ ശുശ്രൂഷകളിൽ നിയമിതനായിരിക്കുന്നു.

www.malankaralibrary.com

# ബഥനി നവജീവൻ പ്രോവിൻസ് വാർത്തകൾ

**BBS, TOC 2023 :** ഈ വർഷത്തെ BBS ക്യാമ്പുകൾ ഏപ്രിൽ മാസം 10 മുതൽ മെയ് മാസം 2 വരെ നടത്തപ്പെട്ടു. 8 ബ്രദേഴ്സ് മൂന്ന് ടീമുകളായാണ് ആരംഭ ഘട്ടത്തിൽ ക്യാമ്പുകൾ നടത്തിയത്. തുടർന്ന് ബഹു. അച്ചന്മാരുടെ രണ്ട് ടീമുകളും വിവിധ ഇടങ്ങളിൽ BBS ക്യാമ്പുകൾക്ക് നേതൃത്വം നൽകി. ആകെ 23 സെൻററുകളിലായി 49 ദേവാലയങ്ങളെ കോർത്തിണക്കിയാണ് ക്യാമ്പുകൾ നടത്തിയത്. 1805 കുട്ടികളെ കണ്ടുമുട്ടുന്നതിന് ഈ ക്യാമ്പുകൾ ഉപകരിച്ചു. പങ്കെടുത്ത എല്ലാ അച്ചന്മാരേയും ബ്രദേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. ബഹു. ആബേൽ അച്ചൻ, മനു അച്ചൻ, ജോഷാച്ചൻ, സിജോ അച്ചൻ, ജോൺസൻ അച്ചൻ, ബെന്നി അച്ചൻ, ജിത്തു അച്ചൻ, ജിജോ അച്ചൻ എന്നിവർ ക്യാമ്പുകളെ മനോഹരമാക്കി. വിവിധ ക്യാമ്പ് സെന്ററുകൾ ബഹു. അച്ചന്മാർ സന്ദർശിച്ചതും, ക്യാമ്പിന്റെ അവസരങ്ങളിൽ ബ്രദേഴ്സിന് മികച്ച താമസ സൗകര്യം ഒരുക്കിയതും ക്യാമ്പുകൾ ഫലപ്രദമാകാൻ സഹായിച്ചു. സഹകരിച്ച എല്ലാ അച്ചന്മാർക്കും പ്രത്യേകം നന്ദി.

TOC ക്യാമ്പുകൾ മെയ് മാസം 3, 4, 5 തീയതികളിലായി മൈലപ്ര, കാഞ്ഞിരംകുളം, വേങ്കോട് എന്നിവിടങ്ങളിൽ നടത്തപ്പെട്ടു. ബഹു. അച്ചന്മാരോട് ചേർന്ന് ബ്രദേഴ്സ് ക്യാമ്പുകൾക്ക് നേതൃത്വം നൽകി. ആകെ 102 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

Come & See പ്രോഗ്രാം ഏപ്രിൽ 25, 26 തീയതികളിൽ മൈലപ്ര മൗണ്ട് ബഥനിയിലും, ദൈവവിളി ധ്യാനം മെയ് മാസം 15 മുതൽ 18 വരെ കുളപ്പട ശാന്തിഗിരി ആശ്രമത്തിലും നടത്തി. ദൈവവിളി ധ്യാനത്തിന് 13 കുട്ടികൾ സംബന്ധിച്ചു.

**കുടുംബസംഗമം 2023:** ബഥനി നവജീവൻ പ്രോവിൻസിന്റെ പരിശീലനത്തിലായിരിക്കുന്ന ബ്രദേഴ്സിന്റെ കുടുംബസംഗമം 2023 മാർച്ച് 30, വ്യാഴാഴ്ച നവജീവൻ പ്രൊവീൻഷ്യൽ ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു. വിശുദ്ധ കുർബ്ബാനയുടെ ആരാധനയോടുകൂടി കുടുംബസംഗമം ആരംഭിക്കുകയും തുടർന്ന് നവജീവൻ ബഥനി വിദ്യാലയ സ്കൂളിൽ ഓഡിറ്റോറിയത്തിൽവെച്ച് പൊതുസമ്മേളനം നടത്തപ്പെടുകയും ചെയ്തു. നവജീവൻ പ്രോവിൻസിന്റെ ഫോർമേഷൻ കോർഡിനേറ്ററും വൊക്കേഷൻ പ്രമോട്ടറു മായിരിക്കുന്ന ബഹു. തോമസ് പ്രശാന്ത് ഒ.ഐ.സി അച്ചൻ സ്വാഗതം ആശംസിക്കുകയും തുടർന്ന് നവജീവൻ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ പെരി. ബഹു. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി അച്ചൻ മുഖ്യപ്രഭാഷണം നടത്തുകയും ദയറാധ്യക്ഷന്മാരായിരിക്കുന്ന ബഹു. തോമസ് സജീവ് ഒ.ഐ.സി അച്ചനും ബഹു. ഗോഡ്വിൻ ക്രിസ്റ്റോ ഒ.ഐ.സി അച്ചനും അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. മാതാപിതാക്കന്മാരുടെ പ്രതിനിധികളായി ശ്രീമാൻ വി. ജെ മാത്യുവും (ബ്ര. മാർട്ടിന്റെ പിതാവ്) ശ്രീമതി ഷൈനി പ്രിൻസും (ബ്ര. ഷിൻസിന്റെ മാതാവ്) സംസാരിച്ചു. മാതാപിതാക്കന്മാരുടെ പങ്കുവയ്ക്കലിനുശേഷം നവജീവൻ പ്രോവിൻസിന്റെ അസിസ്റ്റൻറ് വൊക്കേഷൻ പ്രമോട്ടറായിരിക്കുന്ന ബഹു. ജിത്തു ജോൺ ഒ.ഐ.സി അച്ചൻ ഏവർക്കും നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് ഒരു വീഡിയോ പ്രസന്റേഷനോടുകൂടി മീറ്റിംഗ് അവസാനിക്കുകയും ചെയ്തു. പരിശീലനത്തിൽ ആയിരിക്കുന്ന 22 ബ്രദേഴ്സിന്റെ ഭവനത്തിൽ നിന്ന് ഏകദേശം 60 പേര് ഈ മീറ്റിങ്ങിൽ പങ്കെടുത്തു. ബഥനി നവജീവൻ പ്രൊവിൻഷ്യൽ കൗൺസിൽ അംഗങ്ങളും മറ്റു വൈദികരും ഈ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടുകൂടി കുടുംബസംഗമം അവസാനിച്ചു.

www.malankaralibrary.com

# BVP NEWS

**Fr. Berchmans' Memorial Lecture:** BVP paid special homage to her founding father Dr. John Berchmans OIC who expired on 9th September 2018, and BVP conducted the second memorial lecture in honour of him on 26th November 2022. It was started with a Bhajan Service led by the students. The theme of the lecture was 'Growing in faith by looking at the marvels of creation.' The lecture was given by Dr. Cherian Panicker, a renowned naturalist and the author of the book 'God's Signature Tampered: A Journey from Perfection to Imperfection.' The Seminar was attended by the youth and lay people from the nearby parishes and the campus houses.

**VIth BVP InternationlColloquium:** The VIth BVP International Theological Colloquium was conducted at Bethany Ashram from 6th to 8th January 2023. The theme taken for the colloquium was **"Sainthood in the Oriental Tradition: With Reference to the Servant of God Archbishop Mar Ivanios."** There were 95 participants altogether in the colloquium. The colloquium comprised of six academic sessions with 15 scientific papers including the Key-note address and presented by resource persons and experts from different universities from India and abroad. Abstracts of the VIth BVP Colloquium were published and distributed at the venue of the Colloquium and the process is underway for the publication of the final papers of the colloquium.

**BBS Text –The Life-Giving Word:** The Malayalam Text book for the Bethany Bible Studies (BBS) was prepared and published by BVP. The theme presented for BBS 2022-2023 is "The Life based on Scripture" and the title given to the text is "The Life-Giving Word." The same text will be translated into English and will be used for the purpose of BBS in the diocese of Gurugaon-New Delhi and the diocese of Khadki-Pune during the Diwali holidays, 2023.

**ബി.വി.പി. സ്റ്റാഫ് കൺവെൻഷൻ:** 2023–'24 വർഷത്തെ ബി.വി.പി. സ്റ്റാഫ് കൺവെൻഷൻ മെയ് മാസം 29–ാം തീയതി രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ ജീവാരാം ബഥനി ആശ്രമത്തിൽവച്ച് നടന്നു. ബി.വി.പി. ഡയറക്ടർ ടൈറ്റസ് ജോൺ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ആരാധന ക്രമത്തിൽ ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് പൂർത്തിയാക്കിയ സിപ്രിയാൻ അച്ചൻ തന്റെ തീസിസിന്റെ പ്രസന്റേഷൻ ആദ്യസെഷനിൽ നടത്തി. Rites of incensing എന്നതായിരുന്നു വിഷയം. രണ്ടാം സെഷനിൽ ബി.വി.പി.യെക്കുറിച്ചുള്ള വിലയിരുത്തലും ബി.വി.പി. ഇന്റർ നാഷണൽ കൊളോക്കിയം ജോൺ ബെർക്കുമാൻസ് മെമ്മോറിയൽ ലക്ചർ, ബി.വി.പി. തിയോളജിക്കൽ ജേർണൽ, ബി.വി.എസ്, വചനസുമം എന്നീ വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. 19 ബി.വി.പി. സ്റ്റാഫ് ഇതിൽ സംബന്ധിച്ചു. രണ്ടാം സെഷന്റെ അവസാനം സമൂഹാദ്ധ്യക്ഷൻ പെരിയ ബഹു.മത്തായി കടവിൽ അച്ചൻ സമാപന സന്ദേശം നൽകി. ഇതിൽ സംബന്ധിച്ച ഏവർക്കും പൂനാ ബഥനി ആശ്രമ റെക്ടർ തോമസ് റെജി അച്ചൻ നന്ദി അർപ്പിച്ചു.

www.malankaralibrary.com

## ജീവാരാം വാർത്തകൾ

**ബഥനി ഫാമിലി മീറ്റ് ജീവാരാം ആശ്രമത്തിൽ:** ബഥനി ആശ്രമത്തിലെ നവാഭിഷിക്തരായ വൈദികർക്ക് ജീവാരാം ബഥനി ആശ്രമത്തിൽ സ്വീകരണം നല്കിയതോടൊപ്പം മാവേലിക്കര ഭാഗത്തുള്ള ബഥനിയിലെ മറ്റു വൈദികരുടെ കുടുംബങ്ങളെ കൂടെ ഉൾപ്പെടുത്തി ഒരു ബഥനി ഫാമിലി മീറ്റ് സംഘടിപ്പിക്കുകയും ചെയ്തു. 2023 ജനുവരി 23 തിങ്കളാഴ്ച ഉച്ചയ്ക്ക് അങ്ങനെ ഒരു കൂടിവരവ് ക്രമീകരിച്ചു. അതിലേക്ക് മാവേലിക്കര വൈദിക ജില്ലയിൽ നിന്നുള്ള ബഥനിയിലെ വൈദികരെയും അവരുടെ കുടുംബാംഗങ്ങളെയും ക്ഷണിക്കുകയുണ്ടായി. മാവേലിക്കര വൈദിക ജില്ലയിൽ നിന്നുള്ളവർ മാത്രം എന്ന് നിജപ്പെടുത്തിയതുകൊണ്ട് തൊട്ടടുത്തുള്ള മറ്റു പല വൈദികരുടെയും കുടുംബങ്ങളെ ഒഴിവാക്കേണ്ടി വന്നു. അന്നേ ദിവസം പ്രസ്തുത പരിപാടിയിൽ നവവൈദികരെ കൂടാതെ ക്ഷണിക്കപ്പെട്ട ബഥനി വൈദികരും അവരുടെ കുടുംബാംഗങ്ങളും തൊട്ടടുത്തുള്ള ബഥനി ആശ്രമങ്ങളിലെയും ബഥനി മഠങ്ങളിലെയും അംഗങ്ങളും ഉൾപ്പെടെ 75 പേർ പങ്കെടുത്തു. 12 മണിക്ക് ആരംഭിച്ച കൂടിവരവിൽ ജീവാരാം ആശ്രമ സുപ്പീരിയർ ഫാദർ തോമസ് പ്രശോഭ് കൊല്ലിയേലിൽ ഒ.ഐ.സി. ആമുഖവാക്കുകളും സ്വാഗതവും പറഞ്ഞു. ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ പെരിയ ബഹു.മാത്യു തിരുവാലിൽ ഒ.ഐ.സി. അച്ചൻ സന്ദേശം നൽകി. നവവൈദികർ കേക്ക് മുറിച്ചു. സമ്മാനദാനത്തിനുശേഷം ബഹു.എബ്രഹാം ചിറത്തലക്കൽ അച്ചനും നവവൈദികരെ പ്രതിനിധീകരിച്ചു ബഹു.ജിതിൻ ജോർജ് ഒ.ഐ.സി. അച്ചനും എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ എല്ലാവരും സന്തോഷം പങ്കുവച്ചു പിരിഞ്ഞു. മൺമറഞ്ഞവരും അല്ലാത്തവരും ആയ ബഥാന്യരുടെ കുടുംബാംഗങ്ങളുമായ ഇന്നത്തെ ബഥനിയെ കൂടുതൽ ഊഷ്മളമായി ബന്ധപ്പെടുത്താൻ ഇത്തരം കൂടിവരവുകൾ തുടർന്നും സംഘടിപ്പിക്കണം എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

## തപോവനം വാർത്തകൾ

**നോവിഷ്യേറ്റ് പ്രവേശനം:** 2022–'23 വർഷത്തിൽ പ്രീനോവിഷ്യേറ്റ് പരിശീലനം തപോവനം ബഥനി നോവിഷ്യേറ്റ് ആശ്രമത്തിൽ പൂർത്തിയാക്കിയ ബ്രദർ ജോൺസൺ, ബ്രദർ അക്ഷയ് എൽദോസ് എന്നിവർ 2023 മെയ്മാസം 25-ാം തീയതി നവശിഷ്യ ആശ്രമത്തിൽ വച്ചു നടന്ന പരിശുദ്ധ കുർബ്ബാനയിൽ പെരിയ ബഹു.സമൂഹാദ്ധ്യക്ഷൻ മത്തായി കടവിൽ അച്ചനിൽ നിന്നും സന്ന്യാസ വസ്ത്രം സ്വീകരിക്കുകയും നോവിഷ്യേറ്റ് പരിശീലനത്തിന് പ്രവേശിക്കുകയും ചെയ്തു. നവജീവൻ പ്രോവിൻസിനെ പ്രതിനിധീകരിച്ച് തോമസ് പ്രശാന്ത് അച്ചനും, നവജ്യോതി പ്രോവിൻസിനെ പ്രതിനിധീകരിച്ച് ജേക്കബ് ഈട്ടിത്തടത്തിൽ അച്ചനും ചടങ്ങിൽ സംബന്ധിച്ചു.

**ആദ്യവ്രതവാഗ്ദാനം:** 2022–'23 വർഷം അശോകപുരം ആശ്രമത്തിലായിരുന്ന നവശിഷ്യപദം പൂർത്തിയാക്കിയ ജോബിൻ, സിജോ, ജിജോ, സിറിൽ, ജെസിൻ, അലൻ എന്നിവർ ജൂൺമാസം മൂന്നാം തീയതി അശോകപുരം ആശ്രമത്തിൽ വച്ച് സമൂഹാദ്ധ്യക്ഷൻ പെരിയ ബഹു.മത്തായി കടവിൽ അച്ചൻ അർപ്പിച്ച ദിവ്യബലിമദ്ധ്യേ ആദ്യവ്രതവാഗ്ദാനം നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ ജോർജ്ജ് അയ്യനേത്ത് അച്ചനും മാത്യു തിരുവാലിൽ അച്ചനും ഇവരുടെ വ്രതങ്ങൾ സ്വീകരിച്ചു. ഏകദേശം 80-ഓളം ആളുകൾ ചടങ്ങിൽ സംബന്ധിച്ചു.

www.malankaralibrary.com

## ജനറലേറ്റ് വാർത്തകൾ

**ഫോർമേഷൻ മീറ്റിംഗ്:** മെയ് മാസം 29-ാം തീയതി ഉച്ചയ്ക്ക് 2.30-ന് പരിശീലനത്തിലിരിക്കുന്നവരുടെ കൂടിവരവ് നടത്തി. ഫോർമേഷൻ ജനറൽ കോ-ഓർഡിനേറ്റർ ഗീവർഗീസ് കുറ്റിയിൽ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ഇതിനുശേഷം പരിശീലന രംഗത്ത് നേതൃത്വം നല്കുന്ന 15 പേർ റിപ്പോർട്ട് അവതരിപ്പിച്ചു. ഇതേ തുടർന്ന് പൊതു ചർച്ച നടത്തി. ഇതിനുശേഷം സമൂഹാദ്ധ്യക്ഷൻ പെരിയ ബഹു.മത്തായി കടവിൽ അച്ചൻ സമാപന സന്ദേശം നൽകി. ഇതിൽ പങ്കെടുത്ത ഏവർക്കും ജോബി തോമസ് അച്ചൻ നന്ദി അർപ്പിച്ചു.

**വൊക്കേഷൻ പ്രമോട്ടേഴ്സ് മീറ്റിംഗ്:** വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് മാർച്ച് മാസം 7-ാം തീയതി ബഥനി ആശ്രമം ജനറലേറ്റിൽവച്ച് നടത്തി. ബഥനി സന്ന്യാസി സമൂഹത്തിന്റെ ഒന്നാം ജനറൽ കൗൺസിലർ റവ.സി.ലില്ലി ജോസ് ക്ലാസ് നയിച്ചു. ഇതേ തുടർന്ന് പൊതു ചർച്ച നടത്തി. 6 അംഗങ്ങൾ ഇതിൽ സംബന്ധിച്ചു.

**ധ്യാനാശ്രമ അംഗങ്ങളുടെ കൂടിവരവ്:** ധ്യാനാശ്രമങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരുടെ പ്രാർത്ഥനാ സംഗമം മാർച്ച് മാസം 13-ാം തീയതി ജീവാരാം ബഥനി ആശ്രമത്തിൽവച്ച് നടന്നു. രാവിലെ 9.30ന് ദിവ്യകാരുണ്യ ആരാധനയും അതേ തുടർന്ന് ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ ഡയറക്ടർ മേരിക്കുട്ടി ടീച്ചറിന്റെ ക്ലാസും നടത്തി. ഇതേ തുടർന്ന് പൊതുചർച്ച നടത്തി. ഈ യോഗത്തിൽ കടന്നുവന്ന ഏവർക്കും ജോബിൻ അച്ചൻ സ്വാഗതം ആശംസിക്കുകയും, ഗ്രേഷ്യസ് ബ്രദർ നന്ദി അർപ്പിക്കുകയും ചെയ്തു. ഉച്ച പ്രാർത്ഥനയോടുകൂടി സംഗമം അവസാനിച്ചു. 15 അംഗങ്ങളിൽ ഇതിൽ സംബന്ധിച്ചു.

## പൊതു വാർത്തകൾ

**വാർഷികധ്യാനം:** പരിശീലനത്തിലിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ വാർഷികധ്യാനം മെയ്മാസം 21-ാം തീയതിമുതൽ 26-ാം തീയതിവരെ ജീവാരാം ബഥനി ആശ്രമത്തിൽവച്ച് ദിവ്യകാരുണ്യ സമൂഹാംഗമായ ജോർജ് കടൂപ്പാറയിൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. 24 വൈദിക വിദ്യാർത്ഥികൾ ഇതിൽ സംബന്ധിച്ചു.

**വ്രതനവീകരണം** 2020-ൽ ആദ്യവ്രതം ചെയ്ത വൈദിക വിദ്യാർത്ഥികളായ ഏബ്രഹാം ഷിൻസ്, ജിതിൻ സാലി, തോമസ് ഷാജി, ഷിബിൻ എസ്.എസ്., ജോൺ കെ.സി. എന്നിവരുടെ വ്രതനവീകരണം മെയ്മാസം 23-ാം തീയതി ജീവാരാം ബഥനി ആശ്രമത്തിൽവച്ച് നടന്നു. പെരിയ ബഹു.ജനറാളച്ചൻ മുഖ്യകാർമ്മികനും നവജീവൻ പ്രോവിൻസിനെ പ്രതിനിധീകരിച്ച് സിറിൽ ആനന്ദ് അച്ചനും, നവജ്യോതി പ്രോവിൻസിനെ പ്രതിനിധീകരിച്ച് ഏബ്രഹാം പ്രസാദ് അച്ചനും ഇവരുടെ വ്രതം സ്വീകരിച്ചു.

**ഹെവ്പ്പദിയോക്കോനൊ:** പൂനാ ആശ്രമത്തിൽ രണ്ടാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളായ ബിബിൻ ഡേവിഡ്, വർഗീസ് എസ്., അഗസ്റ്റിൻ വി., ലിൻസൺ മാത്യു, ജിതിൻ സക്കറിയ, മാർട്ടിൻ മാത്യു, ആൽബർട്ട് ജോസഫ്, ബിബിൻദാസ് എന്നിവർ ജീവാരാം ബഥനി

www.malankaralibrary.com

ആശ്രമത്തിൽവച്ച് മെയ് മാസം 26-ാം തീയതി വൈകിട്ട് 5.00 മണിക്ക് നടത്തിയ പരിശുദ്ധ കുർബ്ബാനമദ്ധ്യേ മലങ്കരസഭയുടെ കൂരിയാ മെത്രാപ്പോലീത്താ അഭി.ആന്റണി മാർ സിൽവാനോസ് പിതാവിന്റെ തൃക്കൈകളാൽ ഹെവ്പ്പദിയോക്കോനോ പട്ടം സ്വീകരിച്ചു.

**ഡീക്കൻപട്ടം:** പൂനാ ആശ്രമത്തിൽ മൂന്നാംവർഷ വൈദിക വിദ്യാർത്ഥികളായ ഡെറിൻ ജോസ്, രഞ്ജു ഫ്രാൻസിസ്, അനൂപ് വർഗീസ് എന്നിവർ ജീവാരാം ബഥനി ആശ്രമത്തിൽവച്ച് മെയ് മാസം 27-ാം തീയതി രാവിലെ 9.00 മണിക്ക് നടത്തിയ പരിശുദ്ധ കുർബ്ബാനമദ്ധ്യേ മലങ്കരസഭയുടെ കൂരിയാ മെത്രാപ്പോലീത്താ അഭി.ആന്റണി മാർ സിൽവാനോസ് പിതാവിന്റെ തൃക്കൈകളാൽ ഡീക്കൻ പട്ടം സ്വീകരിച്ചു.

**ബ്രദേഴ്സ് സംഗമം:** വൈദിക വിദ്യാർത്ഥികളുടെ സംഗമം മെയ് മാസം 27-ാം തീയതി ഉച്ചയ്ക്ക് 3.00 മണിക്ക് ജീവാരാം ബഥനി ആശ്രമത്തിൽ വച്ച് നടന്നു. സമൂഹാദ്ധ്യക്ഷൻ മത്തായി കടവിൽ അച്ചനും പ്രൊവിൻഷ്യൽ സുപ്പീര്യേഴ്സ് മാത്യു തിരുവാലിൽ അച്ചനും ജോർജ്ജ് അയ്യനേത്ത് അച്ചനും ഫോർമേഷൻ കോ-ഓർഡിനേറ്റേഴ്സും ഇതിൽ സംബന്ധിച്ചു.

**പൊതു ആശ്രമാംഗങ്ങളുടെ കൂടിവരവ്:** പൊതു ആശ്രമങ്ങളായ അഞ്ചുമന്ദിരങ്ങളിലെ അംഗങ്ങളുടെ കൂടിവരവ് മെയ് മാസം 30-ാം തീയതി ജീവാരാം ബഥനി ആശ്രമത്തിൽവച്ച് നടത്തി. രാവിലെ 9.00 മണിക്ക് മീറ്റിംഗ് ആരംഭിച്ചു. സമൂഹാദ്ധ്യക്ഷൻ പെരിയ ബഹു.മത്തായി കടവിൽ അച്ചൻ ഏവർക്കും സ്വാഗതം ആശംസിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഇതേ തുടർന്ന് എല്ലാ ആശ്രമങ്ങളിലെയും അദ്ധ്യക്ഷന്മാർ റിപ്പോർട്ട് അവതരിപ്പിച്ചു. ഇതേ തുടർന്ന് പൊതു ചർച്ച നടത്തി. വർഗീസ് വിജയാനന്ദച്ചനും, അലൻ തോമസ് അച്ചനുമൊഴികെ മറ്റെല്ലാ അംഗങ്ങളും ഇതിൽ സംബന്ധിച്ചു. സെക്രട്ടറി ജനറൽ ജോബിൻ കുര്യാക്കോസ് അച്ചൻ ഏവർക്കും നന്ദി അർപ്പിച്ചു.

## BME 2023 മീറ്റിംഗ് സാൽസ്ബുർഗ്

യൂറോപ്പിലുള്ള ബഥാന്യരുടെ കൂടിവരവ് (BME) 2023 ഫെബ്രുവരി 12-16 വരെ ഓസ്ട്രിയായിലുള്ള സാൽസ്ബുർഗിൽവച്ചു നടന്നു. ഓസ്ട്രിയായിലുള്ള ഷൈജു മാത്യു അച്ചനും സ്ലീബാദാസ് അച്ചനും (സാൽസ്ബുർഗ്) ഇതിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. സമൂഹാദ്ധ്യക്ഷൻ മത്തായി കടവിൽ അച്ചനും നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ ജോർജ്ജ് അയ്യനേത്ത് അച്ചനും, യൂറോപ്പിലുള്ള 16 അംഗങ്ങളും ഇതിൽ സംബന്ധിച്ചു. BME കോ-ഓർഡിനേറ്റർ പോൾ മാത്യു അച്ചൻ 12-ാം തീയതി വൈകിട്ട് കടന്നുവന്നവർക്കെല്ലാം സ്വാഗതം ആശംസിച്ചു.

13-ാം തീയതി തിങ്കളാഴ്ച ധ്യാനദിവസമായി ആചരിച്ചു. അന്നേദിവസം ചങ്ങനാശേരി രൂപതാംഗം ജോസഫ് തോമസ് പത്തിലച്ചൻ ധ്യാനസന്ദേശങ്ങൾ നല്കി. വൈകിട്ട് മത്തായി കടവിലച്ചന്റെ നേതൃത്വത്തിൽ നടത്തിയ ദിവ്യബലിയോടുകൂടി ധ്യാനം സമാപിച്ചു.

www.malankaralibrary.com

14-ാം തീയതി ചൊവ്വാഴ്ച നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ ജോർജ്ജ് അയ്യനേത്ത് അച്ചന്റെ മുഖ്യകാർമികത്വത്തിൽ വി.കുർബാന അർപ്പിച്ചു. 'യൂറോപ്പിലുള്ള ബഥാന്യരുടെ ഉപരിപഠനം' എന്ന വിഷയം ആസ്പദമാക്കി നടത്തിയ ഒന്നാം സെഷൻ ജോസഫ് സിപ്രിയാൻ അച്ചൻ മോഡറേറ്റ് ചെയ്തു. പഠനത്തിലായിരിക്കുന്ന ആറ് അംഗങ്ങൾ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. 'യൂറോപ്പിലെ ബഥാന്യരുടെ അജപാലനശുശ്രൂഷ' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ രണ്ടാം സെഷൻ ജോർജ് അഭയാനന്ദച്ചൻ മോഡറേറ്റ് ചെയ്തു. അജപാലന ശുശ്രൂഷ നടത്തുന്ന പത്ത് വൈദികർ അവരുടെ അനുഭവങ്ങളും വെല്ലുവിളികളും പങ്കുവച്ചു. രണ്ടാം സെഷന്റെ അവസാനം സാൽസ്ബുർഗ് അതിരൂപതാ സഹായമെത്രാൻ ഹാൻസ്യൂർഗ് ഓഫർ BME അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. അംഗങ്ങളെ സന്ദർശിച്ച് സന്ദേശം നല്കി. ബഥനി സന്ന്യാസി സമൂഹം യൂറോപ്യൻ സഭയ്ക്കു ചെയ്യുന്ന നന്മകളെ അദ്ദേഹം അഭിനന്ദിച്ച് സംസാരിച്ചു. അജപാലനശുശ്രൂഷയിൽ മുഴുകിയിരിക്കുന്ന വൈദികർ ദൈവജനവുമായി വ്യക്തിപരമായ സ്നേഹബന്ധം പുലർത്തണമെന്നും ഈ ബന്ധത്തിലൂടെ മാത്രമേ അജപാലനശുശ്രൂഷ ശക്തമാക്കാൻ സാധിക്കുകയുള്ളുവെന്നും അദ്ദേഹം എടുത്തുപറഞ്ഞു. ജോർജ്ജ് അയ്യനേത്ത് അച്ചൻ ഓഫർ പിതാവിന് നന്ദി അർപ്പിച്ച് സംസാരിച്ചു.

ഉച്ചപ്രാർത്ഥനയ്ക്കും ഉച്ചഭക്ഷണത്തിനുംശേഷം നടത്തിയ മൂന്നാം സെഷൻ പെരിയ ബഹു.മത്തായി കടവിൽ അച്ചൻ മോഡറേറ്റ് ചെയ്തു. 2012 മുതൽ 2021 വരെ BME കോ-ഓർഡിനേറ്ററായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ജോൺ ഇലവിനാംകുഴിയിൽ അച്ചന് ഈ മീറ്റിംഗിൽ പങ്കെടുക്കാൻ സാധിച്ചില്ലെങ്കിലും അദ്ദേഹത്തെ അഭിനന്ദിച്ച് കോ-ഓർഡിനേറ്റർ പോൾ മാത്യു അച്ചൻ സംസാരിക്കുകയും നന്ദിയോടെ അനുസ്മരിക്കുകയും ചെയ്തു. ഇതേ തുടർന്ന് ജനറാളച്ചൻ 2009 മുതൽ ആരംഭിച്ച BME-യുടെ ഉത്ഭവത്തെക്കുറിച്ചും കോ-ഓർഡിനേറ്ററിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചും ഓൺലൈൻ ഓഫ്ലൈൻ മീറ്റിംഗുകൾ നടത്തുന്നതിന്റെ സാംഗത്യത്തെക്കുറിച്ചും സംസാരിച്ചു.

2023-ലെ വാർഷികധ്യാനം ജർമ്മനിയിലെ ഉൻകലിൽവച്ച് ജൂൺമാസം 25-30 വരെ നടത്തുവാൻ തീരുമാനിച്ചു. BME കൂടിവരവുകൾ മെച്ചപ്പെടുത്തുവാനുള്ള സാദ്ധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഗീവർഗീസ് പാലവിള, പോൾ മാത്യു, ജോർജ്ജ് മാത്യു എന്നിവരുടെ കമ്മിറ്റി രൂപീകരിച്ചു. അടുത്ത BME മീറ്റിംഗ് സ്വിറ്റ്സർലണ്ടിൽവച്ച് നടത്തുവാനുള്ള സാദ്ധ്യത ആരായണമെന്ന് തീരുമാനിച്ചു.

15-ാം തീയതി ബുധനാഴ്ച സിപ്രിയാനച്ചന്റെ മുഖ്യകാർമികത്വത്തിൽ വി.കുർബാന അർപ്പിച്ചു. അതിനുശേഷം എല്ലാവരും സാൽസ്ബുർഗ് നഗരം സന്ദർശിച്ചു. 16-ാം തീയതി കുര്യാക്കോസ് അച്ചൻ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികൻ ആയിരുന്നു. ജോർജ്ജ് വർഗീസ് അച്ചൻ ഈ കൂടിവരവ് ഏറ്റവും നല്ല രീതിയിൽ സംഘടിപ്പിച്ച ഷൈജു അച്ചനും സ്ലീബാദാസ് അച്ചനും നന്ദി അർപ്പിച്ചു. ■

www.malankaralibrary.com

# പരിണാമം

ഫാ. ജോസഫ് മേനാക്കളീക്കൽ ഒ.ഐ.സി.

ഇന്നലെയെൻ അമ്മ മരിച്ചു
ഇന്നെൻ അപ്പൻ മരിച്ചു
നാളെ ഞാനും മരിച്ചീടും നിശ്ചയം
എന്തിനീ ജീവിതം ഇങ്ങനെയീ ജീവിതം
വെറും തുടർക്കഥ മാത്രമോ
ചിന്തിച്ച് വിവശനായീടുന്നു ഞാൻ
തേടിയിറങ്ങി ഞാനീ
സത്യത്തിൻ പൊരുളറിയാൻ
എത്തി ഞാനീ ഡാർവിൻ
പരിണാമ സിദ്ധാന്തത്തിൽ
മാറുന്നിവിടെയൊന്നിൽ
നിന്നൊന്നായി, പിന്നെ-
യതിൽ നിന്ന് മറ്റൊന്നായി മാറി-
ടുമിങ്ങനെ മനുഷ്യനായ്
പൂവായ് കായായ് ചെടിയായി
വീണ്ടും പൂവായ് ചെടിയായി
കായായ് കാലചക്രം തിരിയവേ
ചിന്താധീനനായ് എവിടെ പരിണാമ സിദ്ധാന്തം?
കഴിക്കുന്നു ജനങ്ങൾ ദിനങ്ങൾ
ഉറങ്ങിയും ഉണർന്നും വീണ്ടും ഉറങ്ങിയും ഉണർന്നും
വീണ്ടും നിദ്രാദീനനായി ഞാൻ ഇവിടെയീ പരിണാമം
വെള്ളിയും വെള്ളിക്കോലും തമ്മിൽ എന്തു ബന്ധം
വെള്ളിക്കോലും വെള്ളിയാഴ്ചയും തമ്മിൽ എന്തു ബന്ധം
മിന്നുന്നതെല്ലാം പൊന്നല്ല അറിയുന്നില്ലിത് എന്തുകഷ്ടം

ഇല്ലസത്യമിതിൽ ഇല്ലില്ലസത്യമിതിൽ
വീണ്ടും കറങ്ങിയെത്തി പുരാണങ്ങളിൽ
ഐതിഹാസങ്ങളിൽ
കള്ളനെ കൊല്ലുവാൻ അവതാരം ചെയ്യുന്നു
പിന്നെ കേമനായി വിലസിടുന്നു
ദൈവമായി വീണ്ടും കുഴങ്ങിടുന്നു ഞാൻ
എന്തിനീ സത്യവാനാം മഹാബലിയെ
വന്നുകൊലചെയ്തു വാമനൻ
ഭാര്യയും ഭർത്താവുമായിട്ടുള്ളോരു സന്തുഷ്ട ജീവിതം
പങ്കിട്ടുള്ളോരു പൈതൽ കണക്കേ
തമ്പുരാൻ സൃഷ്ടിച്ചു വിണ്ണിലാക്കി മണ്ണിന്റെ
തന്നെ കണ്ടെത്തുവാനും പിന്നെ
സന്തുഷ്ടി പങ്കിട്ട്
തന്നിലൊന്നായിത് തീരുവാനും
ഹേയിതെന്തു ഭാഗ്യമേ ഭാഗ്യം
അറിഞ്ഞു ഞാനിപ്പോൾ
വെറതെല്ലീ ജീവിതം
വിണ്ണിലവസാനിക്കയില്ലീ ജീവിതം
ഇല്ല നശിച്ചില്ലെന്നമ്മ
ഇല്ല നശിച്ചില്ലെന്നപ്പാ
ഇല്ല മരിക്കില്ല ഞാനുമീ ഭൂവിൽ
മരിച്ചാലുംചേരുമെൻ പ്രിയനരികിൽ
ധന്യമാം നാം എത്ര ഭാഗ്യവാന്മാർ

www.malankaralibrary.com

# SILVER JUBILEE YEAR 22/06/2023-22/06/2024



www.malankaralibrary.com




BROTHERS SANGAMAM AT JEEVARAM



VOWS RENEWAL

www.malankaralibrary.com





